Vol. 46, Issue 04, April 2024 Date of Publication : 15 April 2024
Place of Publication : Ernakulam. RNI No. KER/MAL/29523/78

# താലന്ത്


## A Journal For Adult Catechesis



# POC PUBLICATIONS

Palarivattom (The Official Publishing House of KCBC)







*For more informations:*


**PASTORAL ORIENTATION CENTRE**
Secretariat, Kerala Catholic Bishops' Council, Palarivattom, Kochi - 682 025, Kerala, India
Ph: +91484 2805722, 2805815. E-mail: pocpublications@gmail.com


## POC Publications

| Name of Book | Price | Name of Book | Price |
|---|---|---|---|
| ഞാൻ അതിയായി ആശിച്ചു | 70/- | വിശ്വാസത്തിന്റെ വാതിൽ | 25/- |
| ദൈവത്തെ സ്തുതിക്കുവിൻ | 80/- | സെന്റ് ജോസഫ് | 120/- |
| ഇതാണ് ദൈവാശ്രയബോധം | 70/- | ദളിത് ശക്തീകരണ പോളിസി | 40/- |
| രണ്ടാം വത്തിക്കാൻ | | വാർദ്ധക്യത്തിന്റെ മഹത്വം | 15/- |
| കൗൺസിൽ പ്രമാണരേഖകൾ | 300/- | സമർപ്പിതർ സഭയിൽ | 250/- |
| ഫ്രത്തെല്ലി തൂത്തിയുടെ | | സുവിശേഷം പ്രസംഗിക്കുവിൻ | 150/- |
| വിശ്വസാഹോദര്യ പാഠങ്ങൾ | 100/- | അല്മായ വിശ്വാസികൾ | 130/- |
| ഫ്രത്തെല്ലി തൂത്തി | 180/- | വിശ്വാസവും യുക്തിയും | 40/- |
| YOUCAT | 300/- | യുവജനം, വിശ്വാസം | |
| കത്തോലിക്കാ സഭയുടെ | | വിളിസംബന്ധമായ വിവേചിച്ചറിയൽ | 30/- |
| മതബോധനഗ്രന്ഥം | 370/- | നിങ്ങൾക്ക് ഞാൻ അജപാലകരെ | |
| Laudato si | 80/- | നല്കും | 70/- |
| The Joy of Love | 120/- | വൈദികരും മൂന്നാം ക്രൈസ്തവ | |
| കർത്താവേ അങ്ങേയ്ക്കു സ്തുതി | 120/- | സഹസ്രാബ്ദവും | 15/- |
| ദൈവം സ്നേഹമാകുന്നു | 40/- | ക്രൈസ്തവ വിശ്വാസവും | |
| ഏഷ്യയിലെ സഭ | 45/- | യോഗചര്യയും | 30/- |
| മരിയൻ പ്രബോധനങ്ങൾ | 250/- | കത്തോലിക്കാ വിശ്വാസ സംഗ്രഹം | 30/- |
| സഭയുടെ സാമൂഹിക പ്രബോധനം | 200/- | ജെൻഡർ പോളിസി | 50/- |
| ബന്ധിതർക്കു മോചനം | 250/- | ദിവ്യകാരുണ്യ വീഥിയിൽ | 60/- |
| അൾത്താര ശുശ്രൂഷകർ | 200/- | KCBC Guidlines to deal with sexual | |
| പ്രത്യാശയിൽ രക്ഷ | 40/- | harassment at work place | 30/- |
| സുവിശേഷവത്ക്കരണ | | KCBC Guidelines for safe Environment | |
| സാഹചര്യത്തിൽ കുടുംബങ്ങളെ | | programme for Church personnel | 10/- |
| സംബന്ധിച്ച അജപാലന | | ഭാരതത്തിലെ കത്തോലിക്ക | |
| ശുശ്രൂഷ നേരിടുന്ന വെല്ലുവിളികൾ | 50/- | വിദ്യാലയങ്ങൾക്ക് ഒരു അജപാലന | |
| ക്രിസ്തീയ ധാർമ്മികത | 120/- | പദ്ധതി | 10/- |
| ക്രൈസ്തവ ശബ്ദകോശം | 190/- | ഭർതൃഹരിയുടെ നീതിശതകം | 50/- |
| ക്രൈസ്തവ വിജ്ഞാനീയം | 150/- | പഠനബൈബിൾ | 600/- |
| ജ്ഞാനസ്നാനം നൽകപ്പെട്ട് | | Ordinary Bible | 260/- |
| അയയ്ക്കപ്പെട്ടവർ | 120/- | Bigfont Bible | 485/- |
| കത്തോലിക്കാ സഭയുടെ | | Gift Bible (Deluxe zip cover) | 750/- |
| മതബോധനഗ്രന്ഥം-സംക്ഷേപം | 180/- | Pocket Bible New Testament | 100/- |

# താളുകളിലൂടെ...........


| | | |
|---|---|---|
| | എഡിറ്റോറിയൽ | 5 |
| 1. | പ്രേഷിതശിഷ്യത്വവും വിശ്വാസപരിശീലനവും<br>**ഫാ. ഡോ. ജോയ് പുത്തൻവീട്ടിൽ** | 6 - 25 |
| 2. | ഭൂമി സംരക്ഷണ ആപത് സൂചക ധ്വനി "ലൗദാത്തേ ദേവും"<br>**ഫാ. ഡോ. ജേക്കബ് പ്രസാദ്** | 26 - 34 |
| 3. | കർത്താവേ, ഞങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കുക. (ലൂക്കാ 11 : 1)<br>**ബ്രദർ തോമസ് പോൾ കൊടിയൻ** | 35 - 43 |
| 4. | സിനഡാത്മകതയും സഭാജീവിതവും<br>**ബ്രദർ റൂബൻ വെൻസസ് പള്ളിപ്പറമ്പിൽ** | 44 - 51 |
| 5. | പാപസർപ്പപിശാചിന്റെ തല തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ<br>**എം. കോഴിമണ്ണിൽ** | 52 - 53 |
| 6. | വിശ്വാസജീവിതം<br>**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി** | 54 |
| 7. | ചെറുകഥ - യാക്കോബിന്റെ കിണർ<br>**ജോസ് മാത്യു** | 53 - 59 |
| 8. | ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ | 60 - 64 |
| 9. | വാർത്തകൾ | 65 |
| 10. | സമീക്ഷകൻ<br>**ആന്റണി ചടയംമുറി** | 66 |

# Talent Magazine

**Monthly**

**A Journal For**
**Adult Catechesis**
**From The Secretariat**
**of KCBC, POC.**

**Volume : 46, Issue No. 04**

April 2024

Place of Publication : Ernakulam
RNI No. KER/MAL/29523/78



| | | |
|---|---|---|
| **Chief Editor** | : | Rev. Fr. Tony Kozhimannil |
| **Managing Editor** | : | Rev. Fr. Jacob G. Palackappilly |
| **Consulting Editor** | : | Rev. Fr. Michael Pulickal CMI |
| **Associate Editor** | : | Mr. Antony Chadayammuri |
| **Editorial Board** | : | Rev. Fr. Stephen Thomas Chalakara |
| | | Rev. Dr. Abraham Irimbinikal |
| | | Rev. Dr. Joju Kokkatt |
| | | Prof. K.M. Francis |
| | | Dr. Edward Edezhath |
| | | Chev. Dr. Premus Perinchery |
| | | Dr. Nycil Romis Thomas |
| **Circulation Manager** | : | Rev. Sr. Solly Chacko DCPB |
| **Design & Layout** | : | Mrs. Ambily Jose |



**Talent Publication Society**
P.O.C., Palarivattom, Kochi - 682 025
Mob: 944 744 1109, 999 543 3367, Email : thalenthu@gmail.com

എഡിറ്റോറിയൽ

# മതബോധനം: വിശ്വാസത്തിന്റെ പഠനവും പരിശീലനവും അനുഭവമാകണം




**ഫാ. ടോണി കോഴിമണ്ണിൽ**
ചീഫ് എഡിറ്റർ

ഇന്നത്തെ മതബോധനത്തിൽ, വിശ്വാസത്തിന്റെ പഠനവും പരിശീലനവും അനുഭവതലത്തിലേക്ക് വളരേണ്ടതുണ്ട്. ക്രിസ്തുവിനെയും അവിടുത്തെ കരുണയുടെയും സ്നേഹത്തിന്റെയും മുഖമാണ് കുട്ടികളുടെ മുമ്പിൽ വരച്ചു കാണിച്ചു കൊടുക്കേണ്ടത്. അവാർഡുകളും പരീക്ഷകളും വെറും അക്കാദമിക ക്രമീകരണമായി വിശ്വാസ പരിശീലനം വഴി മാറിക്കൊണ്ടിരിക്കുന്നു. വിശ്വാസം പകരുന്ന അനുഭവമായി മതബോധനം മാറേണ്ടതുണ്ട്. നിസ്വാർഥരായ വിശ്വാസ പരിശീലകരാണ് സഭയുടെ സ്വത്ത്. അവർക്കു കൂടുതൽ കാലോചിതമായ അറിവും, പരിശീലനവും നല്കുവാൻ നമുക്ക് ആവുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്. വചനകേന്ദ്രീകൃതമായ വിശ്വാസപരിശീലനം ക്രിസ്തുവിനെ അറിയാൻ ഏറെ സഹായകമാണ്. വചനത്തിലൂടെ ക്രിസത്ുവിനെ സ്വന്തമാക്കണം. നിരന്തരമായ വചനത്തിന്റെ വായനയിലൂടെ ഇതു സാധ്യമാക്കാൻ കുഞ്ഞുങ്ങൾക്കു കഴിയണം. നമ്മുടെ എല്ലാ പ്രശ്നങ്ങളിലും അവിടുന്ന് തക്കസമയത്ത് ഇടപെടുന്നതിനുള്ള ബോധ്യം നല്കാൻ നമുക്ക് സാധിക്കണം. ഭൗതിക അറിവിനേക്കാൾ യഥാർത്ഥ ക്രൈസ്തവ ജീവിതം നയിക്കാൻ പ്രാപ്തരാക്കുന്ന രീതിയിലേക്ക് വിശ്വാസപരിശീലന രീതികൾ മാറണം. ക്രൈസ്തവ ജീവിതത്തിന്റെ നേർസാക്ഷ്യമാകണം യഥാർത്ഥ വിശ്വാസപരിശീലനം. പഴയ തലമുറയിലുള്ളവർ അറിവിന്റെ തലത്തിൽ പിന്നിലായിരുന്നെങ്കിലും വിശ്വാസ സാക്ഷ്യത്തിന്റെ കാര്യത്തിൽ ഏറെ മുന്നിലായിരുന്നു. വിശ്വാസജീവിതം ജീവിതത്തിന്റെ സമസ്ത മേഖലയിലും പ്രതിഫലിക്കുന്നു. കുടുംബപ്രാർത്ഥനയും മറ്റ് ആദ്ധ്യാത്മിക അഭ്യാസങ്ങളും വിശ്വാസത്തിന്റെ ജീവിക്കുന്ന അനുഭവങ്ങളായി മാറണം. പാഠ്യപദ്ധതികൾ പരിഷ്കരിക്കുന്നതിലുപരി വരും തലമുറയ്ക്ക് അനുകരണീയമായ മാതൃകയായി നാം മാറണം.

*

# പ്രേഷിതശിഷ്യത്വവും വിശ്വാസപരിശീലനവും





**ഫാ. ഡോ. ജോയ് പുത്തൻവീട്ടിൽ**

### ആമുഖം

ത്രിതൈ്വകദൈവത്തിലും അവിടന്നു നിരന്തരം നിർവഹിച്ചു കൊണ്ടിരിക്കുന്ന ദൗത്യ (HIS Mission) ത്തിലുമുള്ള വിശ്വാസം ഒരു വ്യക്തിക്കോ കുടുംബത്തിനോ ഒരു സമൂഹത്തിനു തന്നെയോ പ്രബോധനംകൊണ്ടും വിവിധതലങ്ങളിലുള്ള അനുഭവം പകർന്നും നിരന്തരം കൈമാറുന്ന പരിശീലന പ്രക്രിയയാണ് ഏറ്റവും വിശാലാർത്ഥത്തിൽ വിശ്വാസപരിശീലനം എന്നത്.[1] പ്രപഞ്ച-മനുഷ്യ സൃഷ്ടികളുടെയും പുന:സൃഷ്ടിയുടെയും ദൗത്യങ്ങ (Missions)ളുടെ സനാതനസ്രോതസ്സ് ത്രിതൈ്വക ദൈവം ആയതിനാൽ അവിടന്നിലുള്ള വിശ്വാസത്തിന്റെ രൂപീകരണം വഴി രൂപാന്തരീകരണം പ്രാപിക്കുന്ന എതൊരു വ്യക്തിക്കോ കുടുംബത്തിനോ ഒരു സമൂഹത്തിനു തന്നെയോ മിഷനറിയാകാതിരിക്കാനാവില്ല. അതിനാൽ, പ്രേഷിതശിഷ്യത്വ (missionary discipleship) ത്തിലുള്ള ഒരാളുടെ വളർച്ചയാണ് വിശ്വാസ പരിശീലനപ്രക്രിയയുടെ ഫലപ്രാപ്തി നിർണയിക്കുന്ന പ്രഥമ മാനദണ്ഡം എന്നുപറയാം. ഈ ബോധ്യത്തിലേയ്ക്ക് നയിക്കാനിടയുള്ള ദൈവശാസ്ത്ര-തിരുവചന-സഭാപ്രബോധനം വഴി പരിചയപ്പെടുത്തുകയും പ്രേഷിതശിഷ്യത്വം ഉറപ്പുവരുത്താനുതകുന്ന വിശ്വാസപരി

ശീലന രീതികളിൽ ചിലവ നിർദേശിക്കുകയുമാണ് ഈ ലേഖനത്തിലൂടെ നിർവഹിക്കുന്നത്.

## 1. ഏറ്റവും പ്രഥമ മിഷൻ പിറന്നത് പരിശുദ്ധ ത്രിത്വത്തിന്റെ ഹൃദയത്തിൽ

പ്രപഞ്ചസൃഷ്ടിയാകുന്ന മിഷൻ നിർവഹിച്ചത് പരിശുദ്ധ ത്രിത്വമാണ്. കാരണം, ഉൽപ 1,1 മുതലുള്ള വാക്യങ്ങളിൽ ദൈവപിതാവും അവിടത്തെ ക്രിയാത്മകവചനവും സൃഷ്ടിചൈതന്യമായ പരിശുദ്ധാത്മാവും സൃഷ്ടിദൗത്യത്തിൽ സജീവരാണ് എന്നതാണ്. ഉൽപ 1,26-ൽ നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം എന്ന തിരുവചനം വെളിപ്പെടുത്തുന്നത് മനുഷ്യസൃഷ്ടിയെന്ന അനന്യമിഷനിലും പരിശുദ്ധത്രിത്വം സജീവമാണെന്നാണ്. മനുഷ്യരാശിയെയും അതുവഴി പ്രപഞ്ചത്തെ മുഴുവനെയും പുന:സൃഷ്ടി ചെയ്യുന്ന മിഷൻ നിർവഹിക്കുന്നതും പരിശുദ്ധ ത്രിത്വം തന്നെയാണെന്ന് യോഹ 1:1.14-ൽ നമുക്ക് വെളിപ്പെട്ട് കിട്ടുന്നുണ്ട്: *ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം.*

യോഹ 20.21-23 പ്രകാരം യേശുവിൽ എന്നന്നേയ്ക്കുമായി ഉദ്ഘാടനം ചെയ്യപ്പെട്ട പുന:സൃഷ്ടിയുടെ മിഷൻ തന്റെ സഭയിൽ തുടരുന്നതിന് ആ മിഷൻ അപ്പോസ്തലഗണത്തെ ഭരമേൽപിക്കുന്ന കർത്തവ്യനിർവഹണത്തിലും പരിശുദ്ധത്രിത്വം സജീവമാണ്: ***യേശു*** *വീണ്ടും അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം!* ***പിതാവ്*** *എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞുകൊണ്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ* ***പരിശുദ്ധാത്മാവിനെ*** *സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും.*

## 2. പരിശുദ്ധത്രിത്വത്തിലെ മൂന്നാളുകളും സ്വഭാവത്തിൽത്തന്നെ മിഷനറിമാർ

പരിശുദ്ധത്രിത്വത്തിലെ ഓരോ വ്യക്തിയുടെയും സ്വഭാവം മറ്റിരുവരുമായുള്ള സമ്പൂർണസംസർഗം (Perfect Communion) ആണ്. അവർ ഓരോരുത്തരും നിത്യമായി നിലനില്ക്കുന്നതുതന്നെ മറ്റിരുവരുമായുള്ള സത്താപരമായ ഒരുമയിലും സംസർഗത്തിലുമാണ്. (യോഹ 17,21-23 കാണുക). ഇത് മിഷനറി സ്വഭാവത്തിന്റെ ഉദാത്ത മാതൃകയാണ്. കാരണം, മൂവരും സത്താപരമായി ഒന്നായിരിക്കുക എന്നത് ഓരോരുത്തരും അപരനിലേയ്ക്ക് സമ്പൂർണമായും സത്താപരമായും ഇറങ്ങിച്ചെല്ലുന്നു അഥവാ സ്വയം അയയ്ക്കപ്പെടുന്നു എന്നുതന്നെയാണ്. ഇപ്രകാരമായിരിക്കുന്ന പരിശുദ്ധത്രിത്വത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഓരോ മനുഷ്യനും സ്വഭാവത്താലെതന്നെ സൃഷ്ടിപരവും പുനഃസൃഷ്ടിപരവുമായ തലങ്ങളിൽ സംസർഗത്തിന്റെയും അപരനിലേയ്ക്കുള്ള ഇറങ്ങിത്തിരിക്കലിന്റെയും സ്വയം അയയ്ക്കപ്പെടലിന്റെയും ജീവിതം, ത്രിത്വൈകദൈവം ക്രിസ്തുവിലൂടെ വെളിപ്പെടുത്തിയ ഉപവി പരിശീലിച്ചുകൊണ്ട് **(Jn 3,16; 1Jn 3,16)**, നയിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു; അയയ്ക്കപ്പെട്ടിരിക്കുന്നു.

## 3. യേശു അതിശ്രേഷ്ഠമിഷനറി (The Missionary Par Excellence)

പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെയാളായ യേശുക്രിസ്തു എക്കാലത്തെയും പ്രഥമനും അനന്യനുമായ അതിശ്രേഷ്ഠ മിഷനറിയാണ്. യോഹ 9,7-ൽ യേശു അന്ധനോടു പറയുന്ന വാക്കുകളിൽ ഇക്കാര്യം നമുക്ക് വെളിപ്പെട്ടുകിട്ടുന്നുണ്ട്: നീ പോയി **സീലോഹാ - അയയ്ക്കപ്പെട്ടവൻ** എന്നർത്ഥം - **കുളത്തിൽ** കഴുകുക. അവൻ പോയി **കഴുകി, കാഴ്ചയുള്ളവനായി** തിരിച്ചുവന്നു. ഈ അന്ധൻ പേരില്ലാത്തയാളായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ പ്രപഞ്ചത്തിലെ ഏതു കാലത്തെയും ഏതു മനുഷ്യന്റെയും സാധ്യതയാണെന്നു ചുരുക്കം. അയാളോട് യേശു പറയുന്നത്, കാഴ്ച ലഭിക്കാൻ, അയയ്ക്കപ്പെട്ടവനാകുന്ന കുളത്തിൽ കഴുകണമെന്നാണ്. ഇവിടെ കാഴ്ചയും/പ്രകാശവും (5-ാം വാക്യവും 12,46. 8,12 എന്നിവ കാണുക) കുളവും അതിലെ ജലവും അയയ്ക്കപ്പെട്ടവനും യേശു

വാകുന്ന ഏക വ്യക്തിയിൽ സമഞ്ജസമായി സമ്മേളിക്കുന്നു. ആരാണ് ഈ അയയ്ക്കപ്പെട്ടവൻ? യോഹ 3,16.17; 4,34; 5,23.24.30,36.37.38; 6,38.39.44.57; 7,16.18.28.29; 8,16.18.28. 29.43; 9,4 എന്നീ വാക്യങ്ങളിൽ താൻ ദൈവപിതാവിനാൽ അയയ്ക്കപ്പെട്ടവനാണെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചശേഷമാണ് യോഹ 9, 7-ൽ അയയ്ക്കപ്പെട്ടവനിൽ കഴുകണമെന്ന് ആഹ്വാനം ചെയ്യുന്നത്. അയയ്ക്കപ്പെട്ടവനിൽ കഴുകപ്പെട്ട്, കാഴ്ചയുള്ള അയയ്ക്കപ്പെട്ടവനായിത്തീർന്ന് അയാൾ സാക്ഷ്യം വഹിക്കുന്ന രംഗമാണ് സുവിശേഷത്തിൽ തുടർന്ന് നമ്മൾ വായിക്കുന്നത്. അങ്ങനെ, എല്ലാ അർത്ഥത്തിലും യേശു എക്കാലത്തെയും പ്രഥമനും അനന്യനുമായ അതിശ്രേഷ്ഠ മിഷനറിയാണ് എന്നും അവിടന്നിൽ ജ്ഞാനസ്നാനം സ്വീകരിച്ച് അഥവാ കഴുകപ്പെട്ട് രക്ഷ (കാഴ്ച) അനുഭവിക്കുന്നവർ സ്വഭാവത്താലെ മിഷനറിമാർ (അയയ്ക്കപ്പെടുന്നവർ) ആണെന്നും സാരം.

യോഹ 17, 21.22.23.25.26 വെളിപ്പെടുത്തുന്ന സത്യം, പരിശുദ്ധത്രിത്വത്തിന്റെ സത്താപരമായ ഒരുമയും സംസർഗവും ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹത്തിൽ അനുഭവവേദ്യമാകണമെന്നും അതുവഴിയാണ് ലോകം യഥാർത്ഥ അയയ്ക്കപ്പെട്ടവൻ യേശുവാണെന്ന് തിരിച്ചറിയേണ്ടതെന്നും യേശുവിന് നിർബന്ധമുണ്ട് എന്നുമാണ്. അപരനിലേയ്ക്ക് അയയ്ക്കപ്പെടുന്ന മിഷനറി സ്വഭാവം സഭയുടെ സത്താപരമായ ദിവ്യരഹസ്യമാണെന്നുതന്നെയാണ് ഈ തിരുവചനത്തിലൂടെ യേശു വെളിപ്പെടുത്തുന്നത്.

യോഹ 20,21; മത്താ 28,19-20 തന്നെത്തന്നെ പിതാവിനാൽ അയയ്ക്കപ്പെട്ടവനായി കണ്ട യേശു ഒടുവിൽ തന്റെ അപ്പോസ്തലന്മാരെയും അയയ്ക്കപ്പെട്ടവരാക്കുന്നു. അയയ്ക്കപ്പെടാനല്ലായിരുന്നുവെങ്കിൽ വിളിക്കപ്പെടില്ലായിരുന്നു എന്നുതന്നെ വിവക്ഷ. പ്രേഷിതത്വം നിഷേധിക്കുന്നത് ശിഷ്യത്വത്തിന്റെ അസ്തിത്വം നിഷേധിക്കലാണെന്നു ചുരുക്കിപ്പറയാനാവും. *ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം* (1 കോറി 9,16) എന്ന് പൗലോസ് പറയുന്നത് ഇതിനാലാണ്.

## 4. ക്രിസ്തുവിന്റെ പുരോഹിതൻ ജനമദ്ധ്യേ വസിക്കാൻ അയയ്ക്കപ്പെട്ടിരിക്കുന്നവൻ

പരിശുദ്ധത്രിത്വത്തിന്റെ ഒരുമയും സംസർഗവും സമൂഹത്തിൽ സൃഷ് ടിക്കാൻ ജനമദ്ധ്യത്തിലേയ്ക്ക് അയയ്ക്കപ്പെട്ടിരിക്കുന്നവനാണ് ക്രിസ്തുവിന്റെ പുരോഹിതൻ. ഹെബ്രാ 8,6; 9,15; 12,24 മദ്ധ്യസ്ഥൻ എന്ന പദവി യേശുവിന് മൂന്നുതവണ നൽകുന്നുണ്ട്. പുരോഹിതൻ എന്ന പദവും മദ്ധ്യസ്ഥൻ എന്ന പദവും ഒന്നു മറ്റൊന്നിന് പകരം വയ്ക്കാവുന്ന തരത്തിലും ഒന്ന് മറ്റൊന്നിൽ സത്താപരമായി ഉൾച്ചേർന്നിരിക്കുന്ന ഒന്നാണെന്നു തോന്നുംവിധവും ഉപയോഗിച്ചു കാണുന്നു. ഇതിൽനിന്നും മാദ്ധ്യസ്ഥ്യം വഹിക്കുക എന്നത് പൗരോഹിത്യത്തിന്റെ ഏറ്റവും കാതലായ ലക്ഷണമാണെന്ന് മനസ്സിലാക്കാനാവും. മറ്റുവാക്കിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ പാദാന്തികത്തിൽനിന്ന് ജനങ്ങളുടെ നടുവിലേയ്ക്ക് അയയ്ക്കപ്പെട്ടവനാണ് പുരോഹിതൻ. ദൈവത്തോടൊപ്പവും ദൈവം തന്നെയുമായിരുന്നവൻ ദൈവത്തിന്റെയും മനുഷ്യരുടെയും അനന്യമദ്ധ്യസ്ഥനാകാൻ മനുഷ്യനായിത്തീർന്ന് മനുഷ്യരുടെ മദ്ധ്യേ വസിക്കേണ്ടിവന്നു; കുരിശോളം ശൂന്യനാകേണ്ടിവന്നു (ഫിലി 2,6–11). മഹാപുരോഹിതനായ യേശുക്രിസ്തുവിനെ ജനമദ്ധ്യേ സന്നിഹിതനാക്കുന്നവനാണ് പുരോഹിതൻ എന്നിരിയ്ക്കെ ജനങ്ങളുടെ മദ്ധ്യത്തിലേയ്ക്ക് അയയ്ക്കപ്പെട്ടവനാകാതെ അദ്ദേഹത്തിന് ക്രിസ്തുവിന്റെ ശക്തനായ പുരോഹിതനായിരിക്കാനാവില്ല. മിഷനറിയാകാതെ ജനങ്ങളിൽ നിന്നകന്നിരിക്കുന്ന (സ്റ്റേഷനറി) പുരോഹിതൻ തന്റെ പൗരോഹിത്യ അസ്തിത്വത്തെത്തന്നെ നിഷേധിക്കുകയാണ്.

## 5. സഭ സ്വഭാവത്താലെ പ്രേഷിതയാണ്

അവൻ നിലംപതിച്ചു; ഒരു സ്വരം തന്നോട് ഇങ്ങനെ ചോദിക്കുന്നതും കേട്ടു: സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു? അവൻ ചോദിച്ചു: കർത്താവേ, അങ്ങ് ആരാണ്? അപ്പോൾ ഇങ്ങനെ മറുപടി ഉണ്ടായി: നീ പീഡിപ്പിക്കുന്ന യേശുവാണു ഞാൻ. എഴുന്നേറ്റു നഗരത്തിലേക്കു പോവുക. നീ എന്താണു ചെയ്യേണ്ടതെന്ന് അവിടെവച്ച് നിന്നെ അറിയിക്കും (അപ്പ 9,4–6). കർത്താവ്

അനനിയാസിനോട് പറഞ്ഞു: നീ പോവുക; വിജാതീയരുടെയും രാജാക്കന്മാരുടെയും ഇസ്രായേൽമക്കളുടെയും മുമ്പിൽ എന്റെ നാമം വഹിക്കാൻ തെരഞ്ഞെടുക്കപ്പെട്ട പാത്രമാണവൻ. എന്റെ നാമത്തെപ്രതി അവൻ എത്രമാത്രം സഹിക്കേണ്ടിവരുമെന്ന് അവനു ഞാൻ കാണിച്ചുകൊടുക്കും. (അപ്പ 9,15-16) ഉത്ഥിതനായ യേശുവിന്റെ ഈ വാക്കുകളിൽ വിരിയുന്നൊരു മഹനീയ സത്യമുണ്ട്: നീ പീഡിപ്പിക്കുന്ന യേശുവാണു ഞാൻ എന്ന വാക്കുകളിൽ പൗലോസ് കണ്ടത് ഞാനും സഭയും ഇനിമേൽ രണ്ടല്ല ഒരൊറ്റ ശരീരമാണെന്നു പറയുന്ന സഭയുടെ മണവാളനായ ക്രിസ്തുവിനെയാണ്. അതുകൊണ്ടാണ്, പൗലോസ് 1 കോറി 12,13.27 എന്നീ വാക്യങ്ങളിൽ ഇങ്ങനെ എഴുതിയത്: നമ്മളെല്ലാവരും ഒരേ ആത്മാവിൽ (ക്രിസ്തുവിന്റെ) ഏകശരീരമാകാൻ ജ്ഞാനസ്നാനമേറ്റു എന്നും നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ് എന്നും.

2 കോറി 11,2-യിൽ ഇങ്ങനെ വായിക്കുന്നു: എനിക്ക് നിങ്ങളോട് ദൈവികമായ അസൂയ തോന്നുന്നു. എന്തെന്നാൽ, നിർമലയായ വധുവിനെ അവളുടെ ഭർത്താവിന് എന്നതുപോലെ നിങ്ങളെ ക്രിസ്തുവിന് സമർപ്പിക്കേണ്ടതിന് ക്രിസ്തുവുമായി നിങ്ങളുടെ വിവാഹ നിശ്ചയം ഞാൻ നടത്തി. പൗലോസ് ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവുമായുള്ള കോറിന്തോസ് സമൂഹത്തിന്റെ വിവാഹനിശ്ചയം നടത്തി. അതിനാൽ സ്വർഗത്തിൽ വച്ച് ക്രിസ്തുവുമായുള്ള അവരുടെ വിവാഹം നടക്കുമ്പോൾ കോറിന്തോസ് സമൂഹമാകുന്ന മണവാട്ടിയുടെ കന്യാത്വം/പരിശുദ്ധി ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം പൗലോസിന്റേതാണ്. അതിനാൽ, കോറിന്തോസുകാർ അന്യദേവന്മാരുടെ പിന്നാലെ പോകുന്നതു കാണുമ്പോൾ പഴയ നിയമകാലത്ത് ദൈവത്തിനു തോന്നിയ അസൂയ ഇപ്പോൾ പൗലോസിന് തോന്നുന്നു എന്നാണ് ഇവിടെ വിവക്ഷ.

യോഹ 17,22-23: നാം ഒന്നായിരിക്കുന്നപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കുതന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു. അവർ പൂർണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടന്ന് എന്നിലുമായിരിക്കുന്നു.

അങ്ങനെ, അങ്ങ് എന്നെ അയച്ചുവെന്നും അങ്ങ് എന്നെ സ്നേഹിച്ചതുപോലെതന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ.

പരിശുദ്ധത്രിത്വത്തിൽ നിന്നും **അയയ്ക്കപ്പെട്ട** യേശു തന്റെ മണവാട്ടിയായ സഭയ്ക്ക് ത്രിത്വൈകദൈവത്തിലെ സത്താപരമായ ഒരുമയും സംസർഗവും ഉള്ള ജീവനുണ്ടാകാൻ തന്റെ പിതാവ് തനിക്ക് നൽകിയ അതേ മഹത്വം നൽകി. **അയയ്ക്കപ്പെട്ടവനായ** ക്രിസ്തുവുമായി ഏകശരീരമാവുകയും അവിടത്തെ അതേ മഹത്വം സ്വീകരിക്കുകയും ചെയ്ത സഭയ്ക്ക് പ്രേഷിത അഥവാ അയയ്ക്കപ്പെട്ടവളാകാതിരിക്കാൻ ആവില്ല എന്നതാണ് സത്യം. മാത്രമല്ല, സ്വർഗത്തിൽനിന്ന് ലോകരക്ഷയ്ക്കായി പിതാവിനാൽ **അയയ്ക്കപ്പെട്ടവൻ** താൻ തന്നെയെന്ന് ലോകം അറിയേണ്ടത് തന്റെ **അയയ്ക്കപ്പെട്ടവളും** തന്റെ മണവാട്ടിയുമായ സഭയുടെ ത്രിത്വൈകസമാനമായ സംസർഗജീവിതം വഴി ആയിരിക്കണമെന്ന് യേശുവിന് നിർബന്ധവുമുണ്ട്.

### 6. കുടുംബം ത്രിത്വത്തിന്റെ പ്രതിബിംബം (icon)

*ഒരു മനുഷ്യകുടുംബത്തിൽ ജനിച്ചുകൊണ്ട് ദൈവം തന്നെത്തന്നെ വെളിപ്പെടുത്താൻ തിരുമനസ്സാവുക വഴി കുടുംബം ദൈവത്തിന്റെ പ്രതിബിംബമായിത്തീർന്നു. ദൈവം ത്രിത്വമാണ്, അവിടന്ന് സ്നേഹത്തിന്റെ സംസർഗമാണ് (communion of love); അതിനാൽ, ദൈവികരഹസ്യങ്ങളും അവിടത്തെ മനുഷ്യസൃഷ്ടികളുമായി എന്തൊക്കെ അന്തരം നിലനിന്നാലും ദൈവം സ്നേഹമാണെന്ന അത്യഗാധദിവ്യരഹസ്യം പ്രതിഫലിപ്പിക്കുന്ന സംവിധാനമാണ് കുടുംബം. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട പുരുഷനും സ്ത്രീയും വിവാഹത്തിൽ ഒരൊറ്റ ശരീരമായിത്തീരുന്നു (ഉൽപ 2,24), അതായത്, നവജീവൻ ജനിപ്പിക്കുന്ന സ്നേഹത്തിന്റെ സംസർഗം. മനുഷ്യകുടുംബം അതിന്റെ പരസ്പരസ്നേഹവും സ്നേഹത്തിന്റെ ഫലദായകത്വവും മൂലം, ഒരു തരത്തിൽ, പരിശുദ്ധത്രിത്വത്തിന്റെ പ്രതിബിംബമാണ്.*[2] അതിനാൽ സ്വഭാവത്താലെ മിഷനറിയായ ത്രിത്വത്തിന്റെ പ്രതിബിംബമായ കുടുംബം അതിന്റെ ഉത്ഭവത്തിലും

സ്വഭാവത്തിലും ത്രിത്വൈക കൂട്ടായ്മ ലോകത്തിൽ സൃഷ്ടിക്കാനും ജീവിക്കാനും പരിപോഷിപ്പിക്കാനും പരിരക്ഷിക്കാനും അയയ്ക്കപ്പെട്ട പ്രേഷിതയാണ്. ഫ്രാൻസീസ് പാപ്പയുടെ വാക്കുകൾ ഈ സത്യത്തിന് അടിവരയിടുന്നു: കുടുംബങ്ങൾ ഒരിക്കലും സമൂഹത്തിൽനിന്ന് അകന്ന അഭയകേന്ദ്രങ്ങളായി തങ്ങളെത്തന്നെ കാണരുത്. പിന്നെയോ, മറ്റുള്ളവരുമായുള്ള ഐക്യദാർഢ്യത്തിന്റെ ചൈതന്യത്തോടെ അവരുടെ ഭവനങ്ങളിൽനിന്ന് പുറത്തേക്കു പോകണം.[3]

## 7. ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും സ്വഭാവത്താലെ മിഷനറിയാണ്.

നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകാൻ ജ്ഞാനസ്നാനമേറ്റു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ ഭേദം കൂടാതെ ഒരേ ആത്മാവിനെ പാനം ചെയ്യാൻ എല്ലാവർക്കും സാധിച്ചു. നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്. 1 കോറി 12, 13. 27-ലെ ഈ തിരുവചനങ്ങൾ ജ്ഞാനസ്നാനം നമ്മെ ഭരമേൽപിക്കുന്ന അടിസ്ഥാന ചുമതലകളെ ഓർമപ്പെടുത്തുന്നുണ്ട്. ശരീരത്തിലെ ഒരു അവയവത്തിനും ശരീരത്തിൽനിന്ന് വേർപെട്ട് ഒരസ്തിത്വമോ അർത്ഥമോ ഇല്ല. മാത്രമല്ല, ഒരവയവവും അതിനു വേണ്ടിയല്ല; മറ്റെല്ലാ അവയവങ്ങളുടെയും സമഗ്രവളർച്ചയ്ക്കും സംരക്ഷണത്തിനുംവേണ്ടി പ്രവർത്തിക്കാനാണ്. എഫേ 4,11-16 ഈ സത്യത്തിൽ നമ്മെ കൂടുതൽ ആഴപ്പെടുത്തുന്നു. ആയതിനാൽ, ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും ക്രിസ്തുഗാത്രമായ സഭയെ പണിതുയർത്തുക എന്ന മിഷനുമായി അയയ്ക്കപ്പെട്ടിരിക്കുകയാണ്.

മിശിഹായുടെ പുരോഹിത, പ്രവാചക, രാജത്വങ്ങളിൽ പങ്കാളികളെന്ന നിലയിൽ അൽമായർക്ക് സഭയുടെ ജീവിതത്തിലും പ്രവർത്തനത്തിലും സജീവമായ പങ്കുണ്ട്. സഭാസമൂഹങ്ങളിൽ അൽമായരുടെ പ്രവർത്തനം കൂടാതെ അജപാലകരുടെ പ്രേഷിതത്വംപോലും പൂർണഫലം പുറപ്പെടുവിക്കാൻ മിക്കവാറും അസാധ്യമാംവിധം അത്ര അവശ്യകാര്യമായി തീർന്നിട്ടുണ്ട്.[4]

ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ ത്രിവിധദൗത്യങ്ങളിലുള്ള തങ്ങളുടെ പങ്കാളിത്തത്തിന്റെ അവബോധത്തിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിന് ക്രൈസ്തവരായ സ്ത്രീകളും പുരുഷന്മാരും പൗലോസിനെ സഹായിച്ചിരുന്നതുപോലെ (അപ്പ 18,18.26; റോമ 16,3) തങ്ങളുടെ സഹോദരങ്ങളിൽ കുറവുള്ളത് നികത്തുകയും അജപാലകരുടെയും മറ്റു വിശ്വാസികളുടെയും ആത്മാക്കളെ ഉന്മേഷപ്പെടുത്തുകയും (1 കോറി 16,17-18)[5] ചെയ്യണമെന്ന് ഈ ഡിക്രി ആഹ്വാനം ചെയ്യുന്നു. ആരാധനാജീവിതത്തിൽനിന്ന് ഊർജം ആർജിച്ച് പ്രേഷിതപ്രവർത്തനങ്ങളിലും സഭയിൽനിന്ന് അകന്നുപോയവരെ തിരികെ കൊണ്ടുവരുന്നതിലും വിശ്വാസപരിശീലനരംഗത്തും തിരുവചനം പകരുന്നതിലും ആത്മാക്കളുടെ പരിപാലനത്തിലും സഭയുടെ സമ്പത്ത് കൈകാര്യം ചെയ്യുന്നതിലും കൂടുതൽ കാര്യക്ഷമമാകണമെന്ന് കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു. വൈദികരോട് ഐക്യപ്പെട്ട് തങ്ങളുടെ മിഷനറി ശിഷ്യത്വം ജീവിക്കേണ്ടവരാണ് അൽമായരെന്ന സത്യം കൗൺസിൽ പഠിപ്പിക്കുന്നതിങ്ങനെയാണ്: അൽമായർ തങ്ങളുടെ പുരോഹിതന്മാരോട് ഗാഢമായി യോജിച്ചുകൊണ്ട് ഇടവകയിൽ പ്രവർത്തിക്കാൻ പരിശീലിക്കണം. സ്വന്തം പ്രശ്നങ്ങളും ലോകത്തിന്റെ പ്രശ്നങ്ങളും മനുഷ്യരക്ഷ സംബന്ധിക്കുന്ന പ്രശ്നങ്ങളും അവർ ഒരുമിച്ച് സമ്മേളിച്ച് പരിശോധിക്കുകയും പരിഹരിക്കുകയും ചെയ്യണം. സ്വന്തം സഭാകുടുംബത്തിലെ ശ്ലൈഹികവും പ്രേഷിതപരവുമായ എല്ലാ സംരംഭങ്ങൾക്കും സഹായകരമായ പ്രവർത്തനം കഴിവിനൊത്ത് നിർവഹിക്കുന്നതിനും അൽമായർ പരിശീലിക്കണം.[6]

1992 മാർച്ചിൽ വി. ജോൺ പോൾ രണ്ടാമൻ, നവീകരണത്തിലൂടെ കടന്നുവന്നവരെ തങ്ങളിൽ വസിക്കുന്ന ദൈവാത്മാവിന് ജീവിതംകൊണ്ട് സാക്ഷ്യം വഹിക്കാനും വിശുദ്ധിയുടെയും സാമൂഹികപ്രതിബദ്ധതയുടെയും പ്രവർത്തനങ്ങളിലൂടെ, മൂല്യച്യുതിയിലകപ്പെട്ട ലോകത്തിൽ, പുന:സുവിശേഷവൽക്കരണ ദൗത്യവുമായി ഇറങ്ങിത്തിരിക്കാനും ആഹ്വാനം ചെയ്യുകയുണ്ടായി. അൽമായവിശ്വാസികൾ എന്ന സിനഡനന്തര അപ്പസ്തോലിക പ്രബോധനത്തിൽ അദ്ദേഹം സഭയുമായുള്ള

നിരന്തര സംസർഗത്തിൽ പ്രവർത്തിക്കുന്ന അൽമായ പ്രസ്ഥാനങ്ങളെ (Ecclesial movements) ദൈവാത്മ പ്രചോദിതങ്ങളെന്നും അവരുടെ ഈ പ്രേഷിതത്വത്തിന്റെ ഉറവിടം ജ്ഞാനസ്നാനമാണെന്നും വ്യക്തമാക്കുന്നു.[7] ഇടവകകൾ നവീകരിക്കപ്പെടാൻ അവയെ കൂട്ടായ്മകളുടെ കൂട്ടായ്മകളാക്കുന്ന കാര്യം പറഞ്ഞുകൊണ്ട് അതിനുള്ള കാരണങ്ങളും ചുവടെ കാണുംപ്രകാരം അക്കമിട്ട് നിരത്തുന്നുണ്ട്:

(1) പ്രസ്ഥാനങ്ങൾക്ക് തങ്ങളുടെ ദൗത്യം (mission) സംബന്ധിച്ച് സൂക്ഷ്മത പാലിക്കാനുള്ള പ്രവണതയുണ്ട്.

(2) തങ്ങളുടെ പ്രവർത്തനരീതികളെയും ശ്രോതാക്കളെയും സംബന്ധിച്ച് ക്ലിപ്തതയുണ്ട്.

(3) കൂടുതൽ ഇച്ഛാശക്തിയും നവീനതകളുടെ സാദ്ധ്യതയും കാണുന്നു.

(4) നവസുവിശേഷവൽക്കരണ മേഖലയിൽ നേതാക്കളാകാൻ പറ്റിയവരായി കാണപ്പെടുന്നു.

(5) അൽമായർക്ക് മൂല്യവത്തായ രൂപീകരണവും നേതൃത്വഗുണം പ്രയോഗിക്കാൻ അവസരങ്ങളും വലിയതോതിൽ നൽകാൻ മിക്കവാറും സാധിക്കുന്നു.

(6) കൂടുതൽ ആഴപ്പെട്ട ഒരു ശിഷ്യത്വാനുഭവം തേടുന്നവർക്കും ഒരു ശരാശരി ഇടവകയ്ക്ക് നൽകാനാവുന്നതിൽ കൂടുതൽ അന്വേഷിക്കുന്നവർക്കും അഭികാമ്യമാകാനിടയുണ്ട്.[8]

ജ്ഞാനസ്നാനത്തിലൂടെ സംലഭ്യമാകുന്ന പ്രേഷിത ശിഷ്യത്വം സംബന്ധിച്ച് ***സുവിശേഷത്തിന്റെ സന്തോഷത്തിൽ*** ഫ്രാൻസീസ് പാപ്പ സവിസ്തരം പ്രതിപാദിക്കുന്നത് ശ്രദ്ധേയമാണ്: ആദ്യംമുതൽ അവസാനം വരെ മാമ്മോദീസ സ്വീകരിച്ച സകലരിലും സുവിശേഷവൽക്കരണത്തിനു നിർബന്ധിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ വിശുദ്ധീകരണശക്തി പ്രവർത്തിക്കുന്നുണ്ട്. ദൈവജനത്തിലെ എല്ലാ അംഗങ്ങളും മാമ്മോദീസയുടെ ശക്തിയാൽ പ്രേഷിതശിഷ്യരായിത്തീർന്നിട്ടുണ്ട് (മത്താ 28,19 കാണുക) മാമ്മോദീസ സ്വീകരിച്ചവരെല്ലാം, സഭയിൽ അവർക്കുള്ള സ്ഥാനമോ അവർക്ക് ലഭിച്ച വിശ്വാസ

പരിശീലനത്തിന്റെ അളവോ എന്താ യിരുന്നാലും, സുവിശേഷവൽക്ക രണ പ്രവർത്തകരാണ്. അതുകൊണ്ട് വിദഗ്ദ്ധർ മാത്രം നിർവ്വഹിക്കുകയും മറ്റുള്ള വിശ്വാസികൾ നിഷ്ക്രിയരായ സ്വീകർത്താക്കൾ മാത്രമായിരിക്കു കയും ചെയ്യുന്ന ഒരു സുവിശേഷ വൽക്കരണ പദ്ധതി സങ്കൽപ്പിക്കു ന്നത് അനുചിതമായിരിക്കും. നവസു വിശേഷവൽക്കരണത്തിൽ മാമ്മോ ദീസ സ്വീകരിച്ച ഓരോ വ്യക്തിയും വ്യക്തിപരമായി ഉൾപ്പെടുക ആവശ്യ മാണ്.[9]

ഈ വ്യക്തിപരമായ പങ്കാളിത്തം ഒരു ക്രിസ്ത്യാനിയുടെ ഭാഗത്തു നിന്നുള്ള ഔദാര്യമല്ല, മറിച്ച്, ഒരു ശിഷ്യനായിരിക്കുക എന്നത് ഒരു മിഷനറി ആയിരിക്കുക എന്നതിനോട് ഒരുമിച്ചുപോകുന്ന ഒന്നാണ് എന്ന താണ് ഫ്രാൻസീസ് പാപ്പയുടെ മതം: ശിഷ്യന്മാർ മിഷനറിമാർ എന്നിവ യിൽ ഒന്നു മാത്രമായി വേർതിരിച്ച് ഇനിമേൽ നമ്മൾ പറയുന്നില്ല. മറിച്ച്, നമ്മൾ എപ്പോഴും മിഷനറിശിഷ്യർ എന്നു പറയുന്നു.[10] മിശിഹായെ കണ്ടുമുട്ടിയ ഉടൻ അതിനു സാക്ഷ്യം വഹിക്കാൻ ഇറങ്ങിത്തിരിച്ചുകൊണ്ട് ഞങ്ങൾ മിശിഹായെ കണ്ടു (യോഹ 1,41) എന്ന് വിളിച്ചുപറയുന്ന ശിഷ്യ ന്മാരുടെ ഉദാഹരണം നൽകിയാണ് പാപ്പ ഇത് സമർത്ഥിക്കുന്നത്.

യേശുവുമായുള്ള വ്യക്തിപര മായ കണ്ടുമുട്ടലിൽനിന്ന് സ്വാഭാവി കമായി നിർഗളിക്കുന്ന ഒന്നാണ് മിഷ ണറിശിഷ്യത്വം എന്നും ജനങ്ങളുടെ ഹൃദയത്തിലേയ്ക്ക് നമ്മെ കൊണ്ടു വരുന്ന സുവിശേഷവൽക്കരണ രീതിയാണ് അവിടത്തേതെന്നും സുവിശേഷത്തിന്റെ സന്തോഷം എന്ന ചാക്രികലേഖനത്തിൽ (നമ്പർ 269) അദ്ദേഹം വ്യക്തമാക്കുന്നുണ്ട്: അവിടത്തെ മാതൃകയിൽ ചലിപ്പിക്ക പ്പെട്ട് സമൂഹത്തിന്റെ ഘടനയിലേ യ്ക്ക് മുഴുവനായി പ്രവേശിക്കാൻ നാം ആഗ്രഹിക്കുന്നു. എല്ലാവരു ടെയും ജീവിതം പങ്കുവച്ചുകൊണ്ട്, അവരുടെ താല്പര്യങ്ങളിൽ ശ്രദ്ധിച്ചു കൊണ്ട്, അവരുടെ ആവശ്യങ്ങളിൽ ഭൗതികമായും ആത്മീയമായും സഹാ യിച്ചുകൊണ്ട്, സന്തോഷിക്കുന്നവ രോടുകൂടെ സന്തോഷിച്ചുകൊണ്ട് കരയുന്നവരോടുകൂടെ കരഞ്ഞു കൊണ്ട്, മറ്റുള്ളവരുമായി കൈ കോർത്തു പിടിച്ചുകൊണ്ട്, ഒരു പുതിയ ലോകം നിർമ്മിക്കാൻ നാം സമർപ്പിതരാണ്.

കർത്താവിന്റെ മുറിവുകൾ കൈയ്യെത്താത്തിടത്ത് സൂക്ഷിക്കുന്ന ഒരു തരം ക്രിസ്ത്യാനികളെപ്പോലെയായിരിക്കാനുള്ള പ്രലോഭനം നമുക്ക് ചിലപ്പോൾ ഉണ്ടാകുന്നു. എന്നാൽ മാനുഷിക ദുരിതം സ്പർശിക്കാൻ, മറ്റുള്ളവരുടെ വേദനിക്കുന്ന ശരീരത്തിൽ സ്പർശിക്കാൻ യേശു നമ്മോട് ആവശ്യപ്പെടുന്നു.[11]

അജപാലനപരവും പ്രേഷിതപരവുമായ ഒരു മാനസാന്തരം സംഭവിക്കണം എന്ന സ്വപ്നം പാപ്പ പങ്കുവയ്ക്കുന്നു: സഭയുടെ ആചാരങ്ങളും പ്രവർത്തന ശൈലിയും സമയങ്ങളും സമയവിവരപ്പട്ടികയും ഭാഷയും സംവിധാനങ്ങളും സ്വന്തം സംരക്ഷണത്തിനെന്നതിനെക്കാൾ ഇന്നത്തെ ലോകത്തിന്റെ സുവിശേഷവൽക്കരണത്തിനായി തിരിച്ചുവിടുന്നതിനുവേണ്ടി ഒരു പ്രേഷിതത്വ തിരഞ്ഞെടുപ്പ് ഞാൻ സ്വപ്നം കാണുന്നു. ഓരോ തലത്തിലുമുള്ള സാധാരണ അജപാലനപ്രവർത്തനം മറ്റുള്ളവരെ കൂടുതൽ ഉൾപ്പെടുത്തുന്നതും തുറവുള്ളതുമാക്കേണ്ടതുണ്ട്.[12] നമ്മുടെ ഇടവകകളെ പുന:പരിശോധിക്കാനും നവീകരിക്കാനുമുള്ള വിളി അവയെ ജനങ്ങളുമായി കൂടുതൽ അടുപ്പിക്കാനും അവയെ സജീവ സംസർഗത്തിന്റെയും പങ്കെടുക്കലിന്റെയും സാഹചര്യങ്ങളാക്കാനും അവയെ പൂർണമായി പ്രേഷിതാഭിമുഖ്യമുള്ളതാക്കാനും വേണ്ട രീതിയിലായായിട്ടില്ലെന്ന് നാം അംഗീകരിക്കേണ്ടിയിരിക്കുന്നു.[13]

അതിനാൽ, ജ്ഞാനസ്നാനത്തിലൂടെ പ്രേഷിതവിളി സ്വീകരിച്ചിരിക്കുന്നവരുടെ ഇടവക എപ്രകാരമുള്ളത് എന്ന് പാപ്പ വ്യക്തമാക്കുന്നുണ്ട്: ഇടവകയെന്നത് ഒരു പ്രദേശത്തുള്ള സഭയുടെ സാന്നിധ്യമാണ്. ദൈവവചനശ്രവണത്തിനും ക്രൈസ്തവജീവനിലുള്ള വളർച്ചയ്ക്കും സംവാദത്തിനും പ്രഘോഷണത്തിനും ജീവകാരുണ്യപ്രവർത്തനത്തിനും ആരാധനയ്ക്കും ആഘോഷത്തിനും വേണ്ടിയുള്ള ഒരു സാഹചര്യമാണ്. ഇടവക അതിന്റെ സകല പ്രവർത്തനങ്ങളിലും അതിന്റെ അംഗങ്ങളെ സുവിശേഷപ്രവർത്തകരാകാൻ പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു. അത് സമൂഹങ്ങളുടെ സമൂഹമാണ്. യാത്രാമധ്യേ ദാഹിക്കുന്നവർ ജലപാനത്തിനായി വരുന്ന വിശുദ്ധാഗാരമാണ്, സ്ഥിര

മായ ബാഹ്യപ്രേഷിതത്വത്തിന്റെ കേന്ദ്രവുമാണ്.

## 8. ചില പ്രായോഗിക നിർദേശങ്ങൾ

അതിശ്രേഷ്ഠ മിഷനറിയായ ക്രിസ്തുവിന്റെ മൗതികശരീരമാണ് സഭ; എല്ലാ മിഷനുകളുടെയും സ്രോതസ്സായ പരിശുദ്ധ ത്രിത്വത്തിന്റെ പ്രതിബിംബമാണ് കുടുംബം; ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും സ്വഭാവത്താലെ ക്രിസ്തുഗാത്രത്തെ പണിതുയർത്താനും സംരക്ഷിക്കാനും ഉത്തരവാദിത്വമുള്ള അവയവമാണ് എന്നീ സത്യങ്ങളുടെ പശ്ചാത്തലത്തിൽ തെളിയുന്ന ഓരോ വിശ്വാസിയുടെയും ചിത്രം സ്വഭാവത്താലെയുള്ള മിഷനറിശിഷ്യത്വത്തിന്റേതാണ്. പക്ഷെ, ഇന്നത്തെ ഉൾവലിയൽ സംസ്കാരം അയയ്ക്കപ്പെടലിന്റെ ഈ സത്യവുമായി വല്ലാത്ത കലഹത്തിലാണ്. പുറംലോകം, ഈ പ്രപഞ്ചം തന്നെ, തന്റെ മുന്നിൽനിന്ന് ഒരുവിരൽ സ്പർശത്തിന്റെ അകലത്തിൽ മാത്രമാണ് സ്ഥിതിചെയ്യുന്നത്. ഒരുവിരൽ സ്പർശത്തിൽ തന്റെ മുന്നിലേയ്ക്ക് ഓടിയെത്തുന്ന ലോകത്തിലേയ്ക്ക് അയയ്ക്കപ്പെടേണ്ടതുണ്ടോ എന്ന വെല്ലുവിളിയുടെ ചോദ്യമാണ് വൈദികരും സന്യസ്തരും പോലും ഉൾപ്പെടുന്ന വൻഭൂരിപക്ഷം സാമൂഹ്യമാധ്യമങ്ങളുടെ മാസ്മരികതയിൽ അറിഞ്ഞോ അറിയാതെയോ ഉയർത്തുന്നത്. ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തിയും അയയ്ക്കപ്പെട്ടവനും ഒന്നായിരിക്കെ പ്രയോഗതലത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഈ അകലം ആത്മഹത്യാപരമാണ് എന്നതാണ് വസ്തുത: ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം (1 കോറി 9,16). ഈ സാഹചര്യത്തെ അജപാലനപരമായി അഭിമുഖീകരിക്കുക എന്നത് അടിയന്തര സ്വഭാവമുള്ള കാര്യമാണ്. അതിനാൽ, അജപാലന-വിശ്വാസപരിശീലന പദ്ധതികൾ സ്വഭാവത്തിലും രീതികളിലും പ്രയോഗത്തിലും മിഷനറിശിഷ്യത്വം വളർത്താൻ ഉതകുന്നതിന് ചുവടെ ചേർക്കുന്ന നിർദേശങ്ങൾ സഹായകരമാകുമെന്ന് വിശ്വസിക്കുന്നു.

(1) ദൈവം സ്നേഹവും കരുണയുമായ പിതാവാണെന്ന് അനുഭവതലത്തിൽ ബോധനം നൽകാൻ വിശ്വാസപരിശീലന രംഗം സജ്ജമാകണം (റോമാ 8,14-16).[15]

(2) രക്ഷകനും നാഥനുമായ യേശുവുമായി വ്യക്തിപരമായ കണ്ടുമുട്ടലിനുള്ള വേദിയൊരുക്കുന്ന ഇടമാകണം വിശ്വാസപരിശീലനരംഗം.[16]

(3) പരിശുദ്ധാത്മാവിന്റെ ശക്തീകരിക്കുന്ന ആന്തരിക സാന്നിദ്ധ്യാനുഭവം പകരുന്ന വിശ്വാസപരിശീലന രീതി ഉറപ്പുവരുത്തണം.

(4) തിരുവചനവും (2തിമോ 3,16-17) കൂദാശകളും[17] അറിയാനും ആസ്വദിക്കാനും വിശ്വാസപരിശീലന രംഗം വേദിയാവണം.

(5) ആഴപ്പെട്ട പ്രാർത്ഥനാ-ധ്യാനാനുഭവങ്ങളിൽ വളരാൻ വിശ്വാസ പരിശീലനരംഗം വേദികളൊരുക്കണം (അപ്പ 2,42-47).

(6) പരിശുദ്ധാത്മാവിന്റെ വരദാനങ്ങളെ തിരിച്ചറിഞ്ഞും സ്നേഹിച്ചും അനുഭവിച്ചും പരിപോഷിപ്പിച്ചും വളരാൻ വിശ്വാസപരിശീലനം സഹായിക്കണം (1കോറി 12,4-11; എഫേ 4,11-13).

(7) സഭയെയും പൊതുസമൂഹത്തെയും പണിതുയർത്താൻ സ്വയം സമർപ്പിക്കാൻ പ്രചോദനവും അവസരങ്ങളും നൽകുന്നതിൽ വിശ്വാസപരിശീലനരംഗം പദ്ധതികൾ ഒരുക്കണം (അപ്പ 2, 42-47; എഫേ 4,11-13; സുവിശേഷത്തിന്റെ സന്തോഷം, നം. 270).

(8) സ്വന്തം ജീവിതസാക്ഷ്യം കൊണ്ടും പ്രബോധനംകൊണ്ടും സുവിശേഷവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ അവസരങ്ങളൊരുക്കി പരിശീലിപ്പിക്കണം.

**9. മേൽപ്പറഞ്ഞവയ്ക്കുപകരിക്കുന്ന ചില കർമ്മപരിപാടികൾ**

**a)** ഉയിർപ്പ് ശനി/ഞായർ ജ്ഞാനസ്നാനവ്രത നവീകരണത്തോടനുബന്ധിച്ചുതന്നെ ആ മാസങ്ങളിൽ ജനിച്ച കുഞ്ഞുങ്ങളുടെ സമൂഹ - ജ്ഞാനസ്നാനം, മാതാപിതാക്കളെയും ജ്ഞാന മാതാപിതാക്കളെയും (സാധിക്കുമെങ്കിൽ ആ വർഷത്തെ മറ്റു മാസങ്ങളിൽ ജ്ഞാനസ്നാനം സ്വീകരിച്ച കുട്ടികളുടെ മാതാപിതാക്കളെയും ജ്ഞാന മാതാപിതാക്കളെയും കൂടി ഉൾപ്പെടുത്തി) പ്രേഷിത ശിഷ്യത്വം സംബന്ധിച്ചും അവരുടെ കടമകൾ സംബന്ധിച്ചും

ശരിയായി ഒരുക്കി, സാഘോഷം നടത്തുക.

യോഹ 15,1-10; 1കോറി 12,12-27; എഫേ 4,11-16; *Lumen Gentium, Christifideles laici, Evangelii Gaudium, Amoris Laetitia and Christus Vivit* എന്നിവ ബോധനവിഷയങ്ങളാക്കാവുന്നതാണ്.

**b)** ഗർഭകാലത്ത് കുഞ്ഞിന്റെ ജ്ഞാനസ്നാന ദിവസത്തേയ്ക്കുള്ള അനുദിന ഒരുക്കപ്രാർത്ഥനകളും പ്രവർത്തനങ്ങളും വഴി ആ കുടുംബത്തെ തയ്യാറാക്കുക. മാതൃകാ പ്രാർത്ഥനകൾ നൽകാവുന്നതാണ്.

**c)** ശിശുക്കൾ ജനിച്ചിരിക്കുന്ന കുടുംബങ്ങൾ വൈദികർ സന്ദർശിച്ച് ആ കുടുംബം മുഴുവനും വേണ്ടി ജ്ഞാനസ്നാന മഹാസംഭവത്തെപ്പറ്റി ബോധവൽക്കരണം നൽകാവുന്നതാണ്.

**d)** ജ്ഞാനസ്നാനവേളയിൽ നൽകപ്പെട്ട പ്രേഷിതദൗത്യത്തിനു പൂർണ അറിവോടും സമ്മതത്തോടും കൂടെ അതെ എന്നു യേശുക്രിസ്തുവിന്റെയും (ലൂക്കാ 4, 18-19) പെന്തക്കുസ്താ അനുഭവശേഷമുള്ള അപ്പോസ്തലന്മാരുടെയും മാതൃകയിൽ പറയുന്ന സമയമാണ് സ്ഥൈര്യലേപനകൂദാശാനുഭവം എന്നത് ബോധ്യപ്പെടുത്താനുതകുന്ന രൂപീകരണ പാക്കേജ് തയ്യാറാക്കുക.

**e)** തങ്ങൾക്ക് ജനിക്കാനിരിക്കുന്ന മക്കളെ പ്രേഷിതശിഷ്യത്വ അവബോധത്തിൽ എപ്രകാരമാണ് വളർത്തിയെടുക്കേണ്ടത് എന്നത് മന:സമ്മതം/വിവാഹനിശ്ചയം കഴിഞ്ഞ ദമ്പതികളുടെ പരിശീലന വിഷയമാക്കുക.

**f)** വിശ്വാസ പരിശീലന വിഷയങ്ങൾ ഗ്രൂപ്പ് ഡൈനമിക്സും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും മറ്റും ഉപയോഗിച്ച് വിദ്യാർത്ഥി സൗഹൃദ - രക്ഷാകർതൃ പങ്കാളിത്ത സ്വഭാവമുള്ളതാക്കി തീർക്കുക.

**g)** മക്കളുടെ വിശ്വാസപരിശീലന കാര്യത്തിൽ മാതാപിതാക്കൾക്ക് കുടുംബത്തിൽ പ്രഥമറോളും ബി. സി.സി.(കുടുംബയൂണിറ്റുകൾ) കളിലും ഇടവകതലത്തിലും സഹപ്രവർത്തകറോളും അവരുടെ ജ്ഞാനസ്നാന-സ്ഥൈര്യലേപന-വിവാഹ വ്രതങ്ങൾ ചുമതലപ്പെടു

ത്തുന്നുവെന്ന വസ്തുത ബോധ്യപ്പെടുത്തുക.

**h)** മക്കൾ പഠിക്കുന്ന വിശ്വാസ പരിശീലന ടെക്സ്റ്റുകൾ മാതാപിതാക്കളെ പരിചയപ്പെടുത്തിക്കൊണ്ട് മക്കളുടെ ഭാവി ശോഭനമാകാൻ അവ സഹായിക്കുമോ എന്നു ചർച്ച ചെയ്യിക്കുകയും, സഹായിക്കുമെങ്കിൽ അവ ഫലപ്രദമായി മക്കളെ പഠിപ്പിക്കാൻ ഏതൊക്കെ രീതിയിൽ അവർക്ക് വിശ്വാസപരിശീലകരോട് സഹകരിക്കാൻ സാധിക്കുമെന്ന് ആരായുകയും സഹകരണം ഉറപ്പുവരുത്തുകയും ചെയ്യുക.

**i)** A paradigm shift in Faith Formators: വിശ്വാസപരിശീലന പദ്ധതികളെല്ലാം മാതാപിതാക്കളോടു കൂടി ആലോചിച്ചും അവരെ ആനിമേഷനും മറ്റും സഹകരിപ്പിച്ചും നടപ്പിൽവരുത്തുക.

**j)** A paradigm shift in Content വിവിധ മിഷൻപ്രവർത്തന-കാരുണ്യ പ്രവർത്തന-ബോധവൽക്കരണ പ്രവർത്തന വേദികൾ ഒരുക്കിക്കൊണ്ട് വിശ്വാസപരിശീലന രംഗം പ്രവൃത്തികേന്ദ്രീകൃതം അഥവാ Activity Based Catechesis (ABC) ആക്കുക. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാണെന്നപോലെ പ്രവൃത്തി കേന്ദ്രീകൃതമല്ലാത്ത വിശ്വാസപരിശീലനവും നിർജീവമായേക്കാം. വിശ്വാസപരിശീലന പാഠാവലിയിലെ ഓരോ പാഠവും വിശ്വാസ പരിശീലനം നൽകുന്നയാളും മാതാപിതാക്കളുടെ ഏതാനും പ്രതിനിധികളും കുട്ടികളോടൊപ്പം നിർവഹിക്കുന്ന ഒരു മിഷൻ പ്രവർത്തന-കാരുണ്യ പ്രവർത്തന -ബോധവൽക്കരണ പ്രവർത്തനത്തോടെ അവസാനിപ്പിക്കുന്ന വിധം രൂപകൽപന ചെയ്തുകൊണ്ട് ടെക്സ്റ്റ് തന്നെ പ്രവൃത്തികേന്ദ്രീകൃതമാക്കുന്നത് നന്നായിരിക്കും.

**k)** A paradigm shift in Class Room: വിശ്വാസപരിശീലനം മാസത്തിലൊരിക്കലെങ്കിലും അതതു ഹൈസ്കൂൾ ക്ലാസ്സിലെ ഏതെങ്കിലും ഒരു കുട്ടിയുടെ വീട്ടിൽവച്ച് നടത്തുക. വിശ്വാസപരിശീലകരും കുട്ടികളുടെയും മാതാപിതാക്കളുടെയും പ്രതിനിധികളും ബി.സി.സി./കുടുംബയൂണിറ്റ് ഭാരവാഹി

കളും ചേർന്നായിരിക്കണം ഇത് ഒരുക്കേണ്ടത്. ആ ഭവനം ഉൾപ്പെടുന്ന ബി.സി.സി.യിലെ എല്ലാ കുടുംബങ്ങൾക്കും ഈ വിശ്വാസ പരിശീലന ക്ലാസ്സിൽ പങ്കെടുക്കാനാവും.

**l)** മാതാപിതാക്കൾക്കും വിശ്വാസ പരിശീലകർക്കും ബി.സി.സി./ കുടുംബയൂണിറ്റ് ഭാരവാഹികൾക്കുമായി പ്രതിമാസ ദൈവ ശാസ്ത്ര കോഴ്സുകൾ രൂപതാ ഫൊറോനാ/ ഇടവക തലങ്ങളിൽ സംഘടിപ്പിക്കുക.

**m)** മാതാപിതാക്കളുടെയും വിശ്വാസ പരിശീലകരുടെയും ബി.സി.സി./ കുടുംബയൂണിറ്റ് ഭാരവാഹികളുടെയും ഇടയിൽനിന്ന് യോഗ്യരെന്നു കരുതുന്ന പ്രതിനിധികൾക്കും യോഗ്യതയും സന്നദ്ധതയുമുള്ള മറ്റുള്ളവർക്കും അടിസ്ഥാന കൗൺസെലിംഗ് കോഴ്സുകൾ നൽകി സൺഡേക്ലാസ് സമയത്ത് കുട്ടികൾക്ക് കൗൺസെലിംഗ് സഹായം നൽകി സൽസ്വഭാവരൂപീകരണം ഉറപ്പുവരുത്തുക.

**n)** ഓരോ രൂപതയിലെയും മിഷൻ പ്രവർത്തന മേഖലകളെയും മിഷനറി പ്രവർത്തകരെയും മിഷൻ പ്രവർത്തനത്തിന്റെ ആവശ്യകതയെയും സംബന്ധിച്ച് അനുഭവതലത്തിൽ അറിവുപകരുക.

**ഉപസംഹാരം**

പരിശുദ്ധാത്മാവിന്റെ വര-ദാനങ്ങൾ ജ്ഞാനസ്നാനത്തിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും നൽകപ്പെടുന്നത് വിശുദ്ധരെ പരിപൂർണരാക്കുന്നതിനും ശുശ്രൂഷയുടെ ജോലി ചെയ്യുന്നതിനും ക്രിസ്തുവിന്റെ ശരീരത്തെ പണിതുയർത്തുന്നതിനും വേണ്ടിയാണ്. വിശ്വാസത്തിന്റെ ഐക്യത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ ജ്ഞാനത്തിലും എല്ലാവരും എത്തിച്ചേരുകയും ക്രിസ്തുവിന്റെ പരിപൂർണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യരാവുകയും ചെയ്യുന്നതുവരെ ഇതു തുടരേണ്ടിയിരിക്കുന്നു (എഫേ 4,12-13). സഭ അവളുടെ അജപാലന പദ്ധതികളിൽ ജ്ഞാനസ്നാനം സ്ഥൈര്യലേപനം എന്നിവ സ്വീകരിച്ചവർക്ക് പരിശുദ്ധാത്മാവ് നൽകുന്ന വരദാനങ്ങൾ അംഗീകരിക്കാതെയും പരിപോഷിപ്പിക്കാതെയും ക്രിയാത്മകമായി അവയെ പ്രയോജനപ്പെടുത്താതെയും

ഇരുന്നാൽ സഭയെ സംബന്ധിച്ച് അത് ആത്മഹത്യാപരമായിരിക്കും. കാരണം, ജ്ഞാനസ്നാനം സ്വീകരിച്ചു വിശുദ്ധരായവർ ശുശ്രൂഷയുടെ ജോലിക്കായി സജ്ജരാക്കപ്പെടില്ല; ക്രിസ്തുവിന്റെ ശരീരം ശരിയാംവണ്ണം പണിതുയർത്തപ്പെടില്ല; വിശ്വാസത്തിന്റെ ഐക്യവും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ ജ്ഞാനവും സഫലമാകാത്തൊരു ആശ മാത്രമായി അവശേഷിക്കും; ക്രിസ്തുവിന്റെ പരിപൂർണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യരാവുക എന്നത് എത്തിപ്പിടിക്കാനാവാത്തിടത്തോളം അകലെ നിൽക്കുന്നൊരു സ്വപ്നം മാത്രമാവും; അങ്ങനെ പ്രേഷിതശിഷ്യത്വം എന്നത് വെറുമൊരു മിഥ്യാധാരണയായി അവശേഷിക്കും. അതിനാൽ, അൽമായരുടെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ച ഡിക്രിയിലൂടെ രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകിയ ആഹ്വാനത്തോട് പൂർവാധികം ശക്തമായും ക്രിയാത്മകമായും പ്രത്യുത്തരിക്കേണ്ടിയിരിക്കുന്നു.

പ്രേഷിതപ്രവൃത്തിക്കുള്ള അവകാശവും കടമയും വൈദികരും അൽമായരുമായ എല്ലാ വിശ്വാസികൾക്കുമുണ്ടെന്നും സഭ പണിതുയർത്താൻ അൽമായർക്കും സ്വകീയമായ ഭാഗഭാഗിത്വമുണ്ടെന്നുമുള്ള കാര്യം മെത്രാന്മാരും ഇടവകവികാരിമാരും ഇരുരീതിയിലുള്ള വൈദികരും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. അതിനാൽ, സഹോദരസഹജമാംവിധം സഭയിലും സഭയ്ക്കുവേണ്ടിയും അൽമായരോടൊത്തു പ്രവർത്തിക്കുകയും അൽമായരെ അവരുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പ്രത്യേകം പരിഗണിക്കുകയും ചെയ്യണം.[18] മക്കളെ ദൈവരാജ്യമൂല്യബോധത്തിൽ വളർത്തി പ്രേഷിതശിഷ്യരാക്കുക എന്ന വിശ്വാസപരിശീലനദൗത്യം സഭയുടെ അസ്തിത്വത്തിൽനിന്നുയിർകൊള്ളുന്ന വിളിയാണ്; അതിലുള്ള വിശ്വാസികളുടെ പങ്കാളിത്തം ആരുടെയും ഔദാര്യമല്ല മറിച്ച്, ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിച്ചവരുടെ ജന്മാവകാശമാണ്.

## കുറിപ്പുകൾ

1. വിശ്വാസപരിശീലനത്തിന്റെ നിർവചനം: ശിഷ്യന്മാരാക്കുക, വിശ്വസിക്കുന്നതിലൂടെ യേശുവിന്റെ നാമത്തിൽ ജീവൻ ഉണ്ടാകേണ്ടതിന്

അവനാണു ദൈവത്തിന്റെ പുത്രനെന്ന് വിശ്വസിക്കാൻ മനുഷ്യരെ സഹായിക്കുക; ക്രിസ്തുവിലുള്ള ജീവിതത്തിൽ അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക. അങ്ങനെ അവിടത്തെ ശരീരം പണിതുയർത്തുക. സഭയുടെ ഇവ്വിധ പ്രവർത്തനങ്ങളുടെ ആകെത്തുകയാണു മതബോധനം (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 4).

2. Benedict XVI, Homily, during Angelus on the Feast of the Holy Family, 27th Dec, 2009.
3. Pope Francis, *Amoris Laetitia*, Post Synodal Apostolic Exhortation no.181.
4. അൽമായപ്രേഷിതത്വം, രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി നം.10.
5. Ibid.
6. Ibid.
7. John Paul II, *Christifideles Laici,* Post Synodal Apostolic Exhortation *n.29.*
8. John Paul II, *Ecclesia in America*, no. 41. (author's free translation).
9. Pope Francis, *Evangelii Gaudium,* Apostolic Exhortation n.119-120.
10. Ibid. n. 120.
11. Ibid. n. 270.
12. Ibid. n. 27.
13. Ibid. n. 28.
14. Ibid.
15. "Mercy is the very foundation of the Church's life. All of her pastoral activity should be caught up in the tenderness she makes present to believers; nothing in her preaching and in her witness to the world can be lacking in mercy. The Church's very credibility is seen in how she shows merciful and compassionate love.": Pope Francis, *Misericordiae Vultus,* bull of indiction of the extraordinary jubilee of mercy, n.10.
16. Pope Francis, *Evangelii Gaudium,* Apostolic Exhortation nn. 119-120.
17. സഭയുടെ ആരാധനാജീവിതം മുഴുവനും കുർബാന, കൂദാശകൾ എന്നിവയ്ക്ക് ചുറ്റുമാണ് ഭ്രമണം ചെയ്യുന്നത് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, നം.1113).
18. Vatican II, *Apostolicam Actuositatem*, Decree on the Apostolate of the Laity, n. 25.

*

## Statement about ownership and other particulars about the magazine 'TALENT' (Malayalam) (FORM IV SEE RULE 8)

| | | |
|---|---|---|
| 1. Place of publication | : | Palarivattom - 682025 |
| 2. Periodicity of its publication | : | Monthly |
| 3. Selling price | : | Rs. 15 |
| 4. Printer's name | : | Fr. Jolly Vadakken |
| Nationality | : | Indian |
| Address | : | Fr. Jolly Vadakken<br>POC, Palarivattom, Cochin-682025 |
| 5. Publisher's Name | : | As in 4 |
| 6. Editor's name | : | Rev. Fr. Tony Kozhimannil |
| Address | : | As in 4 |

7. Name and address of the individuals who own the periodical and the partners or shareholders holding more than one percent of the total capital

: Talent Publications Society (Regd), POC, Palarivattom, Cochin-682025

I, Fr. Jolly Vadakken, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Fr. Tony Kozhimannil

(Publisher)

04.03.2024

Palarivattom

Kochi-682025

---

# ഭൂമി സംരക്ഷണ ആപത് സൂചക ധ്വനി
## "ലൗദാത്തേ ദേവും"





**ഫാ. ഡോ. ജേക്കബ് പ്രസാദ്**
**(ജനറൽ എഡിറ്റർ, പിഒസി)**

**ആമുഖം**

സെപ്റ്റംബർ ഒന്നാം തീയതി നാം സൃഷ്ടിയുടെ സംരക്ഷണത്തിനായുള്ള ആഗോള പ്രാർഥനാദിനം ആചരിക്കുന്നു. അത് സൃഷ്ടിയുടെ കാലത്തിനുള്ള (Season of Creation) ആരംഭമാണ്; അതിന്റെ പരിസമാപ്തി ഒക്ടോബർ നാലാം തീയതിയാണ്. 2007-ൽ റൊമേനിയായിലെ സിബിയുവിൽ കൂടിയ The Third Ecumenical Assembly ആണ് ഒരു 'സൃഷ്ടിയുടെ കാലം' (Time for Creation) എന്നത് ആചരിക്കുക എന്ന നിർദേശം വച്ചത്. അതിനെ തുടർന്ന് തൊട്ടടുത്ത വർഷം WCC Central Committee സഭകളോട് 'സൃഷ്ടിയുടെ കാലം' ആചരിക്കാൻ ആഹ്വാനം ചെയ്തു. ഇന്ന് പ്രധാന ഓർത്തഡോക്സ്, കത്തോലിക്കാ, പ്രോട്ടസ്റ്റന്റ്, ആംഗ്ലിക്കൻ സഭകൾ ഇത് ആചരിക്കുന്നു. പ്രാർഥനയുടെയും പ്രവൃത്തിയുടെയും അഞ്ചാഴ്ചകൾ ഈ ലക്ഷ്യത്തോടെ ആചരിക്കപ്പെടുന്നു. 2015-ലാണ് ഫ്രാൻസിസ് പാപ്പ സെപ്റ്റംബർ ഒന്നാം തീയതി സൃഷ്ടിക്കായുള്ള പ്രാർഥനാദിനമായി പ്രഖ്യാപിച്ചത്.

2023-ലെ അതിന്റെ പരിസമാപ്തി ദിനമായ ഒക്ടോബർ നാലാം തീയതി പാപ്പാ കാലാവസ്ഥാ പ്രതിസന്ധി സംബന്ധിച്ച് സന്മനസ്സുള്ള എല്ലാ മനുഷ്യരോടുമായി ഒരു അപ്പസ്തോലിക ആഹ്വാനം പുറപ്പെടുവിച്ചു: 'ദൈവത്തെ സ്തുതിക്കുവിൻ (*Laudate Deum*). 2015 ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച 'അങ്ങേക്കു സ്തുതി' (*Laudato Si*) എന്ന ചാക്രിക ലേഖനവും ഈ

അപ്പസ്തോലിക ആഹ്വാനവും സഭയെയും സന്മനസ്സുള്ള മനുഷ്യരെയും പരിസ്ഥിതിയെക്കുറിച്ച് ഗൗരവമായി പരിചിന്തനം ചെയ്യാൻ ക്ഷണിക്കുന്നു. അത് പുറത്തുനിന്നുള്ള ഒരു നോക്കിക്കാണലിന്റെ അടിസ്ഥാനത്തിലല്ല. മനുഷ്യർക്ക് പ്രകൃതിയുമായി ഒരു കൗദാശിക കൂട്ടായ്മയാണ് (Sacrament of Com munion) ഉള്ളത്. അതിനാൽ ഉള്ളിൽ നിന്നുവേണം വീക്ഷിക്കാൻ; മനുഷ്യർക്ക് എല്ലാ ജീവജാലങ്ങളുമായി ഒരു സാഹോദര്യം ഉണ്ട്.

ഈ അപ്പസ്തോലിക ആഹ്വാനത്തിന്റെ ദൈവത്തെ സ്തുതിക്കുവിൻ എന്ന ആദ്യവാചകം, അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ Canticle of Canticles –ൽ ആവർത്തിച്ചുള്ള ഉപദേശമാണ്. ഫ്രാൻസിസ് പാപ്പായുടെ ഈ അപ്പസ്തോലിക ആഹ്വാനം താരതമ്യേന ചെറുതാണ്: ഏതാണ്ട് 8000 വാക്കുകൾ മാത്രം; അതിനാൽ ഇത് എളുപ്പം വായിച്ചു തീർക്കാം. *Laudato Si* ക്ക് 40000 വാക്കുകൾ ഉണ്ടായിരുന്നു.



## കാലാവസ്ഥാ പ്രതിസന്ധി

2023 ഒക്ടോബർ നാലാം തീയതി കാലാവസ്ഥ പ്രതിസന്ധിയെക്കുറിച്ച് പരിശുദ്ധ പിതാവ് സംസാരിച്ചെങ്കിൽ തൊട്ടടുത്ത ദിവസം യൂറോപ്പിലെ വളരെ ആധികാരികതയുള്ള കോപ്പർനിക്കസ് ഒബ്സർവേറ്ററി ഇപ്രകാരം പ്രഖ്യാപിക്കുകയുണ്ടായി: ആഗോള താപനില വ്യവസായ കാലഘട്ടമായ 1850–1900–നു മുമ്പുമായി താരതമ്യം ചെയ്യുമ്പോൾ അനുവദനീയമായ +1.5 ഡിഗ്രി സെൽഷ്യസിൽ 2023–ഓടുകൂടി എത്തിച്ചേരും. ഇപ്രകാരം *La Croix* എന്ന ഫ്രഞ്ച് ഓൺലൈൻ ജേർണൽ റിപ്പോർട്ട് ചെയ്യുന്നു.

ജൈവ ഇന്ധനത്തിന്റെ ഉപയോഗമാണ് ഹരിതഗൃഹവാതകങ്ങളുടെ (Greenhouse gases) പ്രസാരണത്തിന് (emission) കാരണമാകുന്നത്. 1800–നു ശേഷം ആഗോളതാപനില 1.1 ഉം 1.2 ഉം ഡിഗ്രി സെൽഷ്യസ് വർദ്ധിച്ചിട്ടുണ്ട്; അത് 2030–ന്റെ ആരംഭവർഷങ്ങളിൽതന്നെ 1.5 ഡിഗ്രി സെൽഷ്യസ് ആയി ഉയരാൻ സാധ്യതയുണ്ട്; അതിന്റെ

ദുരന്തഫലങ്ങൾ ഊഹിക്കാവുന്നതിനും അതീതമായിരിക്കും. അതിനാലാണ് പാപ്പാ ഈ ആപത് സൂചകധ്വനി മുഴക്കുന്നത്. അദ്ദേഹം പറയുന്നു: 'അങ്ങേക്കു സ്തുതി' എന്ന ചാക്രിക ലേഖനം ഞാൻ പുറത്തിറക്കിയിട്ട് ഇപ്പോൾ എട്ടു വർഷം ആകുന്നു. എന്നാൽ, തൽസംബന്ധമായ നമ്മുടെ പ്രതികരണങ്ങൾ വേണ്ടിടത്തോളം ആയിരുന്നില്ല എന്നു കാലം കടന്നുപോയപ്പോൾ ഇന്നു ഞാൻ മനസ്സിലാക്കുന്നു; എന്തെന്നാൽ, നാം അധിവസിക്കുന്ന ഈ ലോകം പൊളിഞ്ഞു വീഴാറായിരിക്കുന്നു; ഇത് ഏതാണ്ട് തകർച്ചയുടെ വക്കിലാണ്'. അതിനാൽ അടിയന്തിരമായി ഇടപെടേണ്ട സമയമായിരിക്കുന്നു.

കാലാവസ്ഥാവ്യതിയാനം സംബന്ധിച്ചുള്ള നമ്മുടെ താത്പര്യത്തിന്റെ സാമൂഹ്യ അർഥതലത്തെക്കുറിച്ച് അമേരിക്കൻ ഐക്യനാടുകളിലെ മെത്രാന്മാർ വ്യക്തമായി പറയുകയുണ്ടായി. ഇത് കേവലം പരിസ്ഥിതി സംബന്ധമായ സമീപനത്തിനും (ecological approach) ഉപരിയാണ്. നമുക്ക് പരസ്പരമുള്ള കരുതലും ഭൂമിയെക്കുറിച്ചുള്ള കരുതലും അഭേദ്യമാം വിധം ബന്ധപ്പെട്ടിരിക്കുന്നതാണ്. സമൂഹത്തെയും അന്താരാഷ്ട്ര കൂട്ടായ്മയെയും (society and the global community) അലട്ടുന്ന മുഖ്യവെല്ലുവിളികളിൽ ഒന്നാണ് കാലാവസ്ഥാവ്യതിയാനം (US Bishops).

അതേസമയം കാലാവസ്ഥാവ്യതിയാനം ഒരു പ്രശ്നമല്ല എന്ന് കരുതുകയും അതിന്റെ ഗൗരവം ലഘൂകരിക്കുകയും ചെയ്യുന്ന ആളുകളോട് പാപ്പാ വിയോജിക്കുന്നു. 73 ഖണ്ഡികകളുള്ള ഈ ചെറിയ ലേഖനത്തിൽ 10 ഖണ്ഡികകൾ അതിനായി മാറ്റിവെച്ചിരിക്കുന്നു. കാലാകാലങ്ങളിൽ ചൂടും തണുപ്പും വർധിക്കുകയും കുറയുകയും ചെയ്യുന്ന പ്രതിഭാസം ഉണ്ടാകാറുണ്ടെന്നും ഇന്ന് അത് തടയാൻ നടത്തുന്ന ശ്രമങ്ങൾ തൊഴിലില്ലായ്മ വർധിപ്പിക്കുമെന്നും അവർ വാദിക്കുന്നു.

എന്നാൽ പാപ്പായുടെ പക്ഷപ്രകാരം, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം അനേകം ആളുകളുടെ ജീവിതത്തെയും കുടുംബങ്ങളെയും രൂക്ഷമായി ബാധിക്കും. അതിന്റെ അനന്തരഫലങ്ങൾ ആരോഗ്യ പരിപാലനം, തൊഴിൽ സ്രോതസ്സുകൾ, വിഭവസാധ്യതകൾ, ഭവന നിർമാണം, നിർബന്ധിത ദേശാന്തരഗമനം തുടങ്ങിയ മേഖലകളിൽ നമുക്ക് അനുഭവപ്പെട്ടു തുടങ്ങും.

കാലാവസ്ഥാ വ്യതിയാനം എന്ന യാഥാർഥ്യം ഇപ്പോൾ ഇവിടെ വർധിതമാംവിധം അനുഭവവേദ്യമായിരിക്കുന്നു. ഇക്കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള അസാധാരണമായ കാലാവസ്ഥാ പ്രതിഭാസങ്ങളും പലപ്പോഴായുള്ള അമിത ചൂടിന്റെ കാലഘട്ടങ്ങളും അതോടൊപ്പം വരൾച്ചയും ഭൂമിയുടെ ഭാഗത്തുനിന്നുള്ള ഇതര പ്രതിഷേധ രൂപങ്ങളും ആർക്കും നിഷേധിക്കാനാവുന്ന യാഥാർഥ്യങ്ങൾ അല്ല. ഇവയെല്ലാം എല്ലാവരെയും ബാധിക്കുന്ന നിശ്ശബ്ദമായ രോഗത്തിന്റെ ചില പ്രകടമായ പ്രകാശനങ്ങളത്രേ.

ആഗോള ഊഷ്മാവ് 0.5 ഡിഗ്രി സെൽഷ്യസ് ഓരോ പ്രാവശ്യവും ഉയർന്നാൽ ചിലയിടങ്ങളിൽ ആവർത്തിച്ചുള്ള തീവ്രമഴയും ജലപ്രളയങ്ങളും വർധിക്കാനും മറ്റിടങ്ങളിൽ അതിശക്തമായ വരൾച്ചയും ഇനിയും ചിലയിടങ്ങളിൽ ഉഷ്ണക്കാറ്റും വേറേ ഇടങ്ങളിൽ തീവ്രമായ മഞ്ഞുവീഴ്ച്ചയും ഉണ്ടാകാൻ കാരണമാകുന്നു എന്നു നാം മനസ്സിലാക്കുന്നു. ഇപ്പോൾത്തന്നെ ഒരു വർഷത്തിൽ പലവട്ടം ഉഷ്ണതരംഗങ്ങൾ ഉണ്ടാകുന്നെങ്കിൽ ആഗോള ഊഷ്മാവ് 1.5 ഡിഗ്രി



സെൽഷ്യസ് ആയി ഉയർന്നാലുള്ള സ്ഥിതി എന്തായിരിക്കും!

ഈ സംഖ്യയിലേക്ക് നാം അടുത്തുകൊണ്ടിരിക്കുകയാണ്. അന്നേരം ഉണ്ടാകുന്ന ഉഷ്ണതരംഗങ്ങൾ കൂടെക്കൂടെ ഉള്ളതും അതിശക്തവും ആയിരിക്കും. അത് 2 ഡിഗ്രി സെൽഷ്യസ് ആയി ഉയർന്നാൽ ഗ്രീൻലാൻഡിലെ മഞ്ഞ് ശീർഷങ്ങളും അന്റാർട്ടിക്കയുടെ വലിയ ഭാഗങ്ങളും ഉരുകും; അത് ഓരോരുത്തർക്കും അതിഗുരുതരമായ അനന്തരഫലങ്ങൾക്ക് കാരണമാകും.

## മാനുഷിക കാരണങ്ങൾ

യഥാർഥത്തിൽ, വർധിതമായിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ പ്രതിസന്ധിയുടെ കാരണക്കാർ മനുഷ്യർ തന്നെയാണ്. അതേസമയം, ആ ഉത്തരവാദിത്വം എല്ലാവരുടെയുംമേൽ തുല്യമായി ചുമത്താനാവില്ല. സമ്പന്നരും ഏറെ

സ്വാധീനമുള്ളവരും ആയ ലോക നേതാക്കൾ അതിനു കൂടുതൽ ഉത്തരവാദികളാണ്; ഏറ്റവും കുറഞ്ഞ അളവിൽ ഹരിതഗ്രഹ വാതകങ്ങളുടെ പ്രസാരണത്തിനു കാരണക്കാരാകുന്ന ദരിദ്ര രാഷ്ട്ര ങ്ങളെ നമുക്ക് പഴിക്കാനാവില്ല.

വലിയ സാമ്പത്തിക ശക്തി കൾ കാലാവസ്ഥാപ്രതിസന്ധിയെ പ്രത്യേക താത്പര്യം ലഭിക്കേണ്ട ഒരു പ്രശ്നമായി പരിഗണിക്കു ന്നില്ല എന്നത് ഖേദകരമായ കാര്യ മാണ്. അവരുടെ താത്പര്യം ഏറ്റവും കുറഞ്ഞ ചിലവിൽ ഏറ്റവും കുറഞ്ഞ സമയത്ത് ഏറ്റവും കൂടിയ ലാഭം ഉണ്ടാക്കുക എന്നതത്രേ.

കാലാവസ്ഥാവ്യതിയാന ത്തിന്റെ ഒരു മുഖ്യ കാരണക്കാ രായി അമേരിക്കൻ ഐക്യനാടു കളെ പാപ്പാ ചൂണ്ടിക്കാണിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലെ ഓരോ വ്യക്തിയുടെയും പേരി ലുള്ള പ്രസാരണം, ചൈനയിൽ ജീവിക്കുന്ന വ്യക്തികളുടേതിൽ നിന്ന് രണ്ടിരട്ടിയും ഏറ്റവും ദരിദ്ര രാഷ്ട്രങ്ങളിൽ നിന്നുള്ള വ്യക്തി കളുമായി താരതമ്യപ്പെടുത്തിയാൽ ഏതാണ്ട് ഏഴ് ഇരട്ടിയും കൂടുത ലാണ്. അതിനാൽ, പാശ്ചാത്യ മാതൃകയിലുള്ള നിരുത്തരവാദ പരമായ ജീവിതശൈലിയിൽ നിന്നുള്ള ഒരു വിശാലമാറ്റം നിർ ണായകമായ ദീർഘകാല സുശക്ത അനന്തരഫലത്തിനു കാരണമാകും എന്ന് നമുക്കു പറയാനാവും.

കാലാവസ്ഥാപ്രതിസന്ധിയുടെ ചില അനന്തരഫലങ്ങൾ അടുത്ത പല നൂറ്റാണ്ടുകളിൽ ഒന്നും ഇല്ലാ താക്കാനോ പിൻവലിക്കാനോ സാധിക്കാത്തവിധത്തിൽ ആയി ത്തീർന്നിട്ടുണ്ട്; അതായത്, സമുദ്ര ങ്ങളിലെ ആഗോളതാപനത്തിലുള്ള വർധന, അവയുടെ അമ്ളവത്ക രണം, ഓക്സിജന്റെ കുറവ് എന്നിവ. സാഗരജലത്തെ സംബ ന്ധിച്ചിടത്തോളം വ്യതിയാനംവ രാത്ത ഒരു നിശ്ചിത ഊഷ്മാവു ണ്ട്; അവയുടെ ഊഷ്മാവും ഉപ്പുരസവും സാധാരണ നിലയിലാ കാൻ നൂറ്റാണ്ടുകൾ വേണ്ടിവരും.

എന്നാൽ അത് നാനാജാതി ജീവികളുടെ അതിജീവനത്തെ ബാധിക്കുന്നതാണ്. അതിനാൽ നമ്മുടെ പാതയിൽ സഹകാരികളാ യിരിക്കുക എന്നതിൽനിന്ന് മറ്റുപല ജീവികളും വഴിപിരിഞ്ഞിരിക്കുന്നു. ഇനി കൂടുതൽ ദുരന്തപൂർണമായ കെടുതികൾ സംഭവിക്കാതിരിക്കാ നായി അവ തടയാനായി വളരെ കുറച്ച് സമയം മാത്രമേ നമുക്ക്

അവശേഷിക്കുന്നുള്ളൂ. നമ്മുടെ സാഹിത്യകാരന്മാരുടെ സമീപകാല ത്തെ കൃതികളും ഇവിടെ സ്മര ണാർഹമാണ്: ഒ. എൻ. വി. കുറുപ്പ്, "ഭൂമിക്കൊരു ചരമ ഗീതം;" വൈക്കം മുഹമ്മദ് ബഷീർ, "ഭൂമിയുടെ അവകാശികൾ;" ഇഞ്ചക്കാട് ബാല ചന്ദ്രൻ, "ഇനി വരുന്നൊരു തലമു റയ്ക്ക് ഇവിടെ വാസം സാധ്യമോ?"

## സാങ്കേതികശക്തിയുടെ മാതൃകയിലെ പ്രശ്നം

നിലവിലുള്ള പാരിസ്ഥിതിക ഭ്രംശത്തിന്റെ ആധാരമായി നിൽ ക്കുന്ന സാങ്കേതിക ശക്തിയുടെ മാതൃകയെ (technocratic paradigm) പാപ്പാ അപലപിക്കുന്നു. നിർമിത ബുദ്ധിയും ഏറ്റവും അവസാനം ഉണ്ടായിട്ടുള്ള സാങ്കേതിക കണ്ടു പിടിത്തങ്ങളും ആരംഭിക്കുന്നത്, മനുഷ്യന്റെ സാധ്യതകൾക്ക് ഒരു പരിധിയുമില്ല എന്നും സാങ്കേതിക ശാസ്ത്രത്തിന്റെ സഹായത്താൽ മനുഷ്യന്റെ കഴിവുകളും സാധ്യത



കളും അനന്തമായ രീതിയിൽ വർധിപ്പിക്കാൻ സാധിക്കും എന്നു മുള്ള ആശയത്തിന്റെ അടിസ്ഥാന ത്തിലാണ്. ഈ വിധത്തിൽ സാങ്കേ തികശക്തി എന്ന മാതൃക ഭയാന കമാംവിധം തന്നത്തന്നെ ഭുജിച്ചു കൊണ്ടിരിക്കുന്നു.

വഴിതെറ്റിയ ഈ മാതൃകയുടെ പ്രശ്നം അത് പ്രപഞ്ചത്തിന്റെ നശീകരണത്തിന് കാരണമാകുന്നു എന്നതത്രേ; മാത്രമല്ല, അടിസ്ഥാന പരമായി അത് മനുഷ്യരെ സ്രഷ്ടാ വിന്റെ സ്ഥാനത്ത് കൊണ്ടുനിർ ത്തുന്നു എന്നതാണ് അതിന്റെ ധാർ മിക പ്രശ്നം. പ്രപഞ്ചത്തെ മുഴു വൻ വരുതിയിൽ ആക്കുകയും അടക്കി ഭരിക്കുകയും ചെയ്യുക എന്ന സാങ്കേതികശക്തിയുടെ സമീപനം ദൈവികതയുടെ സ്ഥാനത്ത് മനുഷ്യന്റെ അഹം ഭാവം പ്രതിഷ്ഠിക്കുന്നു. ഭാവനാ തീതമാംവിധം മാനുഷികശക്തി വർധിപ്പിക്കാം എന്നും അതിനു വേണ്ടി മാനുഷികമല്ലാത്ത എല്ലാ യാഥാർത്ഥ്യങ്ങളും മനുഷ്യന്റെ മുമ്പിൽ കേവലം സ്രോതസ്സുകൾ ആണെന്ന് മാത്രമുള്ള ചിന്തയാണി വിടെ. നാം കൃതജ്ഞതാപൂർവ്വം സ്വീകരിക്കുകയും ആദരിക്കുകയും വിലമതിക്കുകയും ചെയ്യേണ്ട

ദാനങ്ങളാണ് അസ്തിത്വമുള്ള എല്ലാ വസ്തുക്കളും എന്ന യാഥാർഥ്യം വിസ്മരിക്കപ്പെടുന്നു; മറിച്ച്, അവ മനുഷ്യ മനസ്സിന്റെയും കഴിവുകളുടെയും ഇഷ്ടാനിഷ്ടങ്ങൾക്കനുസൃതം കൈകാര്യം ചെയ്യാവുന്ന ഇരകളായി, അടിമകളായി, മാറുന്നു.

അതിനാൽ, മാനുഷിക ശക്തിയെയും അതിന്റെ അർഥത്തെയും പരിധികളെയുംകുറിച്ച് നാം പുനർവിചിന്തനം നടത്തേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഇക്കഴിഞ്ഞ കുറച്ചു ദശകങ്ങളിലായി നമ്മുടെ ശക്തി കടിഞ്ഞാൺ ഇല്ലാത്തവിധം വർധിച്ചിട്ടുണ്ട്. നമ്മൾ വിസ്മയാവഹവും ഭയാനകവുമായ സാങ്കേതിക പുരോഗതി കൈവരി ച്ചിട്ടുണ്ട്. എന്നാൽ, അതുവഴിയായി നാം അതീവ അപകടകാരികളായ ജീവികളായി ഭവിച്ചിരിക്കുന്നു എന്ന കാര്യം നാം മനസ്സിലാക്കിയിട്ടില്ല; മറ്റനേകം ജീവികളുടെ ജീവിതങ്ങളെയും നമ്മുടെയും തന്നെ അതിജീവനത്തെ അപകടപ്പെടുത്തുന്നവരും ആയി നാം മാറിക്കഴിഞ്ഞു.

## അന്താരാഷ്ട്ര രാഷ്ട്രീയത്തിന്റെ ബലഹീനതയും കാലാവസ്ഥാ സമ്മേളനങ്ങളും

കാലാവസ്ഥ പ്രതിസന്ധിക്ക് പരിഹാരം കാണാനായി അന്താരാഷ്ട്രതലത്തിൽ നടക്കുന്ന ശ്രമങ്ങൾ ദുർബലമാണെന്ന് പാപ്പാ കരുതുന്നു. ഇക്കഴിഞ്ഞ കാലഘട്ടത്തിൽ ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച സമ്മേളനങ്ങൾ പ്രതീക്ഷിച്ച ഫലങ്ങൾ പുറപ്പെടുവിച്ചില്ല. 2015-ലെ പാരീസ് സമ്മേളനം മാത്രം ചില നീക്കങ്ങൾക്ക് കാരണമായി ഭവിച്ചു; അത് കുറച്ചെങ്കിലും വിജയിച്ചു എന്ന് പറയാം. *Laudato Si* യുടെ സ്വാധീനം മൂലമാണ് അത് സംഭവിച്ചതെന്ന് നിരീക്ഷകർ കരുതുന്നു.

2023 ഡിസംബർ 1-3 വരെ ദുബായിൽ വച്ച് നടന്ന COP 28 സമ്മേളനത്തിൽ പങ്കെടുക്കാൻ ഫ്രാൻസിസ് പാപ്പാ തീരുമാനിച്ചിരുന്നു. എന്നാൽ അനാരോഗ്യം മൂലം അദ്ദേഹത്തിന് അത് സാധിച്ചില്ല. അദ്ദേഹത്തിനു പകരം Cardinal Pietro Parolin, Secretary of State, പങ്കെടുക്കുകയുണ്ടായി; പാപ്പായുടെ പ്രസംഗങ്ങൾ കർദിനാൾ പരോളിൻ അവിടെ വായിക്കുകയുണ്ടായി.

**ഉപസംഹാരം:**
## പ്രത്യാശ കൈവിടാതെ

ഇങ്ങനെയൊക്കെയാണെങ്കിലും നമുക്ക് പ്രത്യാശിക്കാതിരിക്കാൻ സാധിക്കുകയില്ല. പ്രത്യാശയ്ക്ക് ഒട്ടും വകയില്ല എന്ന് ധരിക്കുന്നത് ആത്മഹത്യാപരമായിരിക്കും. എന്തെന്നാൽ, അപ്രകാരം ചിന്തിക്കുന്നത് മനുഷ്യരാശിയെ മുഴുവൻ, ഏറെ പ്രത്യേകിച്ച് അതീവ ദരിദ്രരെ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും വലിയ ദുരന്തങ്ങളിലേക്ക് വിട്ടുകൊടുക്കുന്നതിനു തുല്യമായിരിക്കും എന്നു പാപ്പാ നിരീക്ഷിക്കുന്നു.

ഇക്കാര്യത്തിൽ, രാഷ്ട്രീയ - സാമൂഹ്യ രംഗത്ത് വ്യതിയാനങ്ങൾ വരുത്താൻ പ്രയത്നിക്കുന്ന ലോകത്തിലെ വിവിധ രാഷ്ട്രങ്ങളിൽ നിന്നുള്ള പരസ്പരം പിന്താങ്ങുന്ന ആളുകൾ (activists) പ്രവർത്തിക്കുന്ന വേദികളിൽനിന്ന്, അതായത് ലോകത്തിന്റെ താഴെത്തട്ടു



കളിൽനിന്ന്, ഉയരുന്ന ആവശ്യങ്ങൾ അധികാര സ്രോതസ്സുകളുടെമേൽ സമ്മർദം ചെലുത്തുന്നവയായിത്തീരാൻ സാധ്യതയുണ്ട്, എന്നു പാപ്പാ പ്രത്യാശിക്കുന്നു.

യഥാർഥത്തിൽ, ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചപ്പോൾ അത് വളരെ നന്നായിരിക്കുന്നു (ഉത്പ 1,31) എന്നു കണ്ടു എന്ന ബൈബിളിന്റെ പ്രസ്താവനയാണ് ഭൂമി സംരക്ഷണത്തിന് അടിസ്ഥാനമായി നിൽക്കുന്നത്. ദൈവം സ്നേഹപൂർവം നമുക്ക് നൽകിയ ഒരു ഭവനമാണിത്; ഇത് എല്ലാ സഹോദരരുമായി പങ്കുവെക്കപ്പെടേണ്ടതാണ്.

അതിനാലാണ് ദൈവത്തിന്റെ സ്വന്തമായുള്ള ഈ ഭൂമിയുടെമേൽ നമുക്ക് ഉത്തരവാദിത്വമുള്ളത്. ദൈവത്തോടുള്ള സ്നേഹം പ്രപഞ്ചത്തോടുള്ള നമ്മുടെ ആദരം വർധിപ്പിക്കുന്നു. അതായത്, നാം ദൈവത്തെ സ്നേഹിക്കുകയാണെങ്കിൽ ദൈവം സ്നേഹത്താൽ സൃഷ്ടിച്ച (GS, 19) ഈ പ്രപഞ്ചത്തെ നാം സ്നേഹിക്കാനും ആദരിക്കാനും കടപ്പെട്ടിരിക്കുന്നു.

ദൈവത്തിന്റെ സൃഷ്ടികളുടെ വിസ്മയനീയമായ സംഗീതമേളയുടെ മധ്യേ അനുപമവും കേന്ദ്രീകൃതവുമായ മൂല്യമാണ് മനുഷ്യ

നുള്ളതെന്നാണ് യഹൂദ-ക്രൈസ്തവ ദർശനം സമർഥിക്കുന്നത്. എന്നാൽ, ഇന്ന് പ്രതിഷ്ഠിക്കപ്പെട്ട ഒരു മനുഷ്യകേന്ദ്രീകൃതത്വം (situated anthropocentrism) മാത്രമേ സ്ഥാപിക്കപ്പെടാനാവൂ എന്നു മനസ്സിലാക്കാൻ നാം നിർബന്ധിതരായിരിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഇതര സൃഷ്ടികളെക്കൂടാതെ മനുഷ്യജീവിതം മനസ്സിലാക്കപ്പെടാനും നിലനിർത്തപ്പെടാനും ആവാത്തതുമായ ഒരു യാഥാ ർഥ്യമാണെന്ന തിരിച്ചറിവ്.

അതിനാൽ ശാസ്ത്രീയ സമൂഹത്തിന്റെ ഭാഗത്തുനിന്നുള്ള സംഭാവനകൾ സ്വീകരിച്ചു കൊണ്ടുതന്നെ സന്മനസ്സുള്ള എല്ലാവരും പരസ്പരം സഹകരിക്കാനും അതുവഴിയായി അർഥവത്തായ ഒരു സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുകയും, അങ്ങനെ ഹരിതഗ്രഹവാതകങ്ങളുടെ പ്രസാരണം ഒഴിവാക്കുന്ന നവ ഊർജസ്രോതസ്സുകളിലേക്ക് തിരിയാനും ലോകം തയ്യാറാകണമെന്ന് പാപ്പാ ആഹ്വാനം ചെയ്യുന്നു. സൗരോർജം, കാററൂർജം എന്നിവ ശുദ്ധമായ നവ ഊർജസ്രോതസ്സുകളാണ്.

*Laudate Deum* ആപത്സൂചക ധ്വനിയും വിശ്വാസബോധ്യ രേഖയുമാണ്.

*

## FEAST DAY OF BISHOPS

1. Rev. Fr. Peter Abir Antonysamy — April 07
2. Cardinal Mar George Alencherry — April 23
3. Mar George Madathikandathil — April 23
4. Rt. Rev. Dr. Varghese Chakkalakkal — April 23

# കർത്താവേ, ഞങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കുക. (ലൂക്കാ 11 : 1)





ബ്രദർ തോമസ് പോൾ
കൊടിയൻ

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രാർത്ഥന എന്ന ദൈവികദാനം എന്നുള്ളതും പ്രാർത്ഥന എന്ന മഹാവിസ്മയവും എന്നുള്ളതിനെയും പറ്റി കുറച്ചു കുറച്ചായി നാം പഠിക്കുകയും അതനുസരിച്ച് നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ വലിയ മാറ്റം പ്രാവർത്തികമാക്കാൻ എല്ലാവർക്കും സാധിച്ചു എന്ന് വിശ്വസിക്കുന്നു. കഴിഞ്ഞ ലക്കത്തിലെ ഈ പ്രബോധനങ്ങളനുസരിച്ച് നമ്മുടെ പ്രായോഗിക ജീവിതത്തിൽ വ്യത്യാസങ്ങൾ ഉണ്ടാക്കിയാലേ ഈ പ്രബോധന സപര്യ വിജയിക്കുകയുള്ളൂ. അതുകൊണ്ട് എല്ലാവരും കഴിഞ്ഞ ക്ലാസ് വീണ്ടും വായിക്കുകയും പഠിക്കുകയും ചെയ്ത് പ്രത്യേകിച്ച് അതിൽ പേരെടുത്തു പറഞ്ഞിരിക്കുന്ന എല്ലാ വിശുദ്ധരുടെയും ജീവിതവുമായിട്ട് നമ്മൾ ചേർന്ന് പുണ്യവാളന്മാരുടെ ഐക്യത്തിൽ നമുക്ക് മുന്നോട്ടു നീങ്ങാം.

ഈ ലക്കത്തിൽ പ്രാർത്ഥന ദൈവീകദാനം എന്ന പഠനം തുടരുന്നു. CCC 2559-ാം ഖണ്ഡിക വിശദമായി നാം കഴിഞ്ഞ ക്ലാസ്സിൽ പഠിക്കുകയായിരുന്നു. മതബോധന പുസ്തകത്തിൽ നിന്നുള്ള പഠനത്തിന്റെ ശൈലിയും അതോടൊപ്പം നാം പരിചയപ്പെട്ടു വരുന്നു.

CCC 2559-ാം ഖണ്ഡികയുടെ മാർജിനിൽ കുറിച്ചിരിക്കുന്ന 2613-ാം ഖണ്ഡികയും അതിൽ പഠിപ്പിക്കുന്ന വിശുദ്ധ ലൂക്കായുടെ


സുവിശേഷത്തിലെ ഈശോയുടെ തന്നെ പ്രബോധനങ്ങളുടെ മൂന്ന് സ്രോതസ്സും അതോടൊപ്പം 2763-ാം ഖണ്ഡികയിലെ മൂന്ന് സ്രോതസ്സുകളും പഠിക്കുകയും അതനുസരിച്ച് പ്രാർത്ഥനാ ജീവിതത്തെ കൂടുതൽ ശക്തമാക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുക എന്നതാണ് തുടർന്ന് നമുക്ക് പഠിക്കാനുള്ളത്.

CCC 2613: 'പ്രാർത്ഥനയെ കുറിച്ചുള്ള മൂന്ന് ഉപമകൾ വിശുദ്ധ ലൂക്കാ സുവിശേഷകൻ നമുക്കു വേണ്ടി രേഖപ്പെടുത്തിയിട്ടുണ്ട്' പ്രാർത്ഥനയെകുറിച്ചുള്ള ഈശോയുടെ പ്രബോധനങ്ങളിലെ വളരെ ശ്രേഷ്ഠമായ പ്രബോധനങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നതിനുമുൻപ് വിശുദ്ധ ലൂക്കാ സുവിശേഷകനെക്കുറിച്ചും വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിന്റെ പ്രത്യേകതയെക്കുറിച്ചും അല്പം പഠിക്കുന്നത് നന്നായിരിക്കും.

വിശുദ്ധ ലൂക്കായുടെ സുവിശേഷം ഈശോയുടെ പ്രാർത്ഥന ജീവിതത്തിന് പ്രാധാന്യം കൊടുത്തിട്ടുള്ളതാണ് എന്ന് CCC 2600-ൽ രേഖപ്പെടുത്തിയിരിക്കുന്നു. 'ക്രിസ്തുവിന്റെ ശുശ്രൂഷയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും പ്രാർത്ഥനയുടെ അർത്ഥവും വിശുദ്ധ ലൂക്കയുടെ സുവിശേഷം ഊന്നിപ്പറയുന്നുണ്ട്. തന്റെ ദൗത്യ നിർവഹണത്തിന്റെ നിർണായക നിമിഷങ്ങൾക്ക് മുമ്പ് യേശു പ്രാർത്ഥിക്കുന്നു'. വിശുദ്ധ മത്തായി, വിശുദ്ധ മർക്കോസ്, വിശുദ്ധ ലൂക്കാ, വിശുദ്ധ യോഹന്നാൻ എന്ന നാല് സുവിശേഷകരിൽ വിശുദ്ധ മത്തായിയും വിശുദ്ധ യോഹന്നാനും ഈശോയുടെ അപ്പോസ്തോലന്മാർ ആയിരുന്നു. എന്നാൽ വിശുദ്ധ മർക്കോസും വിശുദ്ധ ലൂക്കായും അപ്പസ്തോലന്മാർ ആയിരുന്നില്ല. പ്രത്യേകിച്ച് വിശുദ്ധ ലൂക്കാ ഒരു വിജാതിയനും അൽമായനും ഡോക്ടറും ചിത്രകാരനും ചരിത്രകാരനും പുതിയ നിയമത്തിലെ രണ്ടു പുസ്തകങ്ങളുടെ രചയിതാവും ആയിരുന്നു. മൂന്നാമത്തെ സുവിശേഷവും അപ്പസ്തോല പ്രവർത്തനങ്ങളും വിശുദ്ധ



ലൂക്കായുടെതാകുന്നു. വിശുദ്ധ ലൂക്കാ വിശുദ്ധ പൗലോസിന്റെ കൂടെ പ്രവർത്തിക്കുകയും മറ്റ് അപ്പസ്തോലന്മാരിൽ നിന്നും പരിശുദ്ധ അമ്മയിൽ നിന്നും ലഭിച്ച വിവരണങ്ങളിൽ നിന്നുമാണ് രചന നടത്തിയിട്ടുള്ളത്. പരിശുദ്ധാത്മാവിനെക്കുറിച്ചും സഭയുടെ ആദിമ പ്രവർത്തനങ്ങളെല്ലാം വളരെ മനോഹരമായി വർണ്ണിച്ച വിശുദ്ധ ലൂക്കാ അല്മായ വിശ്വാസികൾക്ക് സുവിശേഷവേലയിലുള്ള വിളിയുടെ ദൈവികപദ്ധതിയുടെ ഒരു ഉദാത്തമായ ഉദാഹരണം ആണെന്ന് സഭാപിതാക്കന്മാർ അഭിപ്രായപ്പെടുന്നു. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിന്റെ പ്രത്യേകതകളിൽ ചിലത് മനുഷ്യാവതാര രഹസ്യം - കർത്താവിന്റെ മാലാഖ പരിശുദ്ധ മറിയത്തോട് വചിച്ചത് - കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു. ഈശോയുടെ ബാല്യകാലവും ഈശോയുടെ വംശാവലിയും (ആദം വരെയുള്ളത്) രേഖപ്പെടുത്തിയിരിക്കുന്നു. സുവിശേഷങ്ങളുടെ സുവിശേഷം എന്ന് വിശേഷിപ്പിക്കുന്ന മുടിയനായ പുത്രന്റെ ഉപമ വിവരിക്കുന്ന 15-ാം അദ്ധ്യായം ദൈവകരുണയുടെയും ഈശോയ്ക്ക് പാപികളോടുള്ള രക്ഷിക്കുന്ന വാത്സല്യത്തിന്റെയും



ഏറ്റവും പ്രധാന പ്രബോധനം വിശുദ്ധ ലൂക്കാ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുപോലെ നല്ല സമരിയാക്കാരന്റെ ഉപമയും, ധനവാനും ലാസറിന്റെയും ഉപമയും, ഈശോ സക്കെവൂസിനെ കണ്ടുമുട്ടുന്നതും, കുരിശിൽ കിടന്ന നല്ല കള്ളനമായുള്ള ഈശോയുടെ സംഭാഷണവും എല്ലാം വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിന്റെ പ്രത്യേകതകളാണ്. പരിശുദ്ധാത്മാവിനെക്കുറിച്ചും, അതുപോലെ അപ്പസ്തോലപ്രവർത്തനത്തിലെ ആദിമ സഭയുടെ പന്തക്കുസ്തായിലൂടെയുള്ള തുടക്കവും, പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനങ്ങളും, വിശുദ്ധ പത്രോസിന്റെ പ്രസിദ്ധമായ പ്രസംഗങ്ങളും, പത്രോസിനെ കൊല്ലാൻ തടവറയിൽ അടച്ചപ്പോൾ മാലാഖ ഇടപെട്ടതും ഇരുമ്പ് കവാടങ്ങൾ താനെ

തുറന്നു പത്രോസ് പുറത്തു വന്നതും രേഖപ്പെടുത്തിയിരിക്കുന്നു. വിശുദ്ധ പൗലോസിന്റെ പ്രസിദ്ധമായ മാനസാന്തര അനുഭവം, കല്ലേറുകൊണ്ട സംഭവങ്ങളും, തടവറയിലെ അത്ഭുതങ്ങളും, കപ്പൽ അപകടങ്ങളും, മിഷനറി യാത്രകളും, ആദ്യത്തെ സൂനഹദോസ് ജറുസലേമിൽ നടന്നത് അപ്പസ്തോലപ്രവർത്തനം 15-ാം അധ്യായത്തിന്റെ സവിശേഷതയാണ്. പൗലോസിന്റെ ധീരമായ പോരാട്ടവും പീഡനങ്ങളിലും വീര്യം പകരുന്ന സഭയുടെ ആദ്യകാലങ്ങളും വിശ്വാസികളിൽ തീഷ്ണത പകരാൻ സഹായിക്കുന്നു.

വിശുദ്ധ ലൂക്കായുടെ സുവിശേഷം ഈശോയുടെ പൗരോഹിത്യ മുറപ്രകാരമുള്ള സുവിശേഷമാണ്. അതിനാലാണ് ലൂക്കാ സുവിശേഷത്തിന്റെ ചിഹ്നം 'കാള" ( Winged Ox) ആയിരിക്കുന്നത്. കാള ഭാരം ചുമക്കുകയും അവസാനം ബലിമൃഗമായി തന്നെത്തന്നെ സമർപ്പിക്കുന്നു. വിശുദ്ധ ലൂക്ക രക്തസാക്ഷിയായി ജീവൻ സമർപ്പിച്ചു. ഒക്ടോബർ 18-ാം തീയതിയാണ് തിരുനാൾ.

CCC 2613-ാം ഖണ്ഡികയിൽ പ്രാർത്ഥനയെ സംബന്ധിച്ച പ്രധാനപ്പെട്ട മൂന്നു ഉപമകൾ വിശുദ്ധ ലൂക്കാ നമുക്കുവേണ്ടി രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്ന് 'നിർബന്ധബുദ്ധിയായ സ്നേഹിതൻ '. മതബോധനഗ്രന്ഥത്തിൽ ''നിർബന്ധബുദ്ധിയായ സ്നേഹിതൻ' എന്ന് എഴുതിയിരിക്കുന്നിടത്ത് '75' എന്ന ഒരു നമ്പർ കാണാം. ഇവിടെ അടിക്കുറിപ്പിൽ 75 എന്നതിന് നേരെ എഴുതിയിട്ടുള്ള സ്രോതസ്സ് ശ്രദ്ധിക്കണം. അത് സുവിശേഷഭാഗമാണ്. ലൂക്കായുടെ സുവിശേഷം 11-ാം അദ്ധ്യായം 5 മുതൽ 13 വരെയുള്ള വചനങ്ങളാണ് അവിടെ സൂചനയായി ( reference) കൊടുത്തിരിക്കുന്നത്. അത് പഠന വിഷയമാക്കണം.

ലൂക്കായുടെ 11-ാം അധ്യായത്തിൽ ഈശോ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന പഠിപ്പിച്ചതിന് ശേഷം അതിന്റെ വിശദീകരണ പ്രബോധനമാണ് ഇവിടുത്തെ വിഷയം. ലൂക്കാ സുവിശേഷം 11-ാം അധ്യായത്തിൽ 5 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ വളരെ പ്രധാനമായ ഈശോയുടെ പ്രാർത്ഥനയെക്കുറിച്ചുള്ള പ്രബോധനം തന്നെ മൂന്ന് ഭാഗമായി നമുക്ക് പഠിക്കാം.

ഒന്നാം ഭാഗത്ത്, 'നിർബന്ധ ബുദ്ധിയായ സ്നേഹിതനെ' പോലെ പ്രാർത്ഥിക്കണം. പ്രാർത്ഥ നയുടെ പ്രായോഗികമായ ഒരു പ്രബോധനം എന്നാൽ, അതോ ടൊപ്പം അത് ഒരു മധ്യസ്ഥപ്രാർ ത്ഥനയുടെ പ്രബോധനം കൂടി യാണ്. ഒരുവൻ അയാളുടെ സ്നേ ഹിതനുവേണ്ടി മറ്റൊരു സ്നേഹി തനെ അർദ്ധരാത്രി ബുദ്ധിമുട്ടിച്ച് യാചിക്കുന്നു. 'സ്നേഹിതാ എനിക്ക് മൂന്ന് അപ്പം വായ്പ തരിക. ഒരു സ്നേഹിതൻ യാത്രാമധ്യേ എന്റെ അടുക്കൽ വന്നിരിക്കുന്നു. അവന് കൊടുക്കാൻ എനിക്ക് ഒന്നുമില്ല'. ഇതിന്റെ വ്യാഖ്യാനം സഭാപിതാക്കന്മാരുടെ വ്യാഖ്യാനം അടങ്ങിയിരിക്കുന്ന 'സുവർണ്ണ കണ്ണികൾ' (Catena Aurea) എന്ന സഭയുടെ ഔദ്യോഗിക സുവിശേ ഷവ്യാഖ്യാനം അനുസരിച്ച് നമുക്ക് പഠിക്കാം.


ആരാണ് ഈ സ്നേഹിതൻ? എന്താണ് ഈ യാത്ര ? മൂന്ന് അപ്പം എന്ന് കൃത്യമായി പറഞ്ഞിരിക്കു ന്നതിന്റെ അർത്ഥം എന്താണ്? അർദ്ധരാത്രി എന്നതിന്റെ വിവക്ഷ എന്താണ്?

പരിശുദ്ധാത്മാവിന്റെ സഹായ ത്തോടുകൂടി സഭയുടെ സുവി ശേഷ വ്യാഖ്യാനങ്ങളിൽ നിന്നും പഠിക്കുമ്പോൾ വ്യക്തമാകുന്നത് നിത്യപുരോഹിതനും ഏകമധ്യസ്ഥ നുമായ യേശുക്രിസ്തു തന്നെ യാണ് പ്രധാന സ്നേഹിതൻ. നമ്മൾ ഓരോരുത്തരുമാണ് യാത്രാ മധ്യേ അർദ്ധരാത്രിയിൽ ഭക്ഷിക്കാൻ ഒന്നുമില്ലാതെ അലയുന്ന ഈശോ യുടെ സ്നേഹിതർ. എന്നാൽ നമ്മുടെ മധ്യസ്ഥനും നിത്യപുരോ ഹിതനും സഭയുടെ ശിരസ്സാകുന്ന ഈശോ അർദ്ധരാത്രിയിൽ എല്ലാ പ്രതികൂല സാഹചര്യങ്ങളെയും തരണം ചെയ്തു തീഷ്ണതയോടെ തന്റെ പിതാവിന്റെ അടുക്കൽ നമുക്കുവേണ്ടി കേണപേക്ഷി ക്കുന്നു. കിട്ടുന്നതുവരെ നിർബന്ധ ബുദ്ധിയോടെ അപേക്ഷിക്കുന്നു. "എന്റെ കുഞ്ഞുങ്ങളും എന്റെ കൂടെ കിടക്കയിലാണ്' എന്നു പറ യുന്ന സ്നേഹിതൻ ദൈവപിതാ വാണ്.

'അർദ്ധരാത്രി'' എന്നതിന്റെ അർത്ഥം മനുഷ്യന്റെ അജ്ഞത യുടെ അവസ്ഥയാണ്. ദൈവത്തെ ക്കുറിച്ചുള്ള അജ്ഞത. ദൈവത്തെ ക്കുറിച്ചുള്ള അറിവിനായി ദാഹി ക്കുന്നതാണ് അർദ്ധരാത്രി. അതോ ടൊപ്പം അത് കിട്ടാതെ വിഷമി ക്കുന്ന അവസ്ഥയും. അതിനാൽ

ആ ആത്മാവിന് അടിയന്തരമായി പ്രാർത്ഥനാസഹായം വേണമെന്നും എന്തു ത്യാഗം സഹിച്ചും ആ ആത്മാവിനെ രക്ഷിക്കേണ്ട അവസ്ഥയാകുന്നു. അതോടൊപ്പം, അർദ്ധരാത്രിയിലാണ് അന്ധകാര ശക്തികളുടെ കൂടുതൽ ആക്രമണം ആത്മാവുകൾക്ക് അനുഭവപ്പെടുന്നത്. ഇതെല്ലാം പ്രാർത്ഥനയ്ക്ക് ആവശ്യമായ ഇന്ധനം പോലെയാണ് .

'മൂന്ന് അപ്പം' എന്നതിന് വിശുദ്ധ അഗസ്റ്റിനോസ് പഠിപ്പിക്കുന്നത് പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളുകളെക്കുറിച്ചുള്ള ജ്ഞാനമാണ്. സാധാരണയായി, നാം ചോദിക്കുന്നതിനു മുമ്പേ തന്നെ പിതാവ് നമ്മുടെ പ്രാർത്ഥന കേൾക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. നമുക്ക് വേണ്ടതെല്ലാം പിതാവ് തരും എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ ത്രിത്വത്തെക്കുറിച്ചുള്ള ജ്ഞാനം നമ്മുടെ ആത്മാവിൽ നിന്നും ദൈവത്തിന്റെ രഹസ്യങ്ങൾ അറിയാനുള്ള അഭിവാഞ്ഛയോടെ കൂടുതൽ ദാഹിച്ച് നിർബന്ധിച്ചു പ്രാർത്ഥിച്ചാലേ നമുക്ക് ലഭിക്കുകയുള്ളൂ. അതാണ് അവിടെ 'നിർബന്ധബുദ്ധി' എന്ന് പറയുന്നത്. അതോടൊപ്പം വിശുദ്ധ ജോൺ ഓഫ് ക്രോസ് "കർമ്മല മല കയറ്റം' എന്ന പുസ്തകത്തിൽ പഠിപ്പിക്കുന്നത് 3 അപ്പം എന്നത് മൂന്ന് ദൈവീക പുണ്യങ്ങളായ വിശ്വാസം, ശരണം, സ്നേഹം എന്നിവയാണ്. മൂന്ന് അപ്പം എന്നതിന് മറ്റൊരു അർത്ഥം രൂപപ്പെടുന്നത് ഈശോ ഈ ഉപമ പറയുന്നത് സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന പഠിപ്പിച്ചതിനു ശേഷം എങ്ങനെ അങ്ങനെ പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകതയെ ഊന്നിപറയുന്നതിനും ആ പ്രാർത്ഥനയുടെ ഉള്ളടക്കം വ്യക്തമാക്കുന്നതിനും കൂടി വേണ്ടിയാണ്. ( സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയെക്കുറിച്ച് CCC 2759 മുതൽ 2865 വരെയുള്ള 106 ഖണ്ഡികകൾ നമുക്ക് പിന്നീട് പഠിക്കാനുള്ളതാണ്). മൂന്ന് അപ്പം എന്നുള്ളത്



സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയുടെ ആദ്യത്തെ മൂന്ന് യാചനകളാണ്. ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച് ആദ്യത്തെ മൂന്ന് യാചനകൾ **1, പിതാവേ അങ്ങയുടെ നാമം പൂജിതമാകണമേ. 2, അങ്ങയുടെ രാജ്യം വരണമേ. 3, അന്നന്ന് വേണ്ട ആഹാരം ഓരോ ദിവസവും ഞങ്ങൾക്ക് തരണമേ.** വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് മത്തായി രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാണ്. വിശുദ്ധ ലൂക്കായിൽ 'പിതാവേ അങ്ങയുടെ നാമം പൂജിതമാകണമേ ' എന്ന് പ്രാർത്ഥിക്കുന്നിടത്ത് വിശുദ്ധ മത്തായിൽ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ' എന്നാണ്. രണ്ടിടത്തും ദൈവത്തിന്റെ മുൻകൈയെടുക്കലാണ് പ്രാർത്ഥനയുടെ ആരംഭം. എന്നാൽ വിശുദ്ധ മത്തായിയിൽ ഈശോ സകല ജനങ്ങളെയും ചേർത്തുപിടിച്ച് പിതാവിലേക്ക് തിരിഞ്ഞ് **'ഞങ്ങളുടെ പിതാവേ"** എന്ന് പ്രാർത്ഥിക്കുന്നു. എന്നാൽ വിശുദ്ധ ലൂക്കായിൽ **പൗരോഹിത്യശുശ്രൂഷ** ചെയ്യുന്നതായും മധ്യസ്ഥനായും **സഭയുടെ ശിരസായി നിന്നുകൊണ്ട്** ജനത്തിനുവേണ്ടി വ്യക്തിപരമായി പിതാവിനോട് യാചിക്കുന്നതോടൊപ്പം ദൈവമായി നമ്മുടെ പ്രാർത്ഥന ശ്രവിക്കുന്നു. അർദ്ധരാത്രിയിൽ വന്ന ആ സ്നേഹിതന്റെ പ്രാർത്ഥന ശ്രവിക്കുന്നു. അവന് വേണ്ടതെല്ലാം ഈശോ ചെയ്തു കൊടുക്കുന്നു.

'യാത്രാമധ്യേ' എന്നത് നാം എല്ലാവരും ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ ദൈവരാജ്യത്തിന്റെ പൂർണ്ണതയിലേക്കുള്ള തീർഥാടകരാണ്.

പ്രാർത്ഥനയുടെ മഹാവിസ്മയം പഠിച്ചുകൊണ്ടിരിക്കുന്ന നമ്മൾ പ്രാർത്ഥനയുടെ ഈ ആഴമായ പ്രബോധനങ്ങൾ പഠിച്ചാലേ ദൈവരാജ്യത്തിന്റെ കൃപ സമൃദ്ധമായി ലഭിക്കുകയും വ്യക്തിപരമായും സഭയുടെ അംഗമായും നമ്മുടെ ദൗത്യം കൃത്യനിഷ്ഠയോടെ ഫലപ്രദമായി പൂർത്തിയാക്കാൻ കഴിയുകയുമുള്ളൂ. നാം ഈശോയുടെ ശിഷ്യർ എന്ന നിലയ്ക്ക് നിത്യപുരോഹിതനായ ഈശോയോടൊപ്പം പിതാവിനോട് കൂടുതൽ നിർബന്ധബുദ്ധിയോടെ



പ്രാർത്ഥിച്ച് പരിശുദ്ധാത്മാവിനാലും പരിശുദ്ധ ത്രിത്വത്തിന്റെ പങ്കാളിത്തത്തിനായും പ്രാർത്ഥിക്കണം.

ചോദിക്കുവിൻ, അന്വേഷിക്കുവിൻ, മുട്ടുവിൻ ( Ask , Seek, Knock)

മേൽ പറഞ്ഞ കാര്യം തന്നെ ഈശോ കൂടുതൽ ലളിതമായും ശക്തമായും ഈ ഉപമയുടെ രണ്ടാം ഭാഗത്തിൽ പഠിപ്പിക്കുന്നു എന്നു മാത്രമല്ല പ്രാർത്ഥനയുടെ ഒരു വലിയ സിദ്ധാന്തം (Doctrine) ഇതിലൂടെ നമുക്കായി ഈശോ നൽകുന്നു. ഞാൻ നിങ്ങളോടു പറയുന്നു: ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ; നിങ്ങൾക്കു തുറന്നു കിട്ടും. എന്തെന്നാൽ ചോദിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറന്നു കിട്ടുകയും ചെയ്യുന്നു.(ലൂക്കാ 11 : 9-10). വീണ്ടും മൂന്നു കാര്യങ്ങൾക്ക് ഇവിടെ പ്രാധാന്യമുണ്ട്. പ്രാർത്ഥനയുടെ പഠനത്തിൽ. അതും മൂന്ന് അപ്പംപോലെ തന്നെ ആയിരിക്കാം. 1, ചോദിക്കുവിൻ (Ask). 2, അന്വേഷിക്കുവിൻ (Seek) 3, മുട്ടുവിൻ (knock).

തുടർന്നുള്ള പ്രബോധനത്തിൽ ഈശോ പഠിപ്പിക്കുന്നു നാം എന്തു മനോഭാവത്തോടെ ചോദിക്കണം, അന്വേഷിക്കണം, മുട്ടണം? നിങ്ങളിൽ ഏതൊരു പിതാവാണ് മകൻ മീൻ ചോദിച്ചാൽ പകരം പാമ്പിനെ കൊടുക്കുക? മുട്ട ചോദിച്ചാൽ പകരം തേളിനെ കൊടുക്കുക? (ലൂക്കാ 11 : 11-12 ) കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) 2778-ാം ഖണ്ഡികയിൽ പഠിപ്പിക്കുന്ന 5 കാര്യങ്ങൾ ഇതോടെ ചേർന്ന് നമുക്ക് പഠിക്കേണ്ടിയിരിക്കുന്നു. CCC 2778-ൽ ഇങ്ങനെ പഠിപ്പിക്കുന്നു: കർത്തൃപ്രാർഥനയിലേക്കു നമ്മെ നയിക്കുന്ന ആത്മാവിന്റെ ഈ ശക്തി പൗരസ്ത്യ പാശ്ചാത്യ ആരാധനക്രമങ്ങളിൽ താഴെപ്പറയുന്ന മനോഹരവും സവിശേഷമാംവിധം ക്രിസ്തീയ

വുമായ പ്രയോഗത്തിലൂടെ അവതരിപ്പിക്കപ്പെടുന്നു: പറേസ്സിയ, അതായത് (5 കാര്യങ്ങൾ) വളച്ചുകെട്ടില്ലാത്ത ലാളിത്യം, പുത്രസഹജമായ ആശ്രയബോധം, സന്തോഷപൂർവകമായ ഉറപ്പ്, എളിമ നിറഞ്ഞ ധീരത, സ്നേഹിക്കപ്പെടുന്നു എന്ന ഉറപ്പ്. പിതൃ പുത്ര ബന്ധമാണ് പ്രാർത്ഥനയുടെ നിർബന്ധബുദ്ധിയുടെ രഹസ്യം.

അവസാനമായി, നാം എന്താണ് പ്രധാനമായി പ്രാർത്ഥിക്കേണ്ടത്? അതാണ് ഇതിന്റെ മൂന്നാം ഭാഗം. CCC 2613-ലെ ആദ്യഭാഗം നമ്മെ പഠിപ്പിക്കുന്നത് 'ഒരുവന് ആവശ്യമുള്ളതെന്തും സർവ്വോപരി, എല്ലാ ദാനങ്ങളെയും ഉൾക്കൊള്ളുന്ന പരിശുദ്ധാത്മാവിനെയും സ്വർഗീയ പിതാവ് നൽകും'. അതുതന്നെയാണ് ഈശോ ലൂക്കായുടെ സുവിശേഷത്തിൽ 11-ാം അധ്യായത്തിൽ പഠിപ്പിക്കുന്നതും.... സ്വർഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല! (ലൂക്കാ 11 : 13). നമ്മുടെ പ്രാർത്ഥനകളെല്ലാം ഭൗതികതയ്ക്ക് കൂടുതൽ ഊന്നൽ കൊടുക്കാതെ ആദ്യം നിങ്ങൾ അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക എന്ന ആത്മീയതയ്ക്ക് കൂടുതൽ ഊന്നൽ കൊടുക്കണം.

### നമുക്ക് പ്രാർത്ഥിക്കാം

പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ. ഞങ്ങളുടെ ഹൃദയങ്ങളിലെ അർദ്ധരാത്രി, കൂരിരുട്ട് അകറ്റി പ്രകാശം പകരണമേ. ആത്മാവിന്റെ ദൈവീകപുണ്യങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്ന മൂന്നപ്പം ഞങ്ങൾക്ക് നൽകണമേ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അന്നന്ന് വേണ്ട ആഹാരം ഞങ്ങൾക്ക് നൽകണമേ. പരിശുദ്ധാത്മാവിന്റെ എല്ലാ ദാനങ്ങളും ഫലങ്ങളും ഞങ്ങൾക്ക് നൽകണമേ. ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ. ആമ്മേൻ

*

# സിനഡാത്മകതയും സഭാജീവിതവും





**ബ്രദർ റൂബൻ വെൻസസ്
പള്ളിപ്പറമ്പിൽ**

**കെസിബിസി ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച പ്രബന്ധമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ രചന**

(കഴിഞ്ഞ ലക്കത്തിൽ നിന്നു തുടർച്ച)

## 1. സിനഡാത്മകതയും സഭാജീവിതവും എങ്ങനെ പ്രാവർത്തികമാക്കാം?

### 1.1. സഭാശരീരത്തിന്റെ അണുവായ കുടുംബങ്ങളിൽ നിന്ന്.

ഇന്ന് ലോകം മൊബൈലിന്റെയും സാമൂഹ്യമാധ്യമങ്ങളുടെയും പിന്നാലെ പോയിരിക്കുകയാണ്. കാരണം എപ്പോൾ മൊബൈൽ തുറക്കുമ്പോൾ അപ്പോൾ ഞാൻ പറയുന്നത് കേൾക്കാനും മറുപടി പറയാനും തയ്യാറായി ആരെങ്കിലും ഉണ്ടാവും. എന്നാൽ കുടുംബങ്ങളിൽ ജന സംഖ്യ കുറയുന്നു, സംസാരിക്കാനും – പറയാനും – കേൾക്കാനും ആരുമില്ലാത്ത അവസ്ഥ. പ്രായമായവരെ നോക്കാൻ സമയമില്ലാത്തതുമൂലം അനാഥാലയങ്ങളിലാക്കി, മാസം തോറും അവർക്കുള്ളത് കൊടുക്കു

ന്നത് ഒരു രീതിയായി മാറിക്കൊണ്ടിരിക്കുന്നു. പുറംരാജ്യങ്ങളിലേക്കു പഠിക്കാൻ വിടുന്ന മക്കളുടെയും അവസ്ഥ ഇതുതന്നെ. അവർക്കും ആവശ്യമുള്ള പണം കൊടുക്കും. വീട്ടുകാർക്ക് സ്വന്തം മാതാപിതാക്കന്മാരോടും മക്കളോടും സംസാരിക്കാൻ സമയമില്ലാത്ത അവസ്ഥ. എല്ലാവർക്കും തിരക്ക്! തിരക്ക് കഴിഞ്ഞ് ആരോടെങ്കിലും സംസാരിക്കാം എന്ന് വിചാരിച്ച് വരുമ്പോൾ കുഴിയിലേക്ക് കാല് നീട്ടാനുള്ള സമയമാകും.

ഈശോ ജനിച്ച് വളർന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലാണ്. കുടുംബങ്ങൾക്ക് സഭയിൽ അവിഭാജ്യമായ സ്ഥാനമാണുള്ളത്. സഭാജിവിതം നയിക്കുന്നവരും ഇല്ലാത്തവരും ഉണ്ടാകുന്നതും, വളർന്നുവരുന്നതും കുടുംബങ്ങളിൽനിന്നാണ്. മക്കളും മാതാപിതാക്കളും മുതിർന്ന മാതാപിതാക്കളും ഉള്ള കുടുംബം എത്ര സന്തുഷ്ടമാണ്!. അവരുടെ വിഷമങ്ങളും സങ്കടങ്ങളും പറയാനും കേൾക്കാനും എല്ലാറ്റിനും കുടുംബത്തിൽ അവസരമുണ്ട്. പൊതുവായ കാര്യങ്ങൾ ചർച്ച ചെയ്യുന്നു. കുഞ്ഞുമക്കൾക്ക് കഥകൾ പറ



ഞ്ഞുകൊടുക്കുന്നു. സംശയങ്ങൾ ദുരീകരിക്കുന്നു. ഇടയ്ക്കിടെ വൈദികരുടെയും സന്യസ്തരുടെയും സന്ദർശനം - അവരുടെ മാതൃകാപരമായ ജീവിതം - യുവതീയുവാക്കന്മാർ സഭയ്ക്കും സമുദായത്തിനും വേണ്ടി നിലകൊള്ളുന്നത്, നല്ല ജീവിതാന്തസ്സിലേക്ക് പ്രവേശിക്കുന്നത്, നല്ലൊരു തലമുറയെ വാർത്തെടുക്കുന്നത്, സ്വർഗ്ഗമാകുന്ന കുടുംബത്തെ ലക്ഷ്യം വച്ച് പ്രയാണം ചെയ്യുന്ന ഇതല്ലേ ഈശോയും അപ്പസ്തോലന്മാരും സ്വപ്നം കണ്ട കുടുംബം. ഇതിന് എതിരായി വരുന്നതെല്ലാം സിനഡാത്മകതയ്ക്ക് എതിരാണ്. കുടുംബങ്ങളെ ഊട്ടിയുറപ്പിക്കാൻ വൈദികർക്കും സന്യസ്തർക്കും പങ്കുണ്ട്. ‘‘ബുദ്ധിമുട്ടും പ്രശ്നങ്ങളും ഇല്ലാത്ത ലോകം കാണാൻ സാധിക്കുകയില്ല - പക്ഷേ അവയെ എങ്ങനെ നേരിടുന്നു എന്നതിലാണ് കാര്യം.

## 1.2. ഇടവക – കുടുംബകൂട്ടായ്മ, സംഘടനകൾ.....

പത്ത് പന്ത്രണ്ടുകൊല്ലം വേദോപദേശം പഠിച്ച ഒരു പെൺകുട്ടി എന്നോട് ചോദിച്ചു. ഇത്രയും നാൾ സഭയ്ക്കുവേണ്ടി ഓടി, സംഘടനകൾക്കു വേണ്ടി പ്രവർത്തിച്ചു എനിക്ക് അത്യാവശ്യം മാർക്കുണ്ട്. എന്നിട്ടും എനിക്ക് നമ്മുടെ സ്ഥാപനങ്ങളിൽ സീറ്റില്ല! എന്നാൽ മറ്റുള്ള സമുദായത്തിലുള്ളവർക്ക് സീറ്റുണ്ട് സൗകര്യമുണ്ട്. എന്തുകൊണ്ട് എനിക്ക് സീറ്റില്ല?

നാട്ടിൽ ജോലിയില്ലാത്തതുകൊണ്ട് യുവതലമുറ ജോലിതേടി പുറത്തേയ്ക്ക് പോകുന്നു. സഭയ്ക്കു എന്ത് ചെയ്യാൻ കഴിയും? ദൈവജനം ഇടയനില്ലാത്ത ആടുകളെ പോലെയാകുമ്പോൾ സഭ വേണം നയിക്കാൻ. നമ്മുടെ സ്ഥാപനങ്ങളിൽ ആവുന്നത്ര ജോലി നല്കുക, യുവതലമുറയെ പ്രോത്സാഹിപ്പിക്കുക. അതിനായി എന്തുകൊണ്ട് സഭ മുൻകൈയെടുക്കുന്നില്ല? യുവതലമുറ നേരിട്ടുകൊണ്ടിരിക്കുന്ന LBGTQ + എന്ന മേഖലകളിൽ സഭയുടെ നിലപാടെന്താണ്? കാലിന്റെ അടിയിലെ മണ്ണ് ഒഴുകിപ്പോകുന്നതുവരെ നോക്കിനിന്നിട്ട് ഒഴുകിപ്പോയി കഴിയുമ്പോൾ പിന്നെ കാലെടുത്തു കുത്താൻ മണ്ണ് ഉണ്ടാവുകയില്ല.

വിവാഹം കഴിയാതെ നിൽക്കുന്ന ആയിരക്കണക്കിന് യുവതീയുവാക്കളുടെ കണക്ക് സഭയുടെ കൈയിലുണ്ട്, കല്യാണം കഴിഞ്ഞാൽ മാത്രം പോരാ അടുത്ത തലമുറയ്ക്ക് ജന്മം കൊടുക്കുന്ന കുടുംബങ്ങളാകണം. നിങ്ങൾ ഭൂമിയിൽ പെരുകാനാണ് ദൈവം കല്പിച്ചിരിക്കുന്നത്. പുതിയ തലമുറ ഇല്ലാതെ എങ്ങനെ പുതിയ ദൈവവിളികൾ ഉണ്ടാവും? സഭയല്ലാതെ വേറെ ആര് ഇതിനെ പ്രോത്സാഹിപ്പിക്കും. സമുദായ ബോധവും, സഹോദരസ്നേഹവും ഇല്ലാതെ സഭയ്ക്ക് വളർച്ച ഉണ്ടാവുകയില്ല.

ഒത്തിരിപ്പേരുടെ വലിയ പ്രശ്നങ്ങളിലൊന്നാണ് സഭാകോടതിയുടെ വിവാഹമോചന കേസായി പരിണമിക്കുക. വൈദികരും സന്യസ്തരും അല്മായരും ഒന്നിച്ചു ചേർന്ന് പോകുമ്പോൾ ഇടവക, തിരുകുടുംബത്തിന്റെ ഉദാത്ത മാതൃകയാകും.

ഇപ്രകാരം ചില ചിന്തകൾ മാത്രം ഫ്രാൻസീസ് പാപ്പ പറഞ്ഞു.

ആടുകളുടെ മണം ഉള്ളവരായിരിക്കണം ഇടയന്മാർ; ആടുകളുടെ അടുത്ത് അവർ സമയം ചിലവഴിക്കണം. മുതിർന്നവരോട് ഇടപഴകാൻ സമയം കണ്ടുപിടിക്കണം, സംസാരിക്കണം, അവരെ സംഘടിപ്പിക്കണം. യുവാക്കളോട് സംസാരിക്കണം. അവരുടെ പ്രശ്നങ്ങൾ കേൾക്കണം. പരിഹാരം കാണണം അമ്മച്ചിമാരോട്, കുഞ്ഞുമക്കളോട് സംസാരിക്കണം. കാരണം വി. അംബ്രോസ് മെത്രാനായി തിരഞ്ഞെടുക്കുന്ന അവസരത്തിൽ ആത്മാവ് സംസാരിച്ചത് ഒരു ചെറിയ ബാലനിലൂടെയാണ്. ദാനിയേലിന്റെ പുസ്തകത്തിൽ സൂസന്നയെ കൊലക്കളത്തിലേക്ക് നയിച്ചപ്പോൾ ദൈവത്തിന്റെ ആത്മാവ് സംസാരിച്ചത് കൊച്ചു ദാനിയേലിലൂടെയാണ്. എല്ലാവരെയും കേൾക്കാനും ശ്രവിക്കാനും മനസ്സിലാക്കാനും പഠിക്കാനും ഒരുമിച്ച് നമുക്ക് സാധിക്കണം.

ഇടവകകളിൽ വികാരിയച്ചന്മാരെയും സന്യസ്തരെയും സംരക്ഷിക്കേണ്ടത് ഇടവകക്കാരുടെ ചുമതലയാണ്. നമ്മുടെ സ്വത്താണ് അവർ ഇസ്രായേൽക്കാരുടെ നിലവിളി കേട്ടിട്ടാണ് ദൈവം മോശയെ കൊടുത്തത്. അതുപോലെതന്നെ ഓരോ നാടിന്റെയും ആവശ്യത്തിനനുസരിച്ചാണ് ദൈവം ഓരോരുത്തരെയും അയയ്ക്കുന്നത്. ആരും പൂർണ്ണരായി ജനിച്ചവരല്ല. എന്നാൽ എല്ലാവരും പരിപൂർണതയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. ദൈവജനത്തിന്റെ ഇടയിലേക്ക് ഇറങ്ങിയാൽ ദൈവജനം എന്നും സഭാതനയരുടെ കൂടെ ഉണ്ടാവും എന്നുള്ളത് ഉറപ്പാണ്. ഇങ്ങനെ ജീവിക്കാൻ തുടങ്ങിയാൽ തിരുക്കുടുംബ അനുഭവം ഇടവകകളിൽ ഉണ്ടാവും.

### 1.3. രൂപതാ സംവിധാനം

മെത്രാൻ എന്ന വാക്കിന്റെ അർത്ഥം മേൽനോട്ടം വഹിക്കുന്നയാൾ എന്നാണ്. ഗ്രീക്ക് ഭാഷയിൽ എപ്പിസ്കോപ്പോസ് എന്നാണ് പറയുക, ഇതിൽ നിന്നാണ് ബിഷപ്പ് എന്ന പദമുണ്ടായത്. അപ്പസ്തോലൻമാരുടെ പിൻഗാമിയെന്നും, മെത്രാന് സാർവ്വത്രിക സഭയെ സംബന്ധിച്ച ഉത്തരവാദിത്വത്തിൽ പങ്കുണ്ട്. പ്രാദേശിക സഭാ സംവിധാനത്തിന്റെ തലവനാണ് മെത്രാൻ. തന്റെ രൂപതയിലെ വൈദികരെ പരസ്പരം കോർത്തിണക്കി കൊണ്ടുപോകാനുള്ള ഉത്തരവാദിത്വം മെത്രാനുണ്ട്. അതുപോലത്തന്നെ

സന്യസ്തരെയും വേണ്ട രീതിയിൽ നയിക്കാൻ മെത്രാൻ ശ്രദ്ധിക്കണം.

### 1.4. എക്യുമെനിക്കൽ സഭ – ആഗോള സഭ

കാലഘട്ടത്തിന് വേണ്ട മാറ്റങ്ങൾ സഭ സ്വീകരിച്ചിട്ടുണ്ട്. പക്ഷേ അതെല്ലാം പഠനങ്ങളുടെയും വിലയിരുത്തലുകളുടെയും ശേഷം മാത്രം. പാശ്ചാത്യസഭയും പൗരസ്ത്യസഭയും മറ്റ് ഇതര സഭകളും തമ്മിൽ നല്ല കൂട്ടായ്മയിലാണ് പോകുന്നത്. ഇപ്രകാരം മലങ്കര സഭ അനുരഞ്ജനത്തിലേക്ക് വന്നത് എത്രയോ അഭിനന്ദനാർഹമാണ്. ഇതുപോലെ മാറ്റങ്ങളും അനരഞ്ജനങ്ങളും സഭയിൽ വന്നാൽ സഭാജീവിതത്തിനെ സിനഡാത്മകതയെ ഒത്തിരി വളർത്തും.

## 2. ഏതെല്ലാം വഴികളിലൂടെ വളർച്ച സാധ്യമാക്കാം?

### 2.1. യാത്രയിൽ ഒരുമിച്ച് നടക്കാം

ലോഗോയിൽ സൂചിപ്പിക്കുന്നതുപോലെ കുഞ്ഞുകുട്ടികൾ മുതൽ വയസ്സായവർ, സന്യസ്തർ, സന്യാസിനീസന്യാസിനികൾ, തുടങ്ങിയവർ എല്ലാവരും സ്വർഗ്ഗത്തിലേക്ക് ഒരുമിച്ച് യാത്ര ചെയ്യുന്നവരാണ്. വി. മത്തായി ശ്ലീഹാ ഇപ്രകാരം പഠിപ്പിക്കുന്നു. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും (മത്താ 18:20). യാത്ര എങ്ങോട്ട്? വഴി എങ്ങനെ? ഈശോ പറയുന്നു "ഞാനാണ് വഴിയും സത്യവും ജീവനും എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് പ്രവേശിക്കുന്നില്ല. ക്രിസ്തുവിന്റെ മൗതീക ശരീരത്തിലെ അംഗങ്ങളായ നമുക്ക് ഒരുമിച്ച് സ്വർഗ്ഗത്തിലേക്ക് യാത്രചെയ്യാം.

### 2.2. ശ്രവിക്കുക

കേൾക്കുക എന്നതിനെക്കാൾ നല്ല പദം ശ്രവിക്കുക എന്നതാണ്. ശ്രവിക്കുന്നത് ഹൃദയം കൊണ്ടാകും. ഈശോ സക്കേവൂസിന്റെ അടുത്തും, അന്ധനായ ബർത്തേമിയുസിന്റെ അടുത്തും, പത്രോസ് ശ്ലീഹായുടെ അടുത്തും സംസാരിക്കുന്നതിനായി പോകുന്നത് നമുക്ക് കാണാം. അതിനെക്കാളുപരി അവരെ ശ്രവിക്കാനായിട്ടുള്ള അവസരം അവർക്ക് കൊടുക്കുന്നതായിട്ടും നമ്മൾ കാണുന്നുണ്ട്.

സമൂഹത്തിൽ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പണത്തിന്റേതല്ല. മറിച്ച് ശ്രവിക്കാനായിട്ട് ആരുമില്ല എന്നതാണ്. തെരഞ്ഞെടുക്കപ്പെട്ടവർ ശ്രവിക്കാനായിട്ട് സമയം



കണ്ടെത്തുന്നുണ്ടോ? വി. ഡൊമിനിക്ക് ഇപ്രകാരം പറയുന്നു "സന്യാസിനി ആദ്യം ദൈവത്തോട് സംസാരിക്കണം പിന്നീട് മനുഷ്യരോട്" തെരഞ്ഞെടുക്കപ്പെട്ടവർ പാവങ്ങളായ മനുഷ്യരെ കേൾക്കണം. ദൈവത്തിന്റെ കൃപകൾ മനുഷ്യർക്ക് നല്കിയിരിക്കുന്നത് പൊതുനന്മയ്ക്കായിട്ടാണ്.

## 2. 3. ആഘോഷിക്കുക

ഒരുമിച്ച് യാത്ര ചെയ്യുന്നതിന്റെ ഭാഗമാണ് "ആഘോഷം. ക്രൈസ്തവരുടെ ജീവിതത്തിന്റെ കേന്ദ്രമാണ് വി. കുർബാന, കൂദാശകൾ, കൂദാശാനുകരണങ്ങൾ തുടങ്ങിയവ. വി. കുർബാന ആഘോഷമാക്കിയാൽ അപ്പം മുറിക്കലും വചനം മുറിക്കലും വിഭജിക്കലും ജീവിതത്തിന്റെ ആഘോഷമാക്കി കൊണ്ടു നടക്കാൻ ക്രൈസ്തവജീവിതം സഹായിക്കണം.

നിങ്ങൾ പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം (സു+വിശേഷം=നല്ല+വിശേഷം) പ്രഘോഷിക്കുവിൻ" (മർക്കോസ് 16:20) *Evangeli Nuntiandi* ഇത് ആവർത്തിക്കുന്നു. "നിങ്ങളുടെ പ്രവൃത്തികളാകുന്ന വെളിച്ചം മറ്റുള്ളവരുടെ മുന്നിൽ പ്രകാശിക്കട്ടെ (മത്തായി 5:14–16). അസ്സീസിയിലെ വി. ഫ്രാൻസീസ് ഇപ്രകാരം പഠിപ്പിക്കുന്നു "എപ്പോഴും സുവിശേഷം പ്രഘോഷിക്കുക ആവശ്യമെങ്കിൽ മാത്രം പകർന്നുകൊടുക്കുന്നതുമായ പുതിയ വ്യത്യസ്ത രീതികളിൽ മാധ്യമങ്ങൾ ഉപയോഗിക്കണം. കാരണം വിശ്വാസം കേൾവിയിൽ നിന്നാണ് (റോമ 10:14). അയ്ക്കപ്പെട്ടാലെ പ്രസംഗിക്കാൻ സാധിക്കുകയുള്ളൂ.

## 2.5. മിഷനിൽ പങ്കാളിയാവുക

വി. പോൾ ആറാമൻ പാപ്പ പഠിപ്പിക്കുന്നത് ഇപ്രകാരണാണ് "സഭ സുവിശേഷകയാണ്. അവർ ദൗത്യം ആരംഭിക്കുന്നത് തന്നെത്തന്നെ സുവിശേഷവത്കരിച്ചുകൊണ്ടാണ്. (EN 14) വി. കൊച്ചുത്രേസ്യ അഖില ലോക മിഷനറിയായത് മിഷനിൽ പോയി ശുശ്രൂഷചെയ്തട്ടല്ല: മറിച്ച് അവൾ തന്റെ നാലുകെട്ടിൽ നിന്നു കൊണ്ട് അവൾക്കു ചെയ്യാൻ പറ്റുന്ന നന്മ പ്രവർത്തി




കൾ അവൾ മിഷനുവേണ്ടി സമർപ്പിച്ചു. നമുക്കും നമ്മുടെ അനുദിനജീവിതത്തിൽ ചെയ്യുന്ന കാര്യങ്ങൾ ചെയ്ത് സഹായിക്കുക. അത് ജീവിത സാക്ഷ്യം വഴിയും, പ്രവർത്തനം വഴിയും, തന്നാൽ ആവുന്ന വിധത്തിലുള്ള സഹായത്താലുമാണ്.

**2.6. ഒരുക്കം**

വ്യക്തിപരമായുള്ള ഒരുക്കത്തിൽ ആദ്ധ്യാത്മികമായ മേഖലയിലും മാനസികമായ മേഖലയിലും ഒരുങ്ങാൻ സാധിക്കും. സിനഡാത്മകതയ്ക്കുവേണ്ടി സഭയ്ക്കായി ചെയ്യാൻ പറ്റുന്ന നന്മ പ്രവൃത്തികൾ ചെയ്യുക. സിനഡാത്മകതയ്ക്കുവേണ്ടി പ്രവർത്തിക്കുക, എഴുതുക, മീറ്റിങ്ങിൽ പങ്കെടുക്കുക. ആദ്ധ്യാത്മികമായ ഒരുക്കം പ്രാർത്ഥന തന്നെയാണ്. പരി. പിതാവ് ഫ്രാൻസിസ് തന്റെ ലിസ്ബണിൽ വെച്ച് നടന്ന അഖില ലോകയുവജന മീറ്റിംഗിൽ പ്രാർത്ഥന ആവശ്യപ്പെട്ടിട്ടുണ്ട്.

എന്റെ വ്യക്തിപരമായിട്ടുള്ള അഭിപ്രായത്തിൽ സഭ കാലത്തിനനുസൃതമായ മാറ്റങ്ങൾക്ക് എന്നും വിധേയമാണ്. ഇതൊരു മാറ്റത്തിന്റെ സമയമാണ്. എവിടെ അനുരഞ്ജനവും, ശ്രവിക്കലും, സംഭാഷണവും, തീരുമാനവും ഉണ്ടാകുന്നോ അവിടെ സക്കേവൂസിന്റെ അടുത്ത് ഈശോ വന്ന് സമാധാനം കൊടുത്തതുപോലെ, രക്ഷകന്റെ – എമ്മാനുവേൽ അനുഭവം ഉണ്ടാകുന്നു. 99നെ തേടി വന്നവനല്ല എന്റെ ഈശോ. കൂട്ടം തിരിഞ്ഞുപോയ ഒന്നിനെ തേടി കൂട്ടത്തിൽ ചേർക്കാൻ വന്നവനാണ് അവൻ. രക്ഷിച്ചവനെ കൂടെ നിർത്തി നടത്തി കൊണ്ടുപോകാനുള്ള ദൗത്യമാണ് സഭ നമുക്ക് തരുന്നത്. പങ്കാളിത്തത്തിലൂടെ കൂട്ടായ്മയിൽ ഒരുമിച്ച് സ്വർഗ്ഗം ലക്ഷ്യം വച്ച് നീങ്ങുന്നവരായിരിക്കണം ക്രൈസ്തവർ. റോമിലെ സഭയിൽ ഇക്കഴിഞ്ഞ ഒക്ടോബർ 4–29 വരെ നടന്ന സിനഡിന്റെ മീറ്റിങ്ങിൽ 365 പേർ പങ്കെടുത്തു. അതിൽ സ്ത്രീകളും ബിഷപ്പല്ലാത്തവരും ഉൾപ്പെടുന്നു. തുടർന്ന് 29ന്




നടന്ന സമാപന ദിവ്യബലിയിൽ പാപ്പാ സിനഡിനെപ്പറ്റി സംസാരിക്കുകയും ചെയ്തിരുന്നു. വലിയ മാറ്റങ്ങൾ നമുക്ക് കാണാൻ സാധിക്കട്ടെ. സിനഡിന്റെ സമയപരിധി ഒക്ടോബർ മാസംവരെ നീട്ടിയിരിക്കുകയാണ്.

## ഉപസംഹാരം

അവസാനമായി പൗലോസ് ശ്ലീഹാ നമ്മെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു. യുഗങ്ങളുടെ അവസാനം നമ്മളിലാണല്ലോ എത്തിയിരിക്കുന്നത്'' (കോറി 10:11). കൊറോണ എന്ന ഭീകര വ്യാധിയിൽ നിന്നും സ്വർഗ്ഗമാകുന്ന ലക്ഷ്യത്തിൽ നങ്കൂരമിട്ട് പത്രോസിന്റെ നൗകയിൽ യാത്ര ചെയ്തുകൊണ്ടിരിക്കുന്ന പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു (നടപടി 2:42). പങ്കുചേർന്നതുപോലെ കൂട്ടായ്മ, ഭാഗഭാഗിത്വം, ദൗത്യം എന്നിവയിൽ സഭ മുഴുവനായി പങ്കുചേരണം. സഭാജീവിതം നയിക്കുന്നവർക്ക് നമ്മിൽ കൂട്ടായ്മയും പങ്കാളിത്തവും ഉണ്ടാവണം. കാരണം നേതൃത്വം നൽകുന്നവൻ തീക്ഷ്ണതയോടെയും നയിക്കണം എന്ന് ബൈബിളിൽ പറഞ്ഞ് വയ്ക്കുന്നു.

*

# പാപസർപ്പപിശാചിന്റെ തല
## തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ





**എം. കോഴിമണ്ണിൽ**

(കഴിഞ്ഞ ലക്കം തുടർച്ച)

അല്പനേരം കഴിഞ്ഞപ്പോൾ, (മുകളിലെ വെൺമേഘങ്ങൾ ചൂണ്ടിക്കാണിച്ച്) ഇതുപോലെയുള്ള, എന്നാൽ കണ്ണഞ്ചിക്കുന്ന പ്രഭയുള്ള മേഘക്കൂട്ടത്തിൽ നിന്നും ഇരുകരങ്ങളിറങ്ങി വന്ന് എന്റെ ഇരുകരങ്ങളിലും പിടിച്ച് എന്നെ ഉയർത്തി നിർത്തി.

ആ ഇരുകര സ്പർശനത്തിൽ എന്റെ ഈ ചങ്കിലേക്ക് എന്തോ ഒന്നും ചങ്കിൽ നിന്ന് ആ കരങ്ങളിലേക്ക് എന്തോ ഒന്നും തിരിച്ചൊഴുകുന്നതു പോലെയൊരു തോന്നൽ. ഒരു വലിയ ശക്തി. മനസ്സിലേക്ക് വലിയൊരു വെളിച്ചം എപ്പോഴും ഒഴുകി വരുന്നതു പോലെയൊരു തോന്നൽ.

പറഞ്ഞറിയിക്കാൻ വയ്യാത്ത സന്തോഷവും ആനന്ദവും എല്ലാം കൂടി ചേർന്ന ഒരവസ്ഥ. ചൂടോ തണുപ്പോ അതുപോലെ ചുററുപാടുമുള്ളതൊന്നും അറിയാത്തതുപോലെ.

നിന്നു നാലുപാടും നോക്കിയപ്പോൾ ഞാൻ പറയുന്ന നമ്മുടെ ആദ്യത്തെ തറവാട്, ഏദൻ പറുദീസ, കൺകുളിർക്കെ കണ്ടു. കണ്ണടയ്ക്കാൻ തോന്നിയില്ല. അത്രയ്ക്കു സുന്ദരം, മനോഹരം. നല്ല മധുരമനോഹരമായ സംഗീതത്തിന്റെ സ്വരം എല്ലായിടത്തും. ഒരു പ്രത്യേക പ്രകാശം ഏദൻതോട്ടത്തിൽ എപ്പോഴും പരന്നിരുന്നു.

കർത്താവ് എപ്പോഴും അടുത്തുണ്ടായിരുന്നു.

കർത്താവിനു ചുറ്റും മധുരസംഗീതസ്വരത്തിൽ സ്തുതി കീർത്തനങ്ങളാലപിച്ച് മാലാഖാവൃന്ദങ്ങളുമുണ്ടായിരുന്നു. ഇതുവഴി പറന്നു നട

ക്കുന്ന പ്രാവുകളെപ്പോലെ വെൺ ചിറകുകളടിച്ച് മേഘങ്ങളുടെ നടുവിൽ കർത്താവിനു ചുറ്റും കാണുന്ന ആ മാലാഖമാർ സ്വർഗ്ഗം നിറയെയുമുണ്ടെന്ന് പിന്നീട് കർത്താവിൽ നിന്നറിഞ്ഞു.

കർത്താവ് അടുത്തു വരുമ്പോൾ സംഗീതം കൂടുതൽ മധുരമുള്ളതായി തീർന്നിരുന്നു. അതുപോലെ മനംമയക്കുന്ന മാസ്മരരശ്മികൾ കർത്താവിനെ വലയം ചെയ്തിരുന്നു.

എപ്പോഴും കർത്താവിന്റെയടുത്തായിരിക്കണമെന്നുള്ള ആഗ്രഹം എനിക്കുണ്ടായിരുന്നു – വലിയൊരു സ്നേഹം.

എനിക്കു കർത്താവിനോടുള്ളതിലധികമായി കർത്താവിന് എന്നോട് ആ സ്നേഹമുണ്ടെന്നു ഞാൻ കർത്താവിൽ നിന്നു തന്നെ അറിഞ്ഞു.

കൂടെ നടക്കുമ്പോൾ വെറും ശൂന്യതയിൽ നിന്നും ഈ പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ച കാര്യവും എന്നെ മണ്ണുകൊണ്ടു മെനഞ്ഞ് ജീവനൂതിത്തന്ന കാര്യവുമെല്ലാം വിവരിച്ചു തരുമായിരുന്നു.

സർവ്വപ്രപഞ്ചത്തിന്റെയും നാഥനും സ്രഷ്ടാവുമായ താൻ, ഒരിക്കൽ ഞാനുമെത്തിച്ചേരേണ്ട സ്വർഗ്ഗ സാമ്രാജ്യത്തിന്റെ സൃഷ്ടിക്കപ്പെടാത്തതും ആദിയും അന്തവുമില്ലാത്ത ദൈവമാണെന്നും തന്നെ കർത്താവ് എന്നു വിളിച്ചാൽ മതിയെന്നും സ്നേഹപൂർവ്വം പറഞ്ഞു തരുമായിരുന്നു.

തോട്ടം മുഴുവൻ പലതരം പഴങ്ങൾ നിറഞ്ഞ മരങ്ങൾ.

നിറത്തിലും മണത്തിലും വലിപ്പത്തിലും ഒന്നൊന്നിനേക്കാൾ വ്യത്യസ്തം.

എന്നാൽ രുചിയിൽ ഒന്നൊന്നിനെ വെല്ലുന്ന ഭാവം.

എല്ലാം കാണിച്ചു തന്നുകൊണ്ട് കർത്താവു പറഞ്ഞു.

'ഇതിന്റെയെല്ലാം ഉടമ നീ തന്നെ. യഥേഷ്ടം പറിച്ചു ഭക്ഷിക്കാം.'

'എന്നാൽ ....'

തോട്ടത്തിന്റെ നടുവിലുള്ള ജീവന്റെ വൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും കാണിച്ചു കൊണ്ടു പറഞ്ഞു.

'അതിന്റെ ഫലം നീ പറിക്കുകയോ തിന്നുകയോ ചെയ്യരുത്. അങ്ങനെ ചെയ്താൽ നീ മരിക്കും.'

'ഇല്ല കർത്താവേ, ഞാനായിട്ടതു ചെയ്യുകയില്ല.' ഞാൻ പറഞ്ഞു

എല്ലാം തികഞ്ഞ, ഒന്നിനും കുറവില്ലാത്ത ഈ തോട്ടത്തിൽ ഞാൻ തനിച്ചു കഴിയുന്നതു നല്ലതല്ലെന്നു കർത്താവിനു തോന്നി.

അങ്ങനെയാണു നിങ്ങളുടെ ഈ അമ്മയുണ്ടായത്.

(തുടരും)



ഫെവ. ഡോ. പ്രീമൂസ്
പെരിഞ്ചേരി

# വിശ്വാസജീവിതം

വിശ്വാസമല്ലോ വെളിച്ചം, നമ്മൾക്കു
ജീവൻ നല്കും ശ്വാസം
സ്വർഗത്തിലേക്കുള്ള യാത്രയിൽ നമ്മൾക്കു
ശക്തി പകർന്നിടും ആശ്വാസം!

വിശ്വാസചൈതന്യമാർജിക്കണം, നമ്മൾ
വിശ്വാസപാതയിൽ നീങ്ങേണം
വിശ്വാസത്യാഗികളാകാതെ നമ്മൾ
സുസ്ഥിരവിശ്വാസം ജീവിക്കണം

കണ്ണിനാൽ കാണാത്തതുണ്ടെന്ന ബോധ്യം
ദൈവത്തിലുള്ള വിശ്വാസം
സ്വർഗസൗഭാഗ്യവും പരലോകവാഴ്ചയും
വരുമെന്ന പ്രത്യാശയാണു വിശ്വാസം!

വിശ്വാസദാർഢ്യമുണ്ടാകുവാൻ നമ്മൾക്കു
വേണ്ടതു പ്രാർഥനയല്ലോ
സഹജർക്കു നന്മകൾ ചെയ്തുള്ള ജീവിതം
സത്യമാം വിശ്വാസദൃഷ്ടാന്തമാം

ചെറുകഥ

# യാക്കോബിന്റെ കിണർ





**ജോസ് മാത്യു മൂഴിക്കുളം**

ഗാസയിലെ വെസ്റ്റ് ബാങ്ക് അൽഷിഫ ആശുപത്രിയിലെ റിസപ്ഷനിസ്റ്റായ മരിയം പൊട്ടിക്കരഞ്ഞുകൊണ്ടേയിരിക്കയാണ്....

പ്രകാശിച്ചു കൊണ്ടിരുന്ന ബൾബുകൾ വളരെ പെട്ടന്നാണ് മിഴിയടച്ചുകളഞ്ഞത്. ആശുപത്രിയിലേയ്ക്കുള്ള വൈദ്യുതി പൂർണ്ണമായും നിലച്ചിരിക്കുന്നു.... മരിയത്തിന്റെ ഹൃദയതാളം മുറുകി... ഇൻകുബേറ്ററിൽ ഉള്ള നാൽപത്തിമൂന്ന് കുഞ്ഞുങ്ങൾ ദൈവമേ.... ലാൻഡ് ഫോണുകൾ പണ്ടേ നിശ്ചലമായിരിക്കുന്നതിനാൽ അവസാന പ്രതീക്ഷയോടെ വളരെ വേഗത്തിൽ തന്റെ കുപ്പായത്തിനുള്ളിലേയ്ക്ക് മൊബൈൽ ഫോണിനായി അവൾ കൈയിട്ടു. പീഡിയാട്രിഷ്യനായ ഡോക്ടർ ഇറീന അലറികൂവിക്കൊണ്ട് ഇതിനകം റിസപ്ഷനിലേയ്ക്ക് പാഞ്ഞെത്തി. എന്താണ് അവർ പറയുന്നതെന്ന് അവർക്ക് തന്നെ നിശ്ചയമുണ്ടായിരുന്നില്ല. മരിയം കുപ്പായത്തിൽനിന്ന് സെൽ ഫോണെടുത്തു. എവിടേയ്ക്കാണ് വിളിച്ചതെന്നറിയില്ല. നമ്പർ പോകുന്നില്ല. ഒരു നമ്പറിലേയ്ക്കും ഡയൽ ആകുന്നില്ല. ഡോക്ടർ ഇറീന കരഞ്ഞുകൊണ്ട് തിരിച്ചോടി. പ്രതീക്ഷ തീരെ ഇല്ലാതിരുന്നിട്ടും മരിയം വീണ്ടും ലാൻഡ്ഫോണെടുത്തു. അനക്കമില്ല. കരഞ്ഞുകൊണ്ടുതന്നെ

മുഖം ഉയർത്തുമ്പോൾ തന്നത്തന്നെ നോക്കിനിൽക്കുന്ന ഒരു ഇസ്രായേലി പട്ടാളക്കാരന്. മരിയം റിസീവർ താഴെയിട്ട് ഇരകൈകൾ കൊണ്ടും അയാളുടെ കുപ്പായത്തിന്റെ കോളറിൽ പിടിച്ച് അലറി.

''കുഞ്ഞുങ്ങൾ ....അവരെ കൊല്ലരുതേ .... വൈദ്യുതിയില്ലെങ്കിൽ അവർ ഉടൻ മരിച്ചുപോകും''

''അറിയാം.... അവരെ വേഗം ഷിഫ്റ്റ് ചെയ്യുകയാണ്. ഈ മെസേജ് മറ്റാർക്കും പാസ് ചെയ്യരുത്. ആരും അനങ്ങിപ്പോകരുത്.

എത്രവേഗത്തിലാണ് പുറത്ത് ആംബുലൻസുകൾ തയ്യാറായിവന്നെത്തിയത്. കുഞ്ഞുങ്ങളെ അതിവേഗം ആംബുലൻസുകളിൽ കയറ്റുന്നു. പട്ടാളക്കാർ, ഡോക്ടർ ഇറീനയെയയും നഴ്സുമാരെയും ഒപ്പം കയറ്റുകയാണ്. വന്ന ആംബുലൻസുകളെല്ലാം കുതിച്ചുപായുന്നു. മരിയം പുറകിയിലേയ്ക്കും ചാരി ചുമരിലൂടെ താഴോട്ട് ഊർന്ന് തറയിൽ ഇരുന്നുപോയി. തന്നെ നോക്കി നിൽക്കുന്ന നേരത്തെ കണ്ട പട്ടാളക്കാരനോട് കൈക്കൂപ്പികൊണ്ട് അവൾ ചോദിച്ചു.

''എന്തിനാണ് ഇതൊക്കെ.... എന്നെ ഒന്നു കൊണ്ടുകളയുമോ? പ്ലീസ്. ജീവിക്കേണ്ട എനിക്കിനി. എന്റെ ഉറ്റവരെല്ലാം പോയിക്കഴിഞ്ഞു.''

അയാൾ ഒന്നും മിണ്ടിയില്ല. അവളെ വെറുതെ ഒന്നു നോക്കിയതിനു ശേഷം വീണ്ടും പുറത്തേയ്ക്കുതന്നെ നോക്കിനിന്നു.

"താങ്കളുടെ ഉദ്ദേശ്യം എന്താണ്. തെരുവിൽ നിറയെ ടാങ്കുകൾ നിറഞ്ഞിരിക്കുന്നു. ഞാൻ കേട്ടിട്ടുണ്ട്, യുദ്ധഭൂമിയിൽ ടാങ്കുകളെന്നത് വെറും വിളിപ്പേരുമാത്രം. മുരണ്ടു നീങ്ങുന്നത് ഉദ്ധരിച്ച ലിംഗങ്ങൾ.... നിങ്ങൾക്കു എന്തുവെണമെങ്കിലും എന്നെ ചെയ്യാം. നിങ്ങളുടെ നടപടികൾ കഴിഞ്ഞാൽ ജീവൻ എന്റെ ശരീരത്തിൽ ബാക്കിയുണ്ടെങ്കിൽ എന്നെ ഇവിടെ ഇട്ടിട്ടുപോകരുതേ. തീർത്തേക്കണം. പ്ലീസ്...." ദയനീയ ഭാവത്തിൽ അവൾ നോക്കി.

മരിയത്തിന്റെ നെറ്റിയിൽ പടരുന്ന ഏതാനും രക്തത്തുള്ളികൾ അപ്പോഴാണ് അയാളുടെ കണ്ണിൽപ്പെട്ടത്. വേഗം അവളുടെ അടുത്ത് അവൻ ഇരുന്നു. ശിരോവസ്ത്രം മെല്ലെ നെറ്റിക്കും മുകളിലേയ്ക്ക് അയാൾ ഉയർത്തി. ഭയത്തോടെ അയാൾ മുറിവിലേയ്ക്കു നോക്കി. ശിരോവസ്ത്രം ഒരു സ്ത്രീയുടെ അനുവാദമില്ലാതെ ഒരു പുരുഷൻ ഉയർത്തണമെങ്കിൽ അയാൾ അവ

ളുടെ കണവനായിരിക്കണം. അല്ലെങ്കിൽ അവൻ അവളെ മാനഭംഗപ്പെടുത്താൻ പോവുകയാവണം മൂടൂപടം ഉയർത്തുമ്പോൾ മരിയം പ്രതിഷേധിച്ചില്ല. അവൾ കണ്ണുകളടച്ചു. അവൻ അവളുടെ മുറിവുകൾ ശ്രദ്ധിച്ചു. മുറിവ് നന്നേ ചെറുതാണ് സാരമുള്ളതല്ല വെപ്രാളത്തിനിടയിൽ എവിടെയോ തട്ടി മുറിഞ്ഞാതായിരിക്കണം, എങ്കിലും ഒരു ഫസ്റ്റ് എയിഡ് ആവശ്യമുണ്ട്.

“മരിയം” യൂണിഫോമിലെ അവളുടെ പേര് നോക്കി അവൻ വിളിച്ചു.

“മരിയം, ക്ഷമിക്കണം. കുറച്ചു ദിവസമായി ഞങ്ങളുടെ നിരീക്ഷണത്തിലായിരുന്നു നീ. ഭീകരരുടെ കൂട്ടാളിയാണോ നീ എന്നുള്ള സംശയം ഞങ്ങൾക്ക് ആദ്യം ഉണ്ടായിരുന്നു. നിരപരാധിയാണ് നീയെന്ന് പിന്നീട് ബോധ്യമായി. മുറിവേറ്റ നിന്നെ ഇവിടെനിന്നും മാറ്റുകയാണ്, അടുത്ത ആശുപത്രിയിലേയ്ക്ക്. നിന്നെപ്പോലുള്ള നിരപരാധികളെ അവർ മനുഷ്യകവചമാക്കുകയായിരുന്നു. ഇവിടം അപകടമാണ്, വേഗം പുറത്തുകടക്കണം”

അനുവാദത്തിന് കാത്തുനിൽക്കാതെ അവൻ അവളെ ഇരുകൈകളിൽ വാരിയെടുത്തുയ പുറത്ത് കിടന്നിരുന്ന മറ്റൊരു ചെറിയ വാഹനത്തിലേയ്ക്ക് മരിയത്തെക്കൊണ്ടു വന്ന് സീറ്റിൽ ചാരിയിരുത്തി. അതൊരു ആംബുലൻസായിരുന്നില്ല. ചെറിയ വാഹനമായിരുന്നു. പട്ടാളവേഷം ധരിച്ച ഒരു മധ്യവയസ്കൻ ആണ് സീറ്റിൽ ഇരുന്നിരുന്നത്. വാഹനത്തിൽ കയറി വാതിലടഞ്ഞ ഉടനെ വാഹനം അതിവേഗം മുന്നോട്ടു നീങ്ങി. ഇടയ്ക്ക് വഴിയിൽ വാഹനം നിറുത്തി. മുറിവേറ്റ ഏതാനും പേരെ അവിടെനിന്നും കൊണ്ടുപോകാൻ ഉണ്ടാവണം. അതോ വഴിയിൽ അപകടമില്ലെന്നുള്ള സിഗ്നലിനായുള്ള കാത്തുനിൽപോ?

മരിയം ഉറങ്ങിപ്പോയിരുന്നു. എപ്പഴോ കണ്ണുതുറന്നു നോക്കിയപ്പോൾ ചെറുപ്പക്കാരനായ ആ പട്ടാളക്കാരൻ മരിയത്തിന്റെ അടുത്ത് വാഹനത്തിൽത്തന്നെ ഇരിപ്പുണ്ട്. അവൾ ഉണർന്നെന്നു കണ്ടപ്പോൾ പുറത്ത് വഴിയരുകിൽ കാണുന്ന കമനീയമായി സംരക്ഷിക്കപ്പെട്ടിരിക്കുന്ന ഒരു കിണർ മരിയത്തെ അയാൾ ചൂണ്ടിക്കാണിച്ചു കൊടുത്തു. ചിരപരിചിതത്തോടെന്ന മട്ടിൽ അയാൾ പറഞ്ഞു: “മരിയം പൂർവപിതാക്കൻമാരായ ഇസഹാക്കും യാക്കോബും മോശയും അവരുടെ ജീവിതസഖികളെ കണ്ടെത്തിയത് ഇതുപോലത്തെ ഒരു കിണറ്റിൻകര

യിലായിരുന്നു എന്നു കേട്ടിട്ടുണ്ട്. ഈ കിണറിനെ സാക്ഷി നിറുത്തി ചോദിക്കട്ടെ. പോരുന്നോ കൂടെ എന്റെ നാട്ടിലേയ്ക്ക്". ഇങ്ങനെ സംസാരിക്കാൻ പാകത്തിന് മരിയം ഇതിനകംതന്നെ ആ ചെറുപ്പക്കാരന്റെ ഹൃദയത്തിനുളളിൽ ഇടം നേടിക്കഴിഞ്ഞിരുന്നു. അയാൾ തുടർന്നു "മരിയത്തിന് ആരുമില്ലെന്നല്ലേ പറഞ്ഞത്, തലയിലെ മുറിവ് കരിഞ്ഞാൽ നിന്നെ ഒരു ഷെൽറ്ററിലേയ്ക്ക് മാറ്റുകയാണ്. പേടിക്കേണ്ട. നിന്നെപ്പോലുള്ളവരും, നിന്റെ കൂട്ടത്തിലുള്ളവരും മാത്രം താമസിക്കുന്ന ഒരു ഇടമാണത്. ഷെൽട്ടറിൽ നിങ്ങൾ സുരക്ഷിതരായിരിക്കും. അവിടെനിന്ന് ഞാൻ തിരിച്ചുപോകുമ്പോൾ കൂടെ വരാം. എന്റെ ജീവിതത്തിലേയ്ക്ക്. താത്പര്യമെങ്കിൽ മാത്രം.".

മരിയം തല ആ ചെറുപ്പകാരന്റെ തോളിൽ ചായ്ച്ചു. അവളാകട്ടെ ആ കിണറിനെനോക്കി അവനോട് മെല്ലെ ഇങ്ങനെ പറഞ്ഞു.

"പ്രണയത്തിൽ തുടങ്ങി പ്രണയത്തിലൊടുങ്ങേണ്ട വെറുമൊരു കിണർ മാത്രം അല്ലിത്. കേട്ടിട്ടില്ലേ, യാക്കോബിന്റെ കിണർ എന്ന് ആ കിണറാണിത്. സമരിയാക്കാരി പെൺകുട്ടിയെ ജീവിതത്തിലേയ്ക്കു പറിച്ചു നടാൻ ജീസസ് കാത്തിരുന്നത് ഈ കിണറിന്റെ വക്കത്ത്."

അയാൾക്ക് അതൊരദ്ഭുതമായിരുന്നു.

"എനിക്ക് കുടിക്കാൻ തരുമോ." അവൾ ചുണ്ടനക്കി.

അവൻ നീട്ടിയ കുപ്പിയിൽ നിന്ന് ഓന്നോ രണ്ടു കവിൾ വെള്ളം ആർത്തിയോട അവൾ കുടിച്ചു.

സീറ്റിലിരുന്നുകൊണ്ടുതന്നെ വലതുകൈ കൊണ്ട് അവൻ അവളെ ചേർത്തുപിടിച്ചു. എവിടെനിന്നോ പറന്നു വന്ന് വാഹനത്തിനകത്തുകയറിയ,, യുദ്ധഭൂമിയിൽ നാളിതുവരെയും കാണാത്ത ഒരു ചിത്രശലഭം അവരിരുവരെയും വട്ടമിട്ടു പറന്നുകൊണ്ടിരുന്നു. അവന്റെ തോളിൽ കല ചായ്ച്ച് അവൾ മെല്ലെ ഉറക്കത്തിലേയ്ക്കു വീണു....ശാന്തമായി.... മരിയത്തിന്റെ തലയിലെ മുറിവിനെക്കുറിച്ചുള്ള അവന്റെ കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് എന്നന്നേയ്ക്കുമായുള്ള ഒരു ഉറക്കമായിരുന്നു അതെന്നുമാത്രം അവൻ അറിഞ്ഞതേയില്ല.

അവരുടെ വാഹനം അപ്പോഴും കിണറ്റിൻകരയിൽ തന്നെയായിരുന്നു. യാക്കോബിന്റെ അതേ കിണറ്റിൻ കരയിൽ!

*

പ്രിയരേ,


കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) യുടെ ഔദ്യോഗിക മുഖപത്രമായ താലന്ത് 1978 മുതൽ പാലാരിവട്ടം പി.ഒ.സി.യിൽനിന്നു പ്രസിദ്ധീകരിച്ചുവരികയാണല്ലോ. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മനസിലാക്കിക്കൊണ്ട് അനിവാര്യമായ മാറ്റങ്ങളോടെ ഈ മുഖപത്രം കേരളസഭയിലെ എല്ലാ വിശ്വാസിസമൂഹത്തിനും ലഭ്യമാക്കത്തക്കവിധം പുതുമകളോടെ പ്രസിദ്ധീകരിക്കുകയാണ്. കേരളസഭയെ സംബന്ധിക്കുന്ന ഔദ്യോഗിക വിഷയങ്ങൾ, മതബോധനം എന്നിവ കൃത്യമായും നേരിട്ടും പഠിക്കുവാൻ ഈ സംരംഭത്തോട് സ്നേഹപൂർവം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാർഷിക വരിസംഖ്യ - Rs. 180**
**മൂന്ന് വർഷത്തേക്ക് - Rs. 500**

ഈ തുക മണിഓർഡർ വഴി അയ്ക്കാവുന്നതാണ്.
**അയക്കേണ്ട വിലാസം**

**TALENT MAGAZINE**
Pastoral Orientation Centre (P.O.C.)
P.B. No. 2251, Palarivattom P.O.
Kochi-682025.

Contact Number : 94474 41109




സ്നേഹപൂർവം,
**ഫാ. ടോണി കോഴിമണ്ണിൽ**
**ചീഫ് എഡിറ്റർ**

## കെസിബിസി ബൈബിൾ കമ്മീഷൻ
## ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ

(ന്യായാ 1:10, ലൂക്കാ 9:16, 2 കോറി 7:13, പ്രഭാ 34:40)

1. അമോര്യരുടെ അതിർത്തി എവിടംവരെയായിരുന്നു?
സേലാമുതൽ മുകളിലേക്ക് അക്രാബിം കയറ്റംവരെ (ന്യായാ 1:36)

2. ഇസ്രായേലിനെതിരേ കോപം ജ്വലിച്ച കർത്താവ് അവരെ ഏല്പിച്ചു കൊടുത്തതാർക്ക്? കവർച്ചക്കാർക്ക് (ന്യായാ 2:14)

3. എപ്രകാരമാണ് ഇസ്രായേൽ കർത്താവിന്റെ മുൻപാകെ തിന്മ പ്രവർത്തിച്ചത്? തങ്ങളുടെ ദൈവമായ കർത്താവിനെ മറന്ന് ബാൽദേവ ന്മാരെയും അഷേരാപ്രതിഷ്ഠകളെയും സേവിച്ചതുകൊണ്ട് (ന്യായാ 3:7)

4. രാജാവ് എവിടെ ഇരിക്കുമ്പോഴാണ് "ദൈവത്തിൽനിന്നു നിനക്കായി ഒരു സന്ദേശം എന്റെ പക്കലുണ്ട്" എന്ന് ഏഹൂദ് പറഞ്ഞത്?
വേനൽക്കാല വസതിയിൽ (ന്യായാ 3:20)

5. എന്നുവരെ ഇസ്രായേലിൽ കൃഷിവലന്മാർ അറ്റുപോയിരുന്നുവെന്നാണ് ദബോറയുടെ കീർത്തനത്തിൽ കാണുന്നത്? ദബോറ ഇസ്രായേലിന്റെ മാതാവായിത്തീരുംവരെ (ന്യായാ 5:7)

6. ആകാശത്തിൽ യുദ്ധം ചെയ്തതെന്ത്? നക്ഷത്രങ്ങൾ (ന്യായാ 5:20)

7. എന്ത് ഇടിച്ചുനിരത്താനാണ് കർത്താവ് ഗിദെയോനോടു കല്പിച്ചത്?
അവന്റെ പിതാവുണ്ടാക്കിയിട്ടുള്ള ബാലിന്റെ യാഗപീഠം (ന്യായാ 6:25)

8. കടൽപ്പുറത്തെ മണൽപോലെ സംഖ്യാതീതമായിരുന്നതെന്ത്? മിദിയാൻ കാർ, അമലേക്യർ, പൗരസ്ത്യർ എന്നിവരുടെ ഒട്ടകങ്ങൾ (ന്യായാ 7:12)

9. ഗിദെയോൻ മുന്നൂറുപേരെ എത്ര ഗണമായാണ് തിരിച്ചത്?
മൂന്നു ഗണമായി (ന്യായാ 7:16)

10. ഷെക്കെംനിവാസികൾ അബിമെലക്കിന് കൊടുത്ത എഴുപതു വെള്ളി നാണയം അവർ എടുത്തത് എവിടെനിന്നാണ്? ബാൽബെറീത്തിന്റെ ക്ഷേത്രത്തിൽ നിന്ന് (ന്യായാ 9:4)

11. ജായിർ ഇസ്രായേലിൽ എത്ര വർഷം ന്യായപാലനം നടത്തി?
ഇരുപത്തിരണ്ടു വർഷം (ന്യായാ 10:3)

12. അമ്മോന്യർ യുദ്ധത്തിനൊരുങ്ങി താവളമടിച്ചതെവിടെ? ഗിലയാദിൽ (ന്യായാ 10:17)

13. അയൽക്കാരന്റെ ഉപജീവനമാർഗം തടയുന്നവൻ എന്താണു ചെയ്യുന്നത്?
അവനെ കൊല്ലുകയാണ് (പ്രഭാ 34:26)

14. ആരുടെ പ്രാർഥനയാണ് മേഘങ്ങൾ തുളച്ചുകയറുന്നത്?
വിനീതന്റെ പ്രാർഥന (35:21)

15. പ്രഭാ 36:5 നു സമാനമായ പഴയനിയമഭാഗമേത്?
1 രാജാ 8:43

16. ഉപദേശം ചോദിക്കരുതാത്തത് ആരോട്?
നിന്നെ സംശയിക്കുന്നവനോട് (പ്രഭാ 37:10)

17. പട്ടിണിയാണ് അവന്റെ അനുഭവം. അവൻ ആര്?
വാചാലതയുള്ളവൻ (പ്രഭാ 37:20)

18. കർത്താവ് നൽകിയ സിദ്ധികൾ മുഖേന മനുഷ്യൻ ചെയ്യുന്നതെന്ത്?
വേദനയകറ്റുകയും രോഗം സുഖമാക്കുകയും ചെയ്യുന്നു (പ്രഭാ 38:7)

19. ഇരുമ്പുപണിക്കാരന്റെ കണ്ണുകൾ എന്തിലാണു പതിയുന്നത്?
പണിത്തരങ്ങളുടെ രൂപഭംഗിയിൽ (പ്രഭാ 38:28)

20. അത്യുന്നതന്റെ നിയമങ്ങൾ പഠിക്കുന്നതിൽ താത്പര്യമുള്ളവൻ സ്വായത്തമാക്കുന്നതെന്ത്?
ഉപമകളുടെ നിഗൂഢതകളെ (പ്രഭാ 39:3)

21. ദുഷ്ടർക്കു കർത്താവിന്റെ മാർഗം എങ്ങനെയായിരിക്കും?
പ്രതിബന്ധങ്ങൾ നിറഞ്ഞത് (പ്രഭാ 39:24)

22. ശക്തി മുഴുവൻ ചൊരിഞ്ഞ് സ്രഷ്ടാവിന്റെ കോപം ശമിപ്പിക്കുന്നതെന്ത്?
പ്രതികാരത്തിനായി സൃഷ്ടിക്കപ്പെട്ട കാറ്റുകൾ (പ്രഭാ 39:28)

23. എന്താണ് ഭിക്ഷാടനത്തെക്കാൾ ഭേദം?
മരണം (പ്രഭാ 40:28)

24. പ്രഭാ 40:1 നു സമാനമായ ബൈബിൾഭാഗങ്ങൾ ഏവ?
ജോബ് 5:7, സഭാ 1:3

25. അപ്പസ്തോലന്മാരെ സുവിശേഷദൗത്യവുമായി അയയ്ക്കുന്നതിനു മുമ്പായി അവർ എന്തൊക്കെ സാധനങ്ങൾ യാത്രയ്ക്കു കരുതരുത് എന്നാണ് യേശു അരുൾചെയ്തത്? വടി, സഞ്ചി, അപ്പം, പണം, രണ്ട് ഉടുപ്പ് (ലൂക്കാ 9:3)

26. "ഗുരോ, നാം ഇവിടെ ആയിരിക്കുന്നതു നല്ലതാണ്." ആര് ആരോട് എപ്പോൾ പറഞ്ഞു? പത്രോസ്, യേശുവിനോട്. രൂപാന്തരീകരണത്തിനു ശേഷം അവർ പിരിഞ്ഞുപോകുമ്പോൾ (ലൂക്കാ 9:33)

27. ശിഷ്യന്മാരുടെ ഹൃദയവിചാരങ്ങൾ അറിഞ്ഞ യേശു ഒരു ശിശുവിനെ അടുത്തു നിർത്തി അവരെ ഉപദേശിച്ചു. അവരുടെ ഹൃദയവിചാരം എന്തായിരുന്നു? തങ്ങളിൽ വലിയവൻ ആരാണ് എന്ന് അവർ തർക്കിച്ചിരുന്നു (ലൂക്കാ 9:46)

28. ശിഷ്യനാകുന്നതിനുമുമ്പ് പിതാവിനെ സംസ്കരിക്കാൻ അനുവദിക്കണമെന്നു പറഞ്ഞവനോട് യേശു പറഞ്ഞതെന്ത്? "മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ; നീ പോയി ദൈവരാജ്യം പ്രസംഗിക്കുക." (ലൂക്കാ 9:60)

29. സുവിശേഷപ്രഘോഷണത്തിനായി ക്രിസ്തുശിഷ്യൻ ഏതെങ്കിലും ഗ്രാമത്തിൽ പ്രവേശിക്കുമ്പോൾ അവിടെയുള്ള രോഗികളെ സുഖപ്പെടുത്തിയശേഷം അവരോട് എന്താണു പറയേണ്ടത്? ദൈവരാജ്യം നിങ്ങളെ സമീപിച്ചിരിക്കുന്നു (ലൂക്കാ 10:9)

30. 72 ശിഷ്യന്മാർ മടങ്ങിയെത്തിയപ്പോൾ അവർ എന്തിലാണ് സന്തോഷിക്കേണ്ടത് എന്നാണ് യേശു പഠിപ്പിക്കുന്നത്? അവരുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ (ലൂക്കാ 10:20)

31. നല്ല സമരിയാക്കാരന്റെ ഉപമയിൽ അർദ്ധപ്രാണനായി വഴിയിൽ കിടക്കുന്നവനെ കണ്ടിട്ട് മറുവശത്തുകൂടെ കടന്നുപോയി എന്നു പറയുന്നതാരെക്കുറിച്ച്? പുരോഹിതൻ (ലൂക്കാ 10:31)

32. ലൂക്കായുടെ സുവിശേഷത്തിൽ യേശു കർത്തൃപ്രാർത്ഥന പഠിപ്പിച്ചത്

ആരെയാണ്? ശിഷ്യന്മാരെ (ലൂക്കാ11:1)

33. അശുദ്ധാത്മാവ് ഒരുവനെ വിട്ടുപോയാൽ അത് വരണ്ട സ്ഥലങ്ങളി ലൂടെ ആശ്വാസം തേടി അലഞ്ഞുനടക്കുന്നു. കണ്ടെത്താതെ വരുമ്പോൾ അവൻ ചെയ്യുന്നതെന്ത്? ഇറങ്ങിപ്പോന്ന ഭവനത്തിലേക്ക് തിരിച്ചു ചെല്ലുന്നു (ലൂക്കാ 11:24)

34. അവയിൽ ഒന്നുപോലും ദൈവസന്നിധിയിൽ വിസ്മരിക്കപ്പെടുന്നില്ലെന്ന് യേശു പറയുന്നത് ആരെക്കുറിച്ച്? കുരുവികളെക്കുറിച്ച് (ലൂക്കാ 12:6)

35. ഒരുവൻ എങ്ങനെയുള്ള ശിക്ഷാർഹമായ തെറ്റു ചെയ്യുമ്പോഴാണ് അവൻ ലഘുവായേ പ്രഹരിക്കപ്പെടുകയുള്ളുവെന്ന് യേശു അരുൾ ചെയ്യുന്നത്? അറിയാതെ ശിക്ഷാർഹമായ തെറ്റു ചെയ്തെങ്കിൽ (ലൂക്കാ 12:48)

36. പതിനെട്ടുവർഷം സാത്താൻ ബന്ധിച്ചിട്ടിരുന്നവളായ അബ്രാഹത്തിന്റെ ഈ മകളെ സാബത്തുദിവസം അഴിച്ചുവിടേണ്ടതില്ലേന്നോ എന്ന യേശുവിന്റെ ചോദ്യം കേട്ട് ലജ്ജിതരായത് ആര്? പ്രതിയോഗികൾ (ലൂക്കാ 13:17)

37. ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ പരിശ്രമിക്കുവിൻ എന്ന് യേശു അരുൾ ചെയ്തത് ഏതു ചോദ്യത്തിന് ഉത്തരമായാണ്? രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോയെന്ന ചോദ്യത്തിന് (ലൂക്കാ 13:23-24)

38. ഒരു സദ്യ നടത്തുമ്പോൾ എങ്ങനെയുള്ളവരെ ക്ഷണിക്കുവാനാണ് യേശു ഉപദേശിക്കുന്നത്? ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ (ലൂക്കാ 14:13)

39. യേശുവിന്റെ ശിഷ്യനായിരിക്കാൻ ആഗ്രഹിക്കുന്നവൻ എന്തു ചെയ്യണ മെന്നാണ് യേശു ആവശ്യപ്പെടുന്നത്? സർവ്വതും പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് യേശുവിന്റെ പിന്നാലെ ചെല്ലുക (ലൂക്കാ 14:26-27)

40. പിതാവിൽനിന്നു ലഭിച്ച സ്വത്തിന്റെ ഓഹരിയുമായി ദൂരദേശത്തെത്തിയ ഇളയമകൻ എല്ലാം ചെലവഴിച്ചുകഴിഞ്ഞപ്പോൾ ആ ദേശത്തിനും അവനും എന്തു സംഭവിച്ചു? ആ ദേശത്ത് കഠിനക്ഷാമമുണ്ടായി അവൻ ഞെരുക്കത്തിലായി (ലൂക്കാ 15:14)

41. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ ധനവാന് എത്ര സഹോദരന്മാരുണ്ട്? അഞ്ചു സഹോദരന്മാർ (ലൂക്കാ 16:28)

42. 2 കോറി 7:16 പ്രകാരം പൗലോസ് ശ്ലീഹാ സന്തോഷിക്കുന്നതിന് കാരണമെന്താണ്? പൗലോസ് ശ്ലീഹായ്ക്ക് കോറിന്തോസുകാരിൽ പരിപൂർണവിശ്വാസമുള്ളതിനാൽ (2 കോറി 7:16)

43. എന്തിനുവേണ്ടിയാണ് യേശുക്രിസ്തു ദരിദ്രനായത്? തന്റെ ദാരിദ്ര്യത്താൽ അവർ സമ്പന്നരാകാൻവേണ്ടി (2 കോറി 8:9)

44. എപ്രകാരം നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്? സന്തോഷപൂർവം നൽകുന്നവനെ (2 കോറി 9:7)

45. പൗലോസ് ശ്ലീഹായെക്കുറിച്ച് കോറിന്തോസുകാർ കരുതുന്നതെന്ത്? അടുത്തായിരിക്കുമ്പോൾ വിനീതനും അകന്നിരിക്കുമ്പോൾ തന്റേടിയുമെന്ന് (2 കോറി 10:1)

46. നിർമലയായ വധുവിനെ അവളുടെ ഭർത്താവിന് എന്നതുപോലെ കോറിന്തോസുകാരെ ക്രിസ്തുവിന് സമർപ്പിക്കേണ്ടതിന് പൗലോസ് ശ്ലീഹാ എന്താണ് ചെയ്തത്? ക്രിസ്തുവുമായി അവരുടെ വിവാഹനിശ്ചയം നടത്തി (2 കോറി 11:2)

47. എന്തിനുവേണ്ടിയാണ് തന്നെ ഭോഷനായിത്തന്നെ സ്വീകരിക്കുവാൻ പൗലോസ് ശ്ലീഹാ കോറിന്തോസുകാരോട് ആവശ്യപ്പെടുന്നത്? തനിക്കും അല്പം ആത്മപ്രശംസ ചെയ്യേണ്ടതിന് (2 കോറി 11:16)

48. പൗലോസ് ശ്ലീഹായെ പിടികൂടുന്നതിനുവേണ്ടി ദമാസ്ക്കസ് നഗരത്തിന് കാവലേർപ്പെടുത്തിയത് ആര്? അരേത്താസ് രാജാവിന്റെ ദേശാധിപതി (2 കോറി 11:32)

49. ആരെക്കുറിച്ചു താൻ അഭിമാനംകൊള്ളും എന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത്? പറുദീസായിലേക്ക് ഉയർത്തപ്പെട്ട മനുഷ്യനെക്കുറിച്ച് (2 കോറി 12:5)

50. തീർച്ചയായും താൻ കോറിന്തോസുകാർക്ക് ഒരു ഭാരമായിരിക്കുകയില്ല എന്നുപറയുന്ന പൗലോസ് ശ്ലീഹാ അതിനുകാരണമായി പറയുന്നതെന്ത്? ഞാൻ കാംക്ഷിക്കുന്നത് നിങ്ങളെയാണ്, നിങ്ങൾക്കുള്ളതല്ല (2 കോറി 12:14)

**ലോഗോസ് രൂപതാതല പരീക്ഷയ്ക്ക് ഈ ചോദ്യങ്ങൾ ഏറെ പ്രയോജനകരമാണ്**

വിധവകൾ നല്ല മനോഭാവം കാത്തുസൂക്ഷിക്കുന്നവർ, സഭയ്ക്ക് വിധവകളോടുള്ളത് പ്രത്യേക പരിഗണന:

# മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ




(കെസിബിസി യൂദിത്ത്-നവോമി ഫോറം സംസ്ഥാനതല സെമിനാർ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. റൂബി തോമസ്, ഫിലോമിന തോമസ്, ഫാ. ടോണി കോഴിമണ്ണിൽ, ഫാ. ഡോ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ, ഫാ ജോസ് കിഴക്കേൽ, സിസ്റ്റർ ലില്ലി ജോസഫ്, ഷെറിൾ ലൂയിസ്, ലിസി സെബാസ്റ്റ്യൻ, മരിയ എബ്രാഹം എന്നിവർ സമീപം)

കൊച്ചി: വിധവകൾ നല്ല മനോഭാവം കാത്തുസൂക്ഷിക്കുന്നവരെന്നും അവരുടെ നന്മയെയും ഉദാരമനോഭാവത്തെയും ദൈവം അറിയുകയും അനുഗ്രഹിക്കുകയും ചെയ്യുന്നുവെന്നും ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പറഞ്ഞു. വിധവകളുടെ മധ്യസ്ഥയായ വി. പൗളാദിന അനുസ്മരണത്തോടനുബന്ധിച്ചു കെസിബിസി യൂദിത്ത് -നവോമി ഫോറം പാലാരിവട്ടം പിഒസിയിൽ വച്ചു നടത്തിയ സംസ്ഥാനതല സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിധവകൾ പ്രത്യേകം പരിഗണന അർഹിക്കുന്നവരാണെന്ന ഫ്രാൻസിസ് മാർപാപ്പയുടെ വാചകങ്ങൾ അനുസ്മരിച്ചുകൊണ്ട് സഭ എക്കാലവും ആ പരിഗണനയും കരുതലും വിധവകൾക്ക് നൽകുന്നുണ്ട് എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി ഫാ. ഡോ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. കോതമംഗലം രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ ജോസ് കിഴക്കേൽ, റവ. ഫാ. ടോണി കോഴിമണ്ണിൽ ഡീൻ ഓഫ് സ്റ്റഡീസ്, പിടിഐ, കെസിബിസി യൂദിത്ത്-നവോമി ഫോറം പ്രസിഡന്റ് ശ്രീമതി ഫിലോമിന തോമസ്, വൈസ്പ്രസിഡന്റ് ശ്രീമതി ഷെറിൾ ലൂയിസ്, ജനറൽ സെക്രട്ടറി ശ്രീമതി മേരി ജോൺ, ആനിമേറ്റർ സിസ്റ്റർ ലില്ലി ജോസഫ് എന്നിവർ പ്രസംഗിച്ചു. “വൈധവ്യം പ്രകാശിതമാക്കാം” എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി ബീന ജോസഫ് ക്ലാസ്സ് നയിച്ചു.

സമീക്ഷകൻ

# വാഗ്ദാനങ്ങളുടെ വായ്ത്താരികൾ മാത്രം മതിയോ?

ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പുദിനം എത്തിക്കഴിഞ്ഞു. കേരള കത്തോലിക്കാ സഭ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് കെസിബിസി ജാഗ്രതാ കമ്മീഷൻ 2023 ഒക്ടോബർ 5ന് പിഒസിയിൽ സംഘടിപ്പിച്ച സെമിനാറിൽ പന്ത്രണ്ട് പ്രശ്ന മേഖലകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ ഈ പ്രശ്നങ്ങളിൽ കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങൾ ഇടപെടുകയും പരിഹാരം കാണുകയും ചെയ്തുവോയെന്ന വിശകലനം ഇപ്പോൾ അനിവാര്യമാണ്.

ന്യൂനപക്ഷാനുകൂല്യങ്ങൾ, ആരോഗ്യരംഗം, ജീവസംരക്ഷണ പ്രവർത്തനം, തീരദേശവാസികൾ, മലയോര കർഷക ജനത, ക്രൈസ്തവ വിരുദ്ധത, സ്പെഷ്യൽ മാര്യേജ് ആക്ട്, അഗതി മന്ദിരങ്ങൾ, ദളിത് ക്രൈസ്തവ സമൂഹം, സഭാ സന്ന്യാസ സമൂഹങ്ങൾ, തടവറ പ്രേഷിത പ്രവർത്തനം എന്നീ മേഖലകളുടെ തൽസ്ഥിതിയും പരിഹാര മാർഗങ്ങളും വിവരിച്ചുകൊണ്ടുള്ള ഒരു ലഘുലേഖ തന്നെ ഐക്യജാഗ്രതാ കമ്മീഷൻ അന്ന് പുറത്തിറക്കിയിരുന്നു.

2023 മെയ് മാസത്തിൽ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും സംസ്ഥാന മന്ത്രിസഭ ഇനിയും ഇത് പരിഗണനയ്ക്കെടുത്തിട്ടില്ല എന്നത് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പ്രതിഷേധാർഹമാണ്. കമ്മീഷൻ റിപ്പോർട്ട് സഭാ പ്രതിനിധികൾ തന്നെ പരിശോധിച്ച് പല നിർദ്ദേശങ്ങളിലെയും ക്രിസ്തീയ വിരുദ്ധ നിലപാടുകളും പോരായ്മകളും ഇതേ ലഘുലേഖയിൽ ഉൾപ്പെടുത്തുകയുമുണ്ടായി. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ വാഗ്ദാനങ്ങളുടെ വായ്ത്താരികൾക്കപ്പുറം ക്രിയാത്മകമായ ഇടപെടലുകൾ ക്രൈസ്തവർ പ്രതീക്ഷിക്കുന്നുണ്ട്.

**– ആന്റണി ചടയംമുറി –**


ഏഷ്യയിലെ പ്രമുഖ തീർത്ഥാടനകേന്ദ്രമായ
ഇടപ്പള്ളി പള്ളിയിൽ
വി. ഗീവർഗീസ് സഹദായുടെ തിരുനാൾ
കൊടിയേറ്റം
ഏപ്രിൽ 25
രൂപം
എഴുന്നള്ളിക്കൽ
മെയ് 1ന്
മെയ് 3,4 തീയതികളിൽ പ്രധാന തിരുനാൾ
എട്ടാമിടം മെയ് 10, 11 തീയതികളിൽ

TALENT April 2024
Total Pages : 68 PRICE per copy : Rs. 15

RNI No. KER/MAL/29523/78




# PASTORAL TRAINING INSTITUTE (P.T.I.), PALARIVATTOM, KOCHI.

## CERTIFICATE COURSE IN DIPLOMA ON MISSION WITNESSES OF MERCY

### COURSE DETAILS

- 12 Modules (One Year)
- Duration (2024–2025) June – March
- Every IInd Friday & Saturday of the month
- Rs. 1000/– per module

### OBJECTIVE

- Forming Mature Christian Leaders with Zeal for Evangelization

### DYNAMICS OF THE COURSE

- Skill Development - Personality Skills
- Psychological Skills
- Leaders Skill
- Role Plays
- Group Dynamics
- Spiritual Grooming
- Individual Attention
- Mission Visits

### FORMATION MODULE

- The Kerala and the Indian Context of Mission
- Scriptural and Magisterial Foundation of Mission and Evanglization
- Sacramental Life and Mission Dialogue as means of Evangelization
- Institutional and Charismatic Dimension of Mission and Evangelization (Charism and Ministry)
- Basics of Catechism of the Catholic Church
- The Theology of Christian Leadership

50 SEATS ONLY







2024–2025 ADMISSION OPEN

FOR REGISTRATION

9447441109
8113876979

Pastoral Orientation Centre, Secretariat, Kerala Catholic Bishops' Council,
Palarivattom, Kochi 682 025. e-mail : ptipoc@gmail.com


Printed and published by Fr. Jolly Vadakken for Talent Publication Society,
P.O.C., Palarivattom, Kochi - 682 025
Printed at Divine Printers, Muringoor, Chalakudy. Chief Editor : Fr. Tony Kozhimannil